# കാറളം ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ




OFFICE OF THE KARALAM GRAMA PANCHAYATH

1996 നവംബർ 24

92-1

## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി

### കാറളം ഗ്രാമപഞ്ചായത്ത്

### ഗ്രാമപഞ്ചായത്ത് വികസനസെമിനാർ

# സമഗ്ര വികസന രേഖ

# പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ

## 1977 - 79

| | | | |
|---|---|---|---|
| 1. | രാഘവൻ പുഴേക്കടവിൽ | : | പ്രസിഡണ്ട് |
| 2. | എം. കെ. ഉണ്ണി | : | വൈസ് പ്രസിഡണ്ട് |
| 3. | കെ. വി. രാമൻ | : | മെമ്പർ |
| 4. | പി.ആർ. ഗോപാലൻ | : | മെമ്പർ |
| 5. | കമലാ നാരായണൻ | : | മെമ്പർ |
| 6. | എൻ. ആർ. കോപ്പൻ | : | മെമ്പർ |
| 7. | സി. കമലാകരൻ | : | മെമ്പർ |
| 8. | ടി.യം. കുഞ്ഞുമുഹമ്മദ് | : | മെമ്പർ |

## 1979 - 88

| | | | |
|---|---|---|---|
| 1. | എൻ. എം. ബാലകൃഷ്ണൻ | : | പ്രസിഡണ്ട് |
| 2. | എൻ. മുകുന്ദൻ | : | വൈസ് പ്രസിഡണ്ട് |
| 3. | ടി.എ. ദിവാകരൻ | : | മെമ്പർ |
| 4. | സി.എസ്. സരസ്വതി | : | മെമ്പർ |
| 5. | ഒ.യം. ബാലൻ മാസ്റ്റർ | : | മെമ്പർ |
| 6. | പി.വി. വിദ്യാനന്ദൻ | : | മെമ്പർ |
| 7. | കെ. കെ. രാമൻ | : | മെമ്പർ |
| 8. | എൻ. ആർ. കോപ്പൻ | : | മെമ്പർ |
| 9. | കെ. എ. തോമാസ്സ് | : | മെമ്പർ |

## 1988 - 95

| | | | |
|---|---|---|---|
| 1. | ടി.എ. ദിവാകരൻ | : | പ്രസിഡണ്ട് |
| 2. | എ. കൃഷ്ണൻ കുട്ടി പണിക്കർ | : | വൈസ് പ്രസിഡണ്ട് |
| 3. | കെ. ആർ. അശോകൻ | : | മെമ്പർ |
| 4. | ചന്ദ്രമതി രാഘവൻ | : | മെമ്പർ |
| 5. | കെ. ഐ. വത്സല | : | മെമ്പർ |
| 6. | വി.ജി. സത്യൻ | : | മെമ്പർ |
| 7. | എം.കെ. ദേവദാസ് | : | മെമ്പർ |
| 8. | എൻ. ആർ. കോപ്പൻ | : | മെമ്പർ |
| 9. | എൻ. എം. ബാലകൃഷ്ണൻ | : | മെമ്പർ |

## ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

(1995 മുതൽ)

| പേര് | വാർഡ് |
|---|---|
| ചന്ദ്രമതി രാഘവൻ | I |
| എ.ആർ. ശേഖരൻ | II |
| കെ.എൻ. അരുൺ പ്രകാശ് | III |
| ടി.ആർ. സിദ്ധാർത്ഥൻ | IV |
| പി. മധുസൂദനൻ, സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | V |
| പി.കെ. ചന്ദ്രബോസ് | VI |
| കെ. വി. കൗസല്ല്യടീച്ചർ, പ്രസിഡണ്ട് | VII |
| രമ ഉണ്ണി | VIII |
| എൻ. ആർ. കോച്ചൻ, വൈസ് പ്രസിഡണ്ട് | IX |

## കാറളം ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

## 1996

❄ പഞ്ചായത്തിൻെറ പേര് : കാറളം ഗ്രാമ പഞ്ചായത്ത്

❄ ബ്ലോക്ക് പഞ്ചായത്ത് (ഡിവിഷൻ) : കാറളം, കാട്ടൂർ

❄ ബ്ലോക്ക് പഞ്ചായത്ത് : ഇരിങ്ങാലക്കുട

❄ താലൂക്ക് : മുകുന്ദപുരം

❄ അംബ്ലി മണ്ഡലം : ഇരിങ്ങാലക്കുട

❄ വിസ്തീർണ്ണം : 17.79 ച. കി. മി.

❄ അതിരുകൾ

- വടക്ക് : കരുവന്നൂർ പുഴ
- കിഴക്ക് : പൊറത്തിശ്ശേരി പഞ്ചായത്ത്
- തെക്ക് : ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയും പടിയൂർ പഞ്ചായത്തും
- പടിഞ്ഞാറ് : കാട്ടൂർ പഞ്ചായത്ത്

❄ ജനസംഖ്യ : 18,359 (1991)

❄ വാർഡുകൾ : 9

❄ പ്രസിഡണ്ടിൻെറ പേര് : കെ. വി. കൗസല്ല്യ ടീച്ചർ

❄ വൈസ് പ്രസിഡണ്ട് : എൻ. ആർ. കോച്ചൻ

❄ സ്റ്റാൻറിംങ്ങ് കമ്മിറ്റി ചെയർമാൻ : പി. മധുസൂദനൻ

# കാറളം ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

1977ന് മുമ്പ് അവിഭക്ത കാട്ടൂർ പഞ്ചായത്തിൻെറ ഭാഗമായിരുന്നു. കാറളം ഗ്രാമപഞ്ചായത്ത് കാറളം വില്ലേജ് പൂർണ്ണമായും മനവലശ്ശേരി വില്ലേജിൻെറ വടക്കുഭാഗവും ഉൾക്കൊള്ളുന്നതാണ്.

ദേശീയ വിമോചന പ്രസ്ഥാനം ഈ പഞ്ചായത്തിൽ സ്വാധീനം ചെലുത്തുന്നതിനു മുമ്പു തന്നെ ശ്രീനാരായണ പ്രസ്ഥാനവും, പുലയ മഹാസഭയുടെ പ്രവർത്തനവും, നായർ സർവ്വീസ് സൊസൈറ്റി സ്വാധീനവും, സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചരുന്നു. അക്കാലങ്ങളിൽ ചേർപ്പ്, ഇരിങ്ങാലക്കുട പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തിയിരുന്ന വിദ്യാർത്ഥികളിലൂടെയാണ് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് വേരോട്ടം ലഭിച്ചത്. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഇതിൻെറ സ്വാധീനം ഗണ്യമായി പ്രതിഫലിച്ചിരുന്നു. ഇതോടനുബന്ധിച്ച് സാമൂഹ്യഅനാചാരങ്ങൾക്കും, ജാതിചിന്തകൾക്കും എതിരായ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി. ഇതിൻെറ ഭാഗമായി പലഭവനങ്ങളിലും ഖാദി നൂൽ നൂൽപ്പു കേന്ദ്രങ്ങൾ തുടങ്ങുകയും, പന്തിഭോജനം മുതലായ പരിഷ്ക്കാരപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. തുടർന്ന് രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങൾ വളരെ സജീവമായിരുന്നു.

അക്കാലത്ത് ഗ്രേഡ് യൂണിയൻ കർഷകപ്രസ്ഥാനങ്ങളൊന്നും സജീവമായിരുന്നില്ല. എങ്കിൽ തന്നെയും ഭൂമിക്കുവേണ്ടിയുള്ള സമരവും, പാട്ടവ്യവസ്ഥയ്ക്ക് എതിരായ ഒറ്റപ്പെട്ട ചെറുത്തുനിൽപ്പുകളും ഉണ്ടായിട്ടുണ്ട്. 90 % ഭൂമിയും ഏതാനും ചില ജന്മികുടുംബങ്ങളുടെ കൈവശത്തിലായിരുന്നു. പിന്നീട് നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമം മൂലം ബഹു ഭൂരിപക്ഷം വരുന്ന സാധാരണക്കാരും കർഷകതൊഴിലാളികളും ഭൂവുടമകളായി മാറി.

ഉദ്ദേശം 70 വർഷങ്ങൾക്കുമുമ്പു തന്നെ കാറളം, കിഴുത്താണി, വെള്ളാനി എന്നീ സ്ഥലങ്ങളിൽ എൽ. പി. സ്കൂളുകൾ പ്രവർത്തിച്ചിരുന്നു. ഉയർന്ന പഠനത്തിന് പ്രധാനമായും ഇരിങ്ങാലക്കുട, ചേർപ്പ്, തുടങ്ങിയ സ്ഥലങ്ങളിലെ സ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. 1955ൽ ആരംഭിച്ച യു.പി. സ്കൂളാണ് കാറളം ഹൈസ്കൂളായും ഇപ്പോൾ VHS ആയും ഉയർത്തപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിലെ പ്രധാന സ്കൂൾ. വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിൽ ആയിരുന്ന ഈ പ്രദേശം മേൽപറഞ്ഞ സ്കൂളിൻെറ ആരംഭത്തോടെ മറ്റു പ്രദേശങ്ങളോടൊപ്പം ഉയർന്നുവന്നിട്ടുണ്ട്.

കാറളം, വെള്ളാനി, കിഴുത്താണി എന്നീ പ്രദേശങ്ങളിൽ നിലനിന്നിരുന്ന വായനശാലകളും, കലാസമിതികളും, മഹിളാസമാജങ്ങളും, സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് ശ്രദ്ധേയമായ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ സംരംഭവുമായി ബന്ധപ്പെട്ടിരുന്ന പലരും പിന്നീട് പ്രശസ്തരായ സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരുമായി ഉയർന്നിട്ടുണ്ട്.

ചരക്കുഗതാഗതം പ്രധാനമായും ജലമാർഗ്ഗത്തിലൂടെയായിരുന്നു. ഉല്പന്നങ്ങളുടെ വിപണിയായി എടത്തിരുത്തി ചന്തയെയാണ് ആശ്രയിച്ചിരുന്നത്. ഗതാഗതത്തിൻെറ കാര്യത്തിൽ വളരെ പിന്നോക്കാവസ്ഥയിൽ ആയിരുന്ന ഈ പ്രദേശത്ത് കാറളം ഇരിങ്ങാലക്കുട റോഡിൽ പുല്ലത്തറ ഭാഗത്തുണ്ടായിരുന്ന തോടിനുകുറുകെ പാലം നിർമ്മിച്ചത് ബ്രിട്ടീഷ് ഭരണകാലത്താണ്. ഇപ്പോൾ ഗതാഗതംവളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ഒരു ദ്വീപിൻെറ സ്വഭാവമായിരുന്ന കാറളം പ്രദേശം പുതുതായി നിർമ്മിക്കപ്പെട്ട നിരവധി റോഡുകളുടെ ഫലമായി മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടുവാൻ സ്വാധീനിച്ചിട്ടുണ്ട്.

1960കളിലാണ് ഇവിടെ ആദ്യമായി വൈദ്യുതി എത്തിയത്. ഇന്നിപ്പോൾ പഞ്ചായത്തിൻെറ മിക്കഭാഗത്തും വൈദ്യുതി എത്തിയിട്ടുണ്ട്.

ആദ്യകാലം തന്നെ താണിശ്ശേരി, കാറളം എന്നിവിടങ്ങളിൽ പോസ്റ്റാഫീസ് പ്രവർത്തിച്ചിരുന്നു. ഇപ്പോൾ വെള്ളാനിഭാഗത്തും പോസ്റ്റാഫീസ് ഉണ്ട്. 1980കളിലാണ് ടെലിഫോൺ ആദ്യമായി പഞ്ചായത്ത് പ്രദേശത്ത് എത്തിയത്. ഇപ്പോൾ പഞ്ചായത്തിൻെറ മിക്കപ്രദേശങ്ങളിലും ഫോൺ സൗകര്യമുണ്ട്.

വ്യത്യസ്തമതവിഭാഗങ്ങളിൽപ്പെട്ടവർ സൗഹാർദ്ദപരമായി താമസിച്ചുവരുന്ന ഈ പഞ്ചായത്തിൽ ശ്രദ്ധേയമായ ആരാധനാലയങ്ങൾ ഒട്ടേറെയുണ്ട്. കുമരഞ്ചിറ, കൈനില, ചെമ്മണ്ട, വെള്ളാനി, കല്ലട, പത്തനാപുരം, ഹരിപുരം, തുടങ്ങിയ ക്ഷേത്രങ്ങളും നിരവധി കാവുകളും, കാറളം, ചെമ്മണ്ട, വെള്ളാനി, എന്നിവിടങ്ങളിലെ

കൃസ്ത്യൻ പള്ളികളും, കാറളം, താണിശ്ശേരി എന്നിവിടങ്ങളിലെ ജുമാ മസ്ജിദുകളും മതസൗഹാർദ്ദത്തിലെ ഉത്തമ നിദർശനങ്ങളാണ്.

1977ൽ രൂപീകൃതമായ ഈ പഞ്ചായത്തിൽ 9 വാർഡുകളുണ്ട്. തിരഞ്ഞെടുക്കപ്പെട്ട മൂന്നാമത്തെ ഭരണസമിതിയാണ് ഇപ്പോൾ ഭരിച്ചുവരുന്നത്.

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കാറളം ഗ്രാമപഞ്ചായത്തിനെ നാലായിതിരിക്കാം.

1. കുന്നിൻ പ്രദേശം
2. കുന്നിൻ ചെരിവുകൾ
3. കോൾ നിലങ്ങൾ
4. സമതല പ്രദേശങ്ങൾ

***1. കുന്നിൻ പ്രദേശം :***

ഗ്രാമപഞ്ചായത്തിൻെറ വടക്കു ഭാഗവും, മദ്ധ്യഭാഗവും ഉയർന്ന പ്രദേശമാണ്. കാറളത്തുള്ള മേച്ചേരിക്കുന്ന്, വെള്ളാനിയിലുള്ള കോഴിക്കുന്ന്, ചെമ്മണ്ടക്കുന്ന്, പുല്ലത്തറ എന്നിവ ചരൽ നിറഞ്ഞ ചെമ്മണ്ണ് പ്രദേശമാണ്. വെള്ളാനിക്കുന്നിലെ ചില പ്രദേശങ്ങളൊഴിച്ച് എല്ലാ പ്രദേശങ്ങളും അധിവാസകേന്ദ്രങ്ങളാണ്.

***2. കുന്നിൻ ചെരിവുകൾ :***

ഉയർന്ന പ്രദേശങ്ങളുടെ ചെരുവുകളിൽ, തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് തുടങ്ങിയ കൃഷികൾ ചെയ്തുവരുന്നു. വളക്കുറുകുറഞ്ഞ ചരൽ നിറഞ്ഞ ചെമ്മണ്ണായതുകൊണ്ട് ജൈവവളങ്ങൾ ധാരാളം ഉപയോഗിക്കേണ്ടിവരുന്നു. ഇവിടെയും വീടുകൾ ധാരാളമുണ്ട്.

***3. കോൾ നിലങ്ങൾ :***

450 ഒളം ഹെക്ടർ നിലം എക്കൽ നിറഞ്ഞ മണ്ണാണ്. കരുവന്നൂർ പുഴയുടെ വരദാനമായ ഈ വയലുകളിൽ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഏർപ്പെടുത്തിയതിൻെറ ഫലമായി ഉൽപാദനക്ഷമതയിൽ മുന്നിട്ടുനില്ക്കുന്നു. ഹെക്ടറിനു 4 ടണ്ണോളം നെല്ല് ഉല്പാദിപ്പിക്കുന്നുണ്ട്.

***4. സമതല പ്രദേശം :***

തെക്ക്, കിഴുത്താണി താണിശ്ശേരി, പ്രദേശം മണൽ മണ്ണ് നിറഞ്ഞ സമതല ഭൂമിയാണ്. വളക്കൂറില്ലാത്ത ഇവിടെ കരപ്രദേശത്ത് തെങ്ങ്, കവുങ്ങ് തുടങ്ങിയ ഫലവൃക്ഷങ്ങളും, വയലുകളിൽ വിരിപ്പ് മുണ്ടകൻ കൃഷികളുമാണ് നടത്തുന്നത്. ഫലഭൂയിഷ്ടി കുറഞ്ഞ മണ്ണായതുകൊണ്ട് ഉൽപാദനക്ഷമത കുറവാണ്.

## ജനങ്ങൾ

**1991ലെ കാനേഷുമാരി കണക്ക് അനുസരിച്ച്**

| | | |
|---|---|---|
| ഈ പഞ്ചായത്തിലെ ജനസംഖ്യ | : | 18359 |
| പുരുഷന്മാർ | : | 8523 |
| സ്ത്രീകൾ | : | 9836 |
| ജനസാന്ദ്രത | : | 1032 |
| സാക്ഷരത | : | 89.2 % |

## പഞ്ചായത്തിലെ തൊഴിൽ മേഖല

| തൊഴിൽ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| നെൽകൃഷി | 1000 | 188 |
| കർഷകതൊഴിലാളികൾ | 90 | 280 |
| മത്സ്യമേഖല | 100 (ഭാഗികം) | 20 |
| മൃഗസംരക്ഷണം | 80 (ഭാഗികം) | 40 (ഭാഗികം) |
| ഓട്ടോറിക്ഷാ ഡ്രൈവർമാർ | 100 | ഇല്ല |
| ടാക്സി ഡ്രൈവേഴ്സ് | 25 | ഇല്ല |
| കെട്ടിട റോഡു നിർമ്മാണം | 120 | 40 |
| മറ്റു മേഖലയിൽ തൊഴിൽ ചെയ്യുന്നവർ | 150 | 50 |
| ആകെ | 1665 | 618 |

# കൃഷി

ഈ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷി നെല്ല്, തെങ്ങ്,കവുങ്ങ്, വാഴ, കുരുമുളക്, കശുമാവ്, പയറു വർഗ്ഗങ്ങൾ പച്ചക്കറികൾ തുടങ്ങിയവയാണ്.

കാറളം പഞ്ചായത്തിൽ ആകെ 1,306.9 ഹെക്ടർ സ്ഥലം കൃഷിക്കായി ഉപയോഗിക്കുന്നുണ്ട്. നെൽകൃഷി 652.2 ഹെക്ടറിലും തെങ്ങ് കൃഷി 654.7 ഹെക്ടറിലും കൃഷി ചെയ്യുന്നു. 102.2 ഹെക്ടർ സ്ഥലത്ത് വിരിപ്പ് കൃഷി യും 314.2 ഹെക്ടറിൽ മുണ്ടകൻ കൃഷിയും 238 ഹെക്ടറിൽ പുഞ്ചയും കൃഷി ചെയ്യുന്നു. പഞ്ചായത്തിൽ ആകെ 195.8 ഹെക്ടർ സ്ഥലത്ത് മാത്രമാണ് ഇരിപ്പൂ കൃഷി നടത്തുന്നത്. പഞ്ചായത്തിൽ ആകെയുള്ള നെൽകൃഷിക്കാ രുടെ എണ്ണം 1,188 ആണ്.

നെൽകൃഷിക്ക് 13 പാടശേഖരങ്ങളും ഗ്രൂപ്പ് ഫാമിങ്ങ് പിന്തുടർന്നു വരുന്നു. പാടശേഖരങ്ങളുടെ വിവരങ്ങൾ പട്ടിക-1ൽ ചേർക്കുന്നു.

(പട്ടിക 1 പേജ് നംമ്പർ 10 കാണുക)

കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കുറെയേറെ നിലങ്ങൾ നികത്തി തെങ്ങിൻ തോപ്പുകളും പുരയിടങ്ങളു മാക്കി മാറ്റിയിട്ടുണ്ട്. ഇതുമൂലം പല പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. കൃഷിയിടങ്ങൾ നികത്തുന്നതു മൂലം പല നീർച്ചാലുകളും അടഞ്ഞു പോയിട്ടുണ്ട്.

കാറളം പഞ്ചായത്തിലെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി 37.96 ഹെക്ടറിൽ 15 വർഷങ്ങൾക്കു മുമ്പ് പണിതുടങ്ങിയ KLDC കനാൽ ബണ്ടിൻെറ പണി ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടി ല്ല. ഇതുകൊണ്ടുതന്നെ കാറളംപഞ്ചായത്തിലെ നെൽകൃഷി മേഖലയുടെ വികസനം വഴിമുട്ടിനിൽക്കുകയാണ്. K.L.D.C. ബണ്ട് പൂർത്തീകരിക്കുകയാണെങ്കിൽ ഇന്ന് ഒരുപ്പൂ കൃഷി മാത്രം നടത്തുന്ന 250 ഹെക്ടറിലധികം സ്ഥലത്ത് ഇരുപ്പൂ കൃഷി നടത്തുവാൻ കഴിയും. അങ്ങിനെ നെല്ലുല്പാദനം 700 ടണ്ണിലേറെ വർദ്ധിപ്പിക്കാനും കഴി യും. ഇത്രയും നെല്ലുല്പാദിപ്പിക്കാൻ കഴിയുകയാണെങ്കിൽ ഇപ്പോൾ തന്നെ ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തമായ നമ്മുടെ പഞ്ചായത്തിനെ മിച്ച പഞ്ചായത്താക്കി മാറ്റാൻ കഴിയും.

K.L.D.C. കനാൽ പണി പൂർത്തികരിക്കുകയാണെങ്കിൽ കൊടിയ വേനലിൽ പോലും 10 അടി ഉയരത്തിൽ വെള്ളം സംഭരിക്കാൻ കഴിയും. ഈ വെള്ളം ലിഫ്റ്റ് ഇറിഗേഷൻ വഴി കാറളം പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിലേക്ക് എത്തിക്കുകയാണെങ്കിൽ തെങ്ങു കൃഷിക്കും പച്ചക്കറി കൃഷിക്കും ഉപയോഗപ്പെടുത്താൻ കഴിയും.

മുൻ കാലങ്ങളിൽ പാടശേഖരങ്ങളിൽ മൂന്നാം വിളയായി പച്ചക്കറികൾ നടാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് കകൃഷിയിടത്തിൻെറ 5% ത്തിൽ താഴെയായി ചുരുങ്ങിയിട്ടുണ്ട്. ഇത്തരം കൃഷിക്ക് പ്രോത്സാഹനം കൊടുക്കുകയാണെങ്കിൽ പച്ചക്കറിയുടെ കാര്യത്തിലും പഞ്ചായത്തിന് കാര്യമായ നേട്ടമുണ്ടാക്കാൻ കഴിയും.

കരപ്രദേശങ്ങളിൽ പ്രധാനമായും തെങ്ങു കൃഷിയാണ്. ഇവിടെ ഇടവിളയായി പച്ചക്കറി കൃഷി നടത്തു വാൻ വേണ്ട ശ്രമം നടത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ജലസേചന മാർഗ്ഗമായി മുഖ്യമായും തോടുകളെയും കുളങ്ങളെയുമാണ് ആശ്രയി ക്കുന്നത്. പഞ്ചായത്തിലാകെ 29.249 ഹെക്ടർ സ്ഥലം തോടുകളാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ മനവലശ്ശേരി കടുവാക്കുഴിതോട്, കാറളം - വെള്ളാനിപ്പാടം തോട് കാറളം - ചെങ്ങാനിപ്പാടം, തോട്, കാറളം - കുമരഞ്ചിറതോട്, കാറളം ആവൽച്ചിറക്കോട - പള്ളപ്പാടം - തന്തോഴിതോട്, കാറളം - മനവലശ്ശേരി തോട് തുടങ്ങി യവയാണ്.

പഞ്ചായത്തിൽ കുളങ്ങളുടെ ആകെവിസ്തീർണ്ണം 3.422 ഹെക്ടറാണ്. തോടുകൾ പ്രധാനമായും അധി കജലം ഒഴുക്കികളയുന്നതിനുവേണ്ടിയാണ്. ഫ്യൂഡൽ കാലഘട്ടങ്ങളിൽ തോടുകളുടെ സംരക്ഷണം ജന്മിമാരു ടെയും കുടിയാന്മാരുടെയും ചുമതലയായിരുന്നെങ്കിൽ ഇന്ന് അത്തരത്തിലുള്ള വ്യവസ്ഥാപിത സംവിധാനങ്ങ ളൊന്നുമില്ല. പുതിയ നിയമപ്രകാരം ഇവ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. എന്നാൽ വേണ്ടപ്രകാരം സംരക്ഷിക്കു

പട്ടിക - 1

## വിളവെടുപ്പിൻെറ ഇനവിവരം

| | പേര് | വിസ്തീർണ്ണം | വിരിപ്പ് Hector | ശരാശരി വിളവ് ഹെക്ടറിന് Ton | മുണ്ടകൻ Hector | വിളവ് Ton | പുഞ്ച Hector | വിളവ് Ton | ആകെ ശരാശരി വിളവ് Hector | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| 1. | തൃത്താണി തണ്ടോഴി പാടശേഖര സമൂഹം | 48 Hector | 48 | 2 | 48 | 2.85 | -- | -- | 4.85 | 124 |
| 2. | കല്ലട പാടശേഖര കൂട്ടുകൃഷി സംഘം | 41.6 | 41.6 | 2 | 41.6 | 2 | -- | -- | 4 | 84 |
| 3. | കോട്ടപ്പാടം കർഷകസംഘം | 12.7 | 12.2 | 2 | 12.2 | 2 | 4 | 34 | | |
| 4. | കാട്ടൂർ തെക്കുംപാടം കൂട്ടുകൃഷി സംഘം | 55.1 | -- | -- | 55.1 | 2.5 | -- | -- | 2.5 | 115 |
| 5. | ഇല്ലിക്കൽ പാടശേഖര കർഷക സംഘം | 16.5 | -- | -- | 16.5 | 2.5 | -- | -- | 2.5 | 41 |
| 6. | ചെങ്ങാനിപ്പാടം നെല്ലുൽപാദക സമൂഹം | 21 | -- | -- | 21 | 3 | 18 | 3.5 | 6.5 | 70 |
| 7. | പാവടി ആവൽച്ചിറ കർഷക സമിതി | 24 | -- | -- | -- | -- | 24 | 3.5 | 3.5 | 76 |
| 8. | പുളിയംപാടം ഈസ്റ്റ് നെല്ലുൽപാദക സംഘം | 57 | -- | -- | -- | -- | 57 | 3.5 | 3.5 | 192 |
| 9. | പുളിയംപാടം ബസ്റ്റ് നെല്ലുൽപാദക സംഘം | 65 | -- | -- | -- | -- | 65 | 4 | 4 | 215 |
| 10. | കടുമ്പാട്ടുപാടം കൃഷി വികസന ക്ലബ്ബ് | 40 | -- | -- | 40 | 2.5 | 16 | 2.5 | 5 | 40 |

[illegible] പഞ്ചായത്തിന് മതിയായ സാമ്പത്തിക ശേഷി ഇല്ലാത്തതിനാൽ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ തോടുകൾ പലതും നികത്തപ്പെടുകയോ കയ്യേറ്റം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. കാടുപിടിച്ചും ബണ്ടുകൾ ഇടിഞ്ഞും നീർക്കെട്ട് വർദ്ധിക്കുവാൻ ഇടയാവുകയും ചെയ്തിട്ടുണ്ട്. വയൽപ്രദേശങ്ങളിലൂടെയുള്ള റോഡ് നിർമ്മാണവും വയൽ നികത്തി പുരയിടമാക്കുന്നതും തോടുകളുടെ നിരൊഴുക്കിനെ തടസ്സപ്പെടുത്തുന്ന കാരണങ്ങളാകാറുണ്ട്.

പഞ്ചായത്തിൽ ചെറുകയട കർഷകരാണ് ഭൂരിപക്ഷവും. അതുകൊണ്ടുതന്നെ കൃഷിഭൂമി തുണ്ടു തുണ്ടുകളാക്കിയുള്ള കൃഷി രീതിയാണ് തുടർന്നുവരുന്നത്. ഇക്കാരണത്താൽ നൂതന സാങ്കേതിക മാർഗ്ഗങ്ങൾ കാർഷിക രംഗത്ത് ആവിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല.

നെൽകൃഷി ലാഭകരമല്ലാത്ത മേഖലയായി മാറിയിരിക്കുന്നതിനാൽ പുതിയ തലമുറയിലെ ചെറുപ്പക്കാർ കാർഷികരംഗത്തേക്ക്കടന്നുവരാൻ വിമുഖത കാട്ടുന്നു. മറ്റു തൊഴിൽ മേഖലകളിലേക്ക് (കെട്ടിടനിർമ്മാണം, മറ്റു കൈത്തൊഴിലുകാം) പോകുകയാണ്. ഇതുമൂലം കാർഷിക മേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കാർഷികമേഖലയിൽ സ്ത്രീകൾക്ക് 40-50 രൂപ വീതവും പുരുഷന്മാർക്ക് 80-100 രൂപയും വീതമാണ് കൂലി ലഭിക്കുന്നത്.

പഞ്ചായത്തിൽ ആകെ 654.7 ഹെക്ടർ സ്ഥലത്താണ് തെങ്ങുകൃഷി ചെയ്യുന്നത്. പഞ്ചായത്തിലാകെ 1,77,084 തെങ്ങുകളുണ്ട്. ഇതിൽ കാറ്റുവീഴ്ച രോഗം മൂർച്ചിച്ച 3,925 തെങ്ങുകളും രോഗം ആരംഭിച്ച 14,743 തെങ്ങുകളുമുണ്ട്. രോഗമില്ലാത്ത തെങ്ങുകളുടെ എണ്ണം, 1,59,116 ആണ്. തെങ്ങൊന്നിന് ശരാശരി ഉത്പാദനം 35 നാളികേരമാണ്. ഒരു ഹെക്ടർ സ്ഥലത്ത് 175 തെങ്ങുകൾ എന്നതിനു പകരം നമ്മുടെ പഞ്ചായത്തിൽ ഹെക്ടറിൽ 202.02 തെങ്ങുകൾ ഉള്ളതായി കാണാം. ഇത് ഉത്പാദനക്ഷമത കുറയുന്നതിന് ഒരു കാരണമാണ്.

സമഗ്ര നാളികേരവികസന പദ്ധതി അനുസരിച്ച് കാറ്റുവീഴ്ച ബാധിച്ച രണ്ടായിരത്തി എഴുന്നൂറു തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. വെട്ടി മാറ്റുന്ന ഓരോ തെങ്ങിനും 200/-കയാണ് സഹായധനമായി നൽകുന്നത്. ഈ പദ്ധതി അഞ്ചു വർഷത്തേക്ക് കൂട്ടിയെങ്കിലും തുടരേണ്ടതാണ്. സഹായധനം എന്നതുമാറ്റി നഷ്ടപരിഹാരം എന്നനിലയിൽ തുക വർദ്ധിപ്പിക്കേണ്ടതാണ്. ഓരോ വാർഡിലും പ്രത്യേകം നാളികേര വികസന സമിതികൾ രൂപീകരിച്ച് രോഗപ്രതിരോധത്തിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി 1991 വരെ നടത്തിയ പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു. തുടർന്ന് പഞ്ചായത്തിൽ ഒരു നാളികേര വികസന സമിതി എന്ന സമ്പ്രദായം നടപ്പിലായപ്പോൾ 1,77,084 തെങ്ങുകളുള്ള ഈ പ്രദേശത്ത് തെങ്ങുകൃഷിയിൽ ഉത്പാദനക്ഷമത കുറയുകയും രോഗം മൂർച്ഛിക്കുകയും ചെയ്തിരിക്കുന്നു. താഴെ പട്ടിക കാണുക

| വർഷം | വെട്ടിമാറ്റിയ തെങ്ങുകൾ |
|---|---|
| 1994-95 | 700 |
| 1995- 96 | 1,600 |
| 1996 - 97 | 800 പ്രതീക്ഷിക്കുന്നത് |

പഞ്ചായത്തിൽ ഒരു നാളികേര വികസന സമിതി മാത്രം ഉള്ളതുകൊണ്ട് എല്ലാ തെങ്ങുകൾക്കും ബോർഡോ മിശ്രിതം തെളിക്കുന്നതിനോ രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനോ സമിതിയ്ക്ക് നേതൃത്വം കൊടുക്കുവാൻ കഴിയുന്നില്ല.

സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം 30 സെന്റോ കൂടുതലോ കൃഷി നടത്തുന്ന തെങ്ങുകർഷകർക്ക് പമ്പുസെറ്റ് വാങ്ങുന്നതിനും കിണർ കുഴിക്കുന്നതിനും 2,500 രൂപ വീതം സബ്സിഡി നൽകുന്നു. ഇതനുസരിച്ച് കിണറുകൾ നിർമ്മിക്കുകയും, മോട്ടോർപമ്പുസെറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

പുതുതായി തെങ്ങുകൃഷി നടത്തുന്നതിന് ഹെക്ടർ ഒന്നിന് 6,000 രൂപ സബ്സിഡി നൽകുന്നു. കൃഷിഭവൻ മുഖേന സബ്സിഡി നിരക്കിൽ രാസവളങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഇതിന്റെ ഗുണനിലവാരം പരിശോ

ധിക്കുന്നതിനുള്ള സംവിധാനങ്ങൾ കൃഷി ഭവനിൽ ഇല്ലാത്തതുകൊണ്ടു പലപ്പോഴും പഴകിയതും ഗുണനിലവാരം കുറഞ്ഞതുമായ രാസവളങ്ങളാണ് കൃഷിക്കാർക്ക് ലഭിക്കുന്നതെന്ന് പരാതികളുണ്ട്. സമഗ്ര നാളികേര വികസന പദ്ധതി അനുസരിച്ച് 95-96 ൽ 11,835 തെങ്ങിനും, 96-97ൽ 10,020 തെങ്ങിനുമാണ് വളം സബ്സിഡി നിരക്കിൽ ലഭിച്ചിട്ടുള്ളത്.

കീടനാശിനികൾ കൃഷിഭവൻ ആഫീസറുടെ നിർദ്ദേശപ്രകാരം മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ എന്നു വ്യവസ്ഥ വെക്കേണ്ടതാണ്. മണ്ണു പരിശോധന കാര്യക്ഷമമാക്കുവാൻ ഉള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ജലസേചന സൗകര്യം ഏർപ്പെടുത്തുക, രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുക, എന്നിവ പിൻതുടരുകയാണെങ്കിൽ ഉത്പാദനക്ഷമത തെങ്ങൊന്നിന് 40 നാളികേരമാക്കി ഉയർത്തുവാൻ സാധിക്കും.

ഈ പഞ്ചായത്തിൽ കൃഷിഭവൻ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൃഷി ആഫീസറെ കൂടാതെ 3 കൃഷി അസിസ്റ്റൻറുമാരാണ് ആകെ സ്റ്റാഫായി ഉള്ളത്. 18 ചതുരശ്ര കിലോമീറ്ററോളം വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ കൃഷി സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുവേണ്ട വാഹനസൗകര്യം ലഭിക്കുന്നില്ല. കൃഷി അസിസ്റ്റൻറുമാരുടെ എണ്ണം വർദ്ധിപ്പിക്കുകയും കൃഷി സ്ഥല സന്ദർശനത്തിന് കൂടുതൽ സമയം ഉപയോഗിക്കുകയും വേണം. കൃഷിഭവൻ ഉദ്യോഗസ്ഥന്മാർക്ക് ഇന്നു നൽകുന്ന കൺവെയൻസ് അലവൻസ് വർദ്ധിപ്പിക്കുകയോ വാഹനസൗകര്യം ഏർപ്പെടുത്തുകയോ വേണം.

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകൾ മഹിളാസമാജങ്ങൾ എന്നിവയിലൂടെ നടത്തിയ പദ്ധതി വിജയിച്ചിട്ടില്ല. കുടുംബകൃഷി രീതിയിൽ ഇത് വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ ഏറെയുണ്ട്.

കുരുമുളക് വികസന പദ്ധതി, വിള ഇൻഷൂറൻസ് എന്നിവ കൃഷിഭവൻെറ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. ഈ പഞ്ചായത്തിൽ 165 പേർ വിള ഇൻഷൂറൻസ് പോളിസി എടുത്തിട്ടുണ്ട്. വാഴ, തെങ്ങ്, കവുങ്ങ്, എന്നിവയ്ക്കാണ് ഇൻഷൂറൻസ് സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. നെൽക്കൃഷിക്ക് ഇൻഷൂറൻസ് ഇവിടെ ഏർപ്പെടുത്തിയിട്ടില്ല. 61 കൃഷിക്കാർക്ക് ഇൻഷൂറൻസ് കമ്പനി നഷ്ടപരിഹാരമായി 95,530 രൂപ നഷ്ടപരിഹാരമായി നൽകുന്നതിനുള്ളനടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. കൂടുതൽ കൃഷിക്കാരെ അവരുടെ വിളകൾ ഇൻഷ്വർ ചെയ്യിക്കുന്നതിന് പ്രേരിപ്പിക്കേണ്ടതുണ്ട്. പ്രീമിയത്തിൻെറ 50 % മെങ്കിലും കൃഷി വകുപ്പോ പഞ്ചായത്തോ നൽകുകയാണെങ്കിൽ എല്ലാ കാർഷികവിളകൾക്കും ഇൻഷ്വറൻസ് കവറേജ് സാദ്ധ്യമാകും.

ആധുനിക കാർഷികോപകരണങ്ങൾ, ട്രില്ലർ, ട്രാക്ടർ, മെതി യന്ത്രം, കൊയ്ത്തുയന്ത്രം, നടീൽ യന്ത്രം, തുടങ്ങിയവ വാങ്ങുന്നതിന് സബ്സിഡി നിരക്ക് വർദ്ധിപ്പിക്കേണ്ടതാണ്. ട്രില്ലറൊന്നിന് 10,000 കയ്ക്ക് നൽകിയിരുന്ന പദ്ധതി വീണ്ടും തുടങ്ങേണ്ടതാണ്.

ഇരുപത് പാചകവാതകപ്ലാൻറുകൾ കൃഷി ഭവൻെറ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുണ്ട്. Biogas (പാചകവാതക) പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് 2$m^3$ ന് 2,400 രൂപയും 3$m^3$ ന് 2,600 രൂപയും സഹായധനമായി ലഭിക്കുന്നുണ്ട്. പഞ്ചായത്തിൻെറ സാദ്ധ്യതകളും ഇന്ധനത്തിൻെറ ദൗർലഭ്യവും കണക്കിലെടുത്ത് കൂടുതൽ Bio gas പ്ലാൻറുകൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. Biogas Plant കളുടെ സബ്സിഡി നിർമ്മാണചെലവിൻെറ 75% മായി വർദ്ധിപ്പികേണ്ടതാണ്.

പട്ടികജാതിക്കാർക്ക് IHDP പദ്ധതി പ്രകാരം നന്തികോളനിയിൽ 5 പേർക്ക് 7,500 ക വീതം സബ്സിഡി നൽകി കിണർ കുഴിപ്പിക്കുന്നതിനും അഞ്ച് പേർക്ക് 11/2 H.P മോട്ടോർ കൊടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 6 പേർക്ക് തെങ്ങിന് മരുന്നടിക്കാനുള്ള സ്പ്രേയറുകളും, ആറുപേർക്ക് നെല്ലിനുപയോഗിക്കാവുന്ന സ്പ്രേയറുകളും നൽകിയിട്ടുണ്ട്.

## ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. കാറളം പഞ്ചായത്തിൽ മുഴുവൻ കൃഷിക്കും ഉപയുക്തമാകുന്ന രീതിയിൽ ജലസേചനം നടത്തുന്നതിനു വേണ്ടി K.L.D.C. കനാലിൻെറ പണി എത്രയും വേഗം പൂർത്തീകരിക്കുകയും കനാലിൻെറ ഒരു കരയിലെ ബണ്ടിനെങ്കിലും, കാർഷികാവശ്യങ്ങൾക്ക് വേണ്ട വാഹനങ്ങൾ കൊണ്ടുപോകത്തക്കരീതിയിൽ മുകൾഭാഗത്ത് മൂന്നു മീറ്ററെങ്കിലും വീതി ഉണ്ടായിരിക്കുകയും വേണം.

2. ചെങ്ങാനിപ്പാടം, കിഴുത്തായി പാടം, എന്നിവിടങ്ങളിൽ കടുംകൃഷി നടത്തുന്നതിന് ഓരോ മോട്ടോർ പമ്പ്സെറ്റ് അനുവദിക്കണം. പുളിയംപാടത്തിൻെറ തെക്കുഭാഗത്തായി പഞ്ചായത്താഫീസിനു പടിഞ്ഞാറുഭാഗത്തുള്ള 50 ഏക്കർ നിലം മോട്ടോർ വച്ച് ജലസേചനം നടത്തണം. കടുമ്പാട്ടുപാടത്തിൻെറ തെക്കുഭാഗത്ത് പണി തീർത്തിട്ടുള്ള കാഡയുടെ ടാങ്കിൽ 10 H.P. യുടെ മോട്ടോർ വച്ച് കൃഷിയ്ക്ക് അനുയോജ്യമാക്കണം. M.M. കനാലിൽ വാടച്ചിറ ഭാഗത്ത് ഒരു മോട്ടോർ വെച്ച് മേൽ കനാലിലേയക്ക് വെള്ളം പമ്പ് ചെയ്തു ജല സേചനസൗകര്യം ഏർപ്പെടുത്തുകയും, അധികം വരുന്ന വെള്ളം പുറത്തേയ്ക്ക് കളയുകയും വേണം. വെള്ളാനി കോൾ പാടശേഖരത്തിൽ 50 HP. യുടെ മോട്ടോർ സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രദേശം ഇരുപ്പൂ നിലമാക്കി മാറ്റാൻ കഴിയും. വെള്ളത്തിന് ക്ഷാമം നേരിടുന്ന ജനുവരി മാസം മുതൽ K.L.D.C. കനാലിൽ നിന്നും M.M. കനാലിലേയ്ക്ക് വെള്ളം പമ്പു ചെയ്യണം. വെള്ളാനി പാടശേഖരത്തിൽ കാഡയുടെ കനാലിലൂടെ 2 HP യുടേ മോട്ടോർ വെച്ച്പമ്പിങ്ങ് നടത്തുകയാണെങ്കിൽ കൃഷിപ്പണി നല്ലരീതിയിൽ നടത്താൻ കഴിയും. വെള്ളാനിയി ലെ പമ്പിങ്ങ് സ്റ്റേഷൻെറ തറ കരിങ്കല്ലുകൊണ്ട് കെട്ടി സുരക്ഷിതമാക്കാണം.

3. കാറളം സെൻററിൽ മേച്ചേരിക്കുന്ന് ഭാഗത്ത് ടാങ്ക് സ്ഥാപിച്ച് വടക്കുഭാഗത്തുള്ള മങ്ങാട്ടുക്കുഴിയിൽ നിന്നും വെള്ളം പമ്പു ചെയ്തു കാറളം സെൻറർ, പടിഞ്ഞാറ്റുമുറി കാറളം ആലുംപറമ്പ്, കാറളം ഹൈസ്ക്കൂൾ പരി സരം തുടങ്ങി കാറളത്തിൻെറ മുഴുവൻ പ്രദേശത്തേയ്ക്കും പുളിയംപാടത്തിൻെറയും ചെമ്മണ്ട കായലിൻെറ യും ഉയർന്ന പ്രദേശങ്ങളിലേയ്ക്കും ജലസേചനത്തിന് ഉപയുക്തമായ രീതിയിൽ പദ്ധതിയുണ്ടാക്കണം.

ചെമ്മണ്ട കിഴക്കുഭാഗം കാട്ടിലപീടിക റപ്പായി ലോനപ്പൻെറ പറമ്പിൻെറ താഴത്തുള്ള തോട്ടിൽ നിന്നും, വെള്ളം പമ്പു ചെയ്തു റബ്ബർ എസ്റ്റേറ്റിൻെറ ഭാഗത്ത് എത്തിച്ച് വിതരണം ചെയ്യുകയാണെങ്കിൽ 40 ഏക്കർ തെങ്ങുകൃഷിക്കും പച്ചക്കറി കൃഷിയ്ക്കും ഉപയോഗപ്രദമാക്കാം.

ചെമ്മണ്ട ക്ഷേത്ര പരിസരം തുരുത്തിപറമ്പ് എന്ന സ്ഥലത്തെ തോട്ടിൽ നിന്നും വെള്ളം പമ്പു ചെയ്തു ക്ഷേത്ര പരിസരത്ത് എത്തിച്ചാൽ 30 ഏക്കർ സ്ഥലത്ത് കൃഷിയ്ക്ക് ഉപയോഗിക്കുവാൻ കഴിയും.

പുല്ലത്തറയിൽ K.L.D.C. കനാലിൽ നിന്നും വെള്ളം പമ്പുചെയ്തു വിളക്കുകാൽ പരിസരത്ത് എത്തിക്കുകയാ ണെങ്കിൽ പുല്ലത്തറയുടെ മുഴുവൻ ഭാഗത്തുമുള്ള തെങ്ങുകൃഷിക്കും പച്ചക്കറി കൃഷിയ്ക്കും വെള്ളമെത്തി ക്കുവാൻ കഴിയും.

ചെമ്മണ്ട റോഡിന് കിഴക്കുഭാഗത്ത് തണ്ടോഴിക്ക് വടക്ക് വശത്ത് K.L.D.C. കനാലിൽ നിന്നും വെള്ളം ലിഫ്റ്റ് ചെയ്യുകയാണെങ്കിൽ ഏകദേശം 300 ഏക്കർ തെങ്ങുകൃഷിക്ക് ജലസേചനം നടത്താവുന്നതാണ്.

പത്തനാപുരം, തെക്കെച്ചാൽ എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനംനടത്തണം.

നന്തി ഭാഗത്തുനിന്നും വെള്ളം പമ്പു ചെയ്തു വെള്ളാനി തീപ്പെട്ടി കമ്പനി പരിസരത്ത് വെള്ളമെത്തിക്കു കയാണെങ്കിൽ വെള്ളാനിയുടെ 8-9 വാർഡുകളിൽ തെങ്ങുകൃഷിയ്ക്ക് ജലസേചനം നടത്താൻ കഴിയും.

കോഴിക്കുന്ന് ഭാഗത്തേയ്ക്ക് K.L.D.C. കനാലിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വേണം

4. ചെങ്ങാനിപ്പാടം പടിഞ്ഞാറുഭാഗത്ത് അടഞ്ഞുപോയ തോട് പുനർ നിർമ്മിക്കുക, ഒരപ്പനാലിൻെറ പടി ഞ്ഞാറു ഭാഗത്ത് കോൽത്തറയിൽ കൈത്തോട് ജലസേചന സൗകര്യമാക്കുക, ജലസേചനത്തിനായി ഇന്ന് ഉപയോഗിക്കുന്ന തോടുകൾ തടസ്സങ്ങൾ മാറ്റി ശുചീകരിക്കുന്നതിനും വീതി വർദ്ധിപ്പിക്കുന്നതിനും ഉടൻ നടപടി ഉണ്ടാക്കണം.

കോട്ടപാടത്തുള്ള കോട്ടകുളം നന്നായി മണ്ണ് രണ്ടുഭാഗത്തും നിക്ഷേപിച്ച് വീതി വയ്പ്പിക്കാം. ടി. കുളത്തിൽ നിന്നും പുറപ്പെടുന്ന പുറംതോട്, വിലങ്ങൻ പാടം, തൃത്താണി പാടം വഴി താണിശ്ശേരി തണ്ടോഴി പാലം വരെ വൃത്തിയാക്കി കരകൾ ബലപ്പെടുത്തി സംരക്ഷിക്കുക. വേലാംകുളം വൃത്തിയാക്കി കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കണം. വാർഡ് 5 ലെ ഇറിഗേഷൻ തോടിൻെറ ബണ്ട് നിർമ്മാണം പൂർത്തീകരിക്കണം. K.L.D.C. പാലത്തിൻെറ ഭാഗത്ത് പുഞ്ചപാടത്തേയ്ക്ക് ഇറങ്ങുന്ന സ്ഥലത്ത് നിലം പതി നിർമ്മിക്കണം

കമ്മട്ടിതോട്, തണ്ടോഴിത്തോട്, വെഞ്ചൽതോട്, ചേനോത്തും പടി മുതൽ കൂലി ചെത്തി വരെയുള്ള തോട്, പെരുന്തോട്, എന്നീ പ്രധാനപ്പെട്ട തോടുകൾ ആഴവും വീതിയും കൂട്ടി കൃഷിയ്ക്ക് ഉപയുക്തമാക്കുക.

നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് തണ്ടോഴി, തൃത്താണി പാടശേഖരത്തിൽ ഒരു സബ് കനാൽ നിർമ്മിക്കണം. പുന്നാപ്പിള്ളി, ചെത്തി എന്നീ പാടശേഖരത്തിൽ പുതിയ കുളങ്ങൾ കുഴിക്കണം.

തണ്ടോഴി പാലത്തിൻെറ ചുവട്ടിൽ വച്ചിരിക്കുന്ന ഓവുകൾ ചെറുതാകയാൽ വെള്ളം കനാലിലേയ്ക്ക് പോകുവാൻ കഴിയാതെ കെട്ടിക്കിടന്ന് 100 ഏക്കർ കൃഷി മുങ്ങി നശിച്ചുകൊണ്ടിരിക്കുന്നു. എത്രയും വേഗത്തിൽ പ്രസ്തുത ഓവുകൾ വലുതാക്കാനുള്ള നടപടി സ്വീകരിക്കണം. പരിയപാടത്ത് മുണ്ടകൻ കൃഷി ചെയ്യുന്നതിനുവേണ്ടി ഇപ്പോൾ നിലവിലുള്ള ചാലുകൾആഴം കൂട്ടി ലിഫ്റ്റ് ഇരിഗേഷൻ സ്ഥാപിക്കണം.

കാറളം കാട്ടൂർ റോഡിൻെറ വടക്കുഭാഗത്തുള്ള കൃഷിയിടങ്ങളിലേക്ക് ജലസേചന സൗകര്യത്തിനായി തോടുകൾ നിർമ്മിക്കണം.

5. ചെങ്ങാനി പാടം, കൈനില പാടം എന്നീ കൃഷിയിടങ്ങളിലേയ്ക്ക് വളം, വിത്ത്, മുതലായ എത്തിക്കുന്നതിനും, ട്രാക്ടർ, ട്രില്ലർ മുതലായ കാർഷികോപകരണങ്ങൾ എത്തിക്കുന്നതിനും വേണ്ടി റോഡ് സൗകര്യം ഉണ്ടാക്കണം.

160 ഏക്കർ വരുന്ന ഈസ്റ്റ് പുളിയം പാടശേഖരത്തേയ്ക്ക് കൃഷിയാവശ്യങ്ങൾക്കുള്ള വിത്ത്, വളം, മുതലായവ എത്തിക്കുന്നതിനോ, ട്രില്ലർ, ട്രാക്ടർ മുതലായവ കൊണ്ടുപോകുന്നതിനോ യാതൊരു സൗകര്യവും ഇപ്പോൾ നിലവിലില്ല. കൊയ്ത് കഴിഞ്ഞ് കറ്റ കൊണ്ടുവരാനുള്ള ബുദ്ധിമുട്ട് കാരണം കാർഷിക തൊഴിലാളികളെ കിട്ടാതെ വിളഞ്ഞുകിടക്കുന്ന നെല്ല് കാലവർഷത്തിൽ മുങ്ങി മുളച്ച് നശിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ പാറാമ്പുള്ളിയിൽ നിന്നും പാടത്തേയ്ക്ക് ഇറങ്ങുന്ന റോഡ് വീതി കൂട്ടി കരിന്തറയ്ക്ക് വടക്കുഭാഗത്ത് K.L.D.C. ബണ്ടിനോട് ബന്ധിപ്പിച്ചുകൊണ്ട് പാടത്തുകൂടി ഒരു റോഡ് നിർമ്മിക്കേണ്ടതാണ്.

ചടയംകുളം റോഡ്, ഇട്ടിക്കുന്നത്ത് റോഡ് ഗ്രൗണ്ടിൻെറ പടിഞ്ഞാറുഭാഗത്തേയ്ക്കുള്ള വഴി, കാറളം കലാലയുടെ അരിക്കിൽ കൂടി കിഴക്കോട്ടു പോകുന്ന റോഡ്, രാമനെഴുത്തച്ചൻെറ വീടിനരികിലുള്ള പഞ്ചായത്തു വഴി എന്നിവ അളന്ന് തിട്ടപ്പെടുത്തുക, പുളിയം പാടത്ത് നിലവിലുള്ള കൈതക്കം റോഡ് വീതിക്കൂട്ടുക, പാടത്തേയ്ക്ക് പോകുന്ന റോഡിൻെറ തടസ്സങ്ങൾ നീക്കി ലോറി വരുന്ന രീതിയിൽ ആക്കുക, കാറളം ഗ്രൗണ്ടിൻെറ പടിഞ്ഞാറു ഭാഗത്ത് പാടത്തേയ്ക്കുള്ള 9 ലിംഗ്സ് വീതിയുള്ള വഴി കയ്യേറ്റക്കാരിൽ നിന്നും പിടിച്ചെടുത്ത് സഞ്ചാരയോഗ്യമാക്കുക, കാക്കേരി താഴത്തേയ്ക്ക് പോകുന്ന വഴി വീതികൂട്ടുക, ചെമ്മണ്ടയുടെ കിഴക്കുഭാഗത്ത് S.N.B.P. റോഡ് കനാൽബണ്ടുമായി ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ് നിർമ്മിച്ചാൽ കരുവന്നൂരുമായി ബന്ധം സ്ഥാപിക്കാനും വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവ കൃഷിയിടത്തിലേക്ക് എത്തിക്കാനും സാധിക്കും.

ചെമ്മണ്ട സാംബവ ശ്മശാന റോഡിൽ നിന്നും പടിഞ്ഞാറോട്ട് കടുമ്പാട്ടുപാടത്തേയ്ക്ക് ഉള്ള വഴി അളന്ന് തിട്ടപ്പെടുത്തി നിർമ്മിക്കേണ്ടതാണ്. അതുപോലെത്തന്നെ തുരുത്തിക്കൻ ഹരിജൻ ശ്മശാനത്തിൻെറ പടിഞ്ഞാറ് കടുമ്പാട്ടു പാടത്തേയ്ക്കുള്ള വഴി അളന്ന് തിട്ടപ്പെടുത്തി സഞ്ചായ യോഗ്യമാക്കണം. ചെമ്മണ്ട പള്ളിയുടെ ഭാഗത്ത് പാടത്തേയ്ക്ക് ഒരു വഴി അത്യാവശ്യമായി നിർമ്മിക്കണം.

കാറളം തുരുത്തി പാലത്തിൻെറ കിഴക്കു ഭാഗത്ത് കനാൽ ബണ്ടിൻെറ ഇരുഭാഗവും പൈപ്പിടാൻ മുറിച്ചിരിക്കുകയാൽ കുറെ നാളുകളായി സഞ്ചാരയോഗ്യമല്ല. പൊട്ടകുളം, കടുവാക്കുഴി, പുത്തൻ കുഴി ഇയ്യാലാനി പറവളവ് എന്നിവിടങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കണം. പഞ്ചായത്തു കിണറിൻെറ അടുത്തുനിന്നും തുടങ്ങുന്ന റോഡ് പാടത്തുകൂടി കൃഷി സൗകര്യത്തിനുവേണ്ടി പടിഞ്ഞാറെ കരയിൽ നിന്നും വരുന്ന റോഡിലേയ്ക്ക് മുട്ടിക്കണം. നിലവിലുള്ള ആലുക്കൽ റോഡ് കൃഷിക്കാർക്ക് പാടത്തേയ്ക്ക് പോകുവാൻ സൗകര്യത്തിനുവേണ്ടി സഞ്ചാരയോഗ്യമാക്കണം.

6. തെങ്ങുകൃഷിയ്ക്ക് കൂമ്പു ചീയൽ, കാറ്റുവീഴ്ച, മഞ്ഞളിപ്പ്, വേര് ചീയൽ, തുടങ്ങിയ രോഗങ്ങളിൽ നിന്ന് പ്രതിരോധം ശക്തിപ്പെടുത്തുന്നതിനുവേണ്ടി കൃഷിഭവനുകളുടെ നേതൃത്വത്തിൽ പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കണം. മാഗ്നീഷ്യം സൾഫേറ്റ് തുരിശ് മുതലായവ തെങ്ങുകൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. കാറ്റുവീഴ്ച മൂലം വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് തെങ്ങൊന്നിന് 500 ക നിരക്കിൽ നഷ്ടപരിഹാരം നൽകണം. തെങ്ങ് നഷ്ടപ്പെട്ട കർഷകർക്ക് നല്ലയിനം തെങ്ങിൻ തൈകൾ സൗജന്യമായി കൃഷിഭവൻ മുഖേനെ വിതരണം ചെയ്യണം.

നെൽകൃഷിയ്ക്ക് സ്ഥിരമായി കണ്ടുവരുന്ന തണ്ടുതുരപ്പൻ, മുഞ്ഞ, ഒലചുരുട്ടി എന്നിവയ്ക്ക് പ്രതിരോധ മാർഗ്ഗങ്ങൾ കണ്ടെത്തണം. കാറളം പഞ്ചായത്തിൽ കൃഷി ഭവൻെറ ആഭിമുഖ്യത്തിൽ സ്ഥിരമായി മണ്ണുപരിശോധനാകേന്ദ്രം തുടങ്ങി, കൃഷിഭവൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മണ്ണുപരിശോധനനടത്തുകയും പ്രതിരോധ മാർഗ്ഗങ്ങളും വളപ്രയോഗക്രമങ്ങളും കൃഷിക്കാർക്ക് അറിയിക്കുവാനുള്ള സൗകര്യമാണ്ടാക്കണം.

7. കൃഷിയ്ക്ക് ആവശ്യമുള്ള വിത്ത്, വളം, കീടനാശിനികൾ, എന്നിവയുടെ സബ്സിഡി 50% മെങ്കിലും ആക്കി ഉയർത്തിയാലേ കർഷകർക്ക് താങ്ങാനാവാത്ത കൃഷി ചെലവിൽ നിന്നും അല്പമെങ്കിലും ആശ്വാസം നൽകാനാവൂ. ഓരോ കൃഷിക്കാരനും (നെൽകൃഷിക്കും തെങ്ങുകൃഷിക്കും) ഉൽപാദകബോണസ്സായി 1000 കയെങ്കിലും ചുരുങ്ങിയത് നൽകണം. പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുകയും കൃഷിക്കാവശ്യമായ വളം, കീടനാശിനി തുടങ്ങിയവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും വേണം. കാലവർഷ കെടുതി മൂലം കൃഷി നാശം സംഭവിയ്ക്കുന്ന കർഷകർക്ക് മതിയായ സാമ്പത്തികസഹായം നൽകണം.

8. കർഷകർക്കാവശ്യമായ കാർഷികോപകരണങ്ങൾ സബ്സഡി നിരക്കിൽ വിതരണം ചെയ്യണം. പവ്വർ ട്രില്ലർ ട്രാക്ടർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം മുതലായവ മിതമായ നിരക്കിൽ കൃഷിയ്ക്ക് ഉപയോഗിക്കുവാനുള്ള സൗകര്യമുണ്ടാക്കണം. കാറളം ചെമ്മണ്ടകായൽ കടുകൃഷി സഹകരണസംഘത്തിലെ ട്രില്ലർ കാറളത്തെ ഉപയോഗത്തിന് കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കൂടുതൽ ആവശ്യമുള്ളതുകൊണ്ട് വാങ്ങുന്നതിനാവശ്യമായ നടപടികൾസ്വീകരിക്കണം.

9. കൃഷി ചെലവ് കുറയ്ക്കുന്നതിനും, രോഗങ്ങൾ കുറയ്ക്കുവാനും വിളവ് വർദ്ധിപ്പിക്കുവാനും കഴിഞ്ഞ 1990ൽ ചെമ്മണ്ട കായൽ പാടശേഖരങ്ങൾ വിജയകരമായി നടപ്പാക്കുവാനും കഴിഞ്ഞ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഈ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തുമുള്ള കൃഷിയിടത്തേയ്ക്കും വ്യാപിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

10. കൃഷിയ്ക്ക് മുൻഗണനാക്രമത്തിൽ വൈദ്യുതി കണക്ഷൻ നൽകണം. നെൽകൃഷിക്കെന്നപോലെ തെങ്ങുകൃഷിക്കും സൗജന്യനിരക്കിൽ വൈദ്യുതി നൽകണം. തണ്ടോഴി തൃത്താണി പാടത്ത് ഇതേവരെ വൈദ്യുതി എത്തിയിട്ടില്ല സത്വരനടപടികൾ സ്വീകരിക്കണം.

കൃഷിസ്ഥലത്തേയ്ക്ക് വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി സൗകര്യം ഉടനെ ചെയ്തു കൊടുക്കുകയോ, അല്ലാത്തപക്ഷം പമ്പിങ്ങിന് ആവശ്യമായ മണ്ണെണ്ണ, ഡീസൽ മുതലായ ഇന്ധനങ്ങൾ റേഷൻ വിലയ്ക്ക്കിട്ടത്തക്ക വിധം സൗകര്യമുണ്ടാക്കുകയോ വേണം.

11. മണലിപ്പാടത്തിൻെറ വടക്ക് പുഞ്ചനിലത്തിൻെറ തോട്ടിൽ നിന്നും വെള്ളം മുകളിലേയ്ക്കു പമ്പു ചെയ്യുകയാണെങ്കിൽ വെള്ളം കിട്ടാതെ ഉണങ്ങി പോകാറുള്ള 25 ഏക്കറോളം സ്ഥലത്ത് മുണ്ടകൻ കൃഷി ഫലപ്രദമായി നടത്താവുന്നതാണ്. ചെമ്മണ്ടയുടെ തെക്കേ അറ്റത്ത് 25 സെ.വിസ്തീർണ്ണമുള്ള മൂത്രത്തിക്കുളം വൃത്തിയാക്കി താഴ്ത്തി, ബണ്ട് പിടിപ്പിച്ചാൽ 230 ഏക്കറോവം മുണ്ടകൻ കൃഷിയ്ക്ക് ജലസേചനം നടത്താം.

K.L.D.C. കായലിൽ നിന്നും വെള്ളം പമ്പുചെയ്യാൻ കഴിയുകയാണെങ്കിൽ തണ്ടോഴി, തൃത്താണി പാടശേഖരം ഇരുപ്പൂ കൃഷിയ്ക്ക് ഉപയുക്തമാക്കാം.

12. വിളവെടുപ്പ് കാലഘട്ടത്തിൽകൃഷിക്കാർക്ക് ന്യായമായ വില കിട്ടുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു മാർക്കറ്റ് ഉണ്ടാക്കേണ്ടതാണ്. ന്യായമായ നിരക്കിൽ നെല്ല് സംഭരിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ

തന്നെ സൗകര്യമുണ്ടാക്കണം. എല്ലാം ഉൽപ്പന്നങ്ങൾക്കും സ്ഥിരമായ വിപണി ഉണ്ടായിരിക്കണം.

13. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിയിടങ്ങൾ നികത്തി നാണ്യവിളകളും മറ്റു കൃഷി ചെയ്യുന്നതു കൊണ്ട് നെൽകൃഷിക്ക് ഉപയോഗിക്കുന്നസ്ഥലം വളരെ കുറഞ്ഞുപോയിട്ടുണ്ട്. ഇതിനെതിരെ നടപടിയെടുക്കണം. അതുപോലെത്തന്നെ നെൽപ്പാടങ്ങൾ കുഴിച്ച്മണ്ണെടുക്കുന്നത് നിരോധിക്കണമെന്ന് ആവശ്യപ്പെടുന്നു.

14. പ്രളയം മൂലം കൃഷി നശിക്കാതിരിക്കാൻ K.L.D.C. കനാലും M.M. കനാലും കൂടിച്ചേരുന്ന ഭാഗത്ത് പാലം നിർമ്മിക്കണം. പുഞ്ചപാടത്തുനിന്നും അയിനിക്കാട്ട് ക്ഷേത്രത്തിലേയ്ക്ക് പോകുന്ന വഴിയിൽ പാടത്ത് ഇറങ്ങുന്ന ഭാഗത്ത് നിലംപതി നിർമ്മിക്കണം. K.L.D.C. പാലത്തിന്റെ ഭാഗത്ത് പുഞ്ചപാടത്തേയ്ക്ക് ഇറങ്ങുന്ന ഭാഗത്ത് നിലംപതി സ്ഥാപിക്കണം. മുളയ്ക്കൽ റോഡിൽ നിന്നും ഇറങ്ങുന്ന ഭാഗത്തും നിലംപതി ആവശ്യമുണ്ട്.വാടച്ചിറ ഭാഗത്ത് ചീപ്പ് സ്ഥാപിക്കണം

15. ഏതദേശം 75 % കുടുംബങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നു. കാർഷിക മേഖല ഇന്ന് തകർച്ചയിലാണ്. അത് നികത്തുവാൻ നൂതന കൃഷി രീതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും അർഹരായ കർഷകർക്ക് പെൻഷൻ പദ്ധതിനടപ്പാക്കുകയും ചെയ്യുക.

16. നെൽകൃഷിക്കും തെങ്ങുകൃഷിക്കും ജൈവവളപ്രയോഗം നടത്തുന്നതിന് ആവശ്യമായ വളം ഉൽപാദിപ്പിക്കുന്നതിന് ജൈവവളം പ്ലാൻറുകൾ സ്ഥാപിക്കണം

17. ജൈവവളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. മിത്രജീവികളുടെയും മിത്രകീടങ്ങളേയും സംരക്ഷണം ഉറപ്പുവരുത്തണം.

18. പുഷ്പകൃഷി വ്യവസായികാടിസ്ഥാനത്തിൽ പ്രോൽസാഹിപ്പിക്കണം.

# മൃഗ സംരക്ഷണം

## ആമുഖം

മനുഷ്യന്റെ ഘടനാപരമായ വളർച്ചക്കാവശ്യമായ മാംസ്യപ്രധാനമായ ഉൽപ്പന്നം, പാൽ, മുട്ട, മാംസം എന്നീ പദാർത്ഥങ്ങളാണ്. മൃഗസംരക്ഷണമേഖലയിൽ 94% മൃഗങ്ങളേയും വളർത്തുന്നത് ഗ്രാമീണമേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകൾ ഭൂരിപക്ഷവും ചെറുകിട കർഷകരുംകർഷകതൊഴിലാളികളും നാമമാത്ര കർഷകരുമാണ്. അതിൽ തന്നെ പ്രയത്നത്തിന്റെ 60 % സ്ത്രീകളിൽ നിന്നുമാണ്. ഈ മേഖലയിൽ 5% തൊഴിൽ വളർച്ച നിരക്കുണ്ടെന്ന് ആസൂത്രണ കമ്മീഷന്റെ മനുഷ്യവിഭവശേഷി വിഭാഗത്തിന്റെ വിലയിരുത്തൽ മൂലം മൃഗസംരക്ഷണ മേഖലയിൽ കൈവരിക്കുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പത്ത് ഘടനയെ ശക്തമാക്കുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ് മൃഗസംരക്ഷണം.

ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ദൈനംദിന വരുമാന മാർഗ്ഗങ്ങൾ. പോഷക പ്രാധാന്യമേറിയ ഭക്ഷ്യവസ്തുക്കൾ, പാൽ മുട്ട, മാംസം, എന്നിവയുടെ അധിക ഉൽപാദനം വ്യാവസായിക ആവശ്യത്തിനുള്ള തുകൽ, രോമം, എല്ല്, ജലാറ്റിൻ, കോസീൻ എന്നിവയുടെ ഉൽപാദനം ഔഷധങ്ങളുടെ നിർമ്മാണം പാരമ്പര്യേതര ഊർജ്ജസ്രോതസ്സ്, ജൈവവളങ്ങൾ പരിസ്ഥിതിക്കിണങ്ങിയ മൃഗശക്തി എന്നിവയൊക്കെ മൃഗസംരക്ഷണ മേഖലയുടെസംഭാവനയാണ്.

ജന്തു ജന്യരോഗ നിയന്ത്രണം പേ വിഷബാധ നിർമ്മാർജനം, മാംസപരിശോധനയിലൂടെ സംശുദ്ധമായ മാംസഉൽപാദനം തുടങ്ങിയവ ഈ മേഖല നൽകുന്ന പൊതുജനാരോഗ്യ സേവനമാണ്.

മൃഗസംരക്ഷണ മേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുകയാണെങ്കിൽ ജൈവവള ലഭ്യത കൂട്ടാൻ കഴിയുന്നത് നിമിത്തം കാർഷിക മേഖലയിൽ ഉൽപാദനക്ഷമത പതിൻ മടങ്ങ് വർദ്ധിപ്പിക്കാൻ കഴിയും. മൃഗസംരക്ഷണ മേഖലയുടെ വികസനം, മുട്ട, പാൽ, മാംസം, തുകൽ മുതലായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവർദ്ധനവ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വെറ്റിനറി സർവ്വീസ് വികസനം ആധുനികവൽക്കരണം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്.

ചരിത്രം (കന്നുകാലിവളർത്തൽ)പാരമ്പര്യമായി കൃഷി ഉപജീവനമാർഗ്ഗമായിസ്വീകരിച്ചിട്ടുള്ളവരാണ് കാറളം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കർഷകരും. പുരുതനകാലം മുതൽ കൃഷി പണിക്കും ചരക്കുവണ്ടികൾക്കും, കാള പ്പോത്ത് മുതലായവയെ ഉപയോഗിച്ചിരുന്നു.

പാൽ ഉല്പാദനരംഗത്ത്കുറഞ്ഞ കാലംവരെ ഉൽപാദനശേഷി കുറഞ്ഞ പശുക്കളെയായിരുന്നു. വീടുകളിൽ വളർത്തിയിരുന്നത് മൃഗചികിത്സക്കോ, പ്രതിരോധ കുത്തിവയ്പ്പുകൾക്കോ പ്രജനനത്തിനോ, ആധുനിക സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. അതിന് അറുതി വന്നത് 1968 ൽ കാറളത്ത് സർക്കാർ മൃഗാശുപത്രി ആരംഭിച്ചതോടെയാണ്. ജനങ്ങളുടെ സംഭാവനയോടെ N.E.S. ബ്ലോക്കിന്റെ സഹായത്തോടെ കെട്ടിടം നിർമ്മിക്കുകയും 1970ൽ സർക്കാരിന് കൈമാറുകയും ചെയ്തു. 1982ൽ വെറ്റിനറി ഹോസ്പിറ്റൽ ആക്കി. ഇപ്പോൾ വീണ്ടും ഡിസ്പൻസറി ആക്കി. മൃഗചികിത്സ പ്രതിരോധ കുത്തിവയ്പ്പുകൾ, ബീജസങ്കലനം തുടങ്ങിയ ക്ഷേമ പദ്ധതികൾ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കൃത്രിമ ബീജസങ്കലനത്തിന്റെ ഫലമായി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പശുക്കളെയും സങ്കരയിനം പശുക്കളാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുമൂലം പാൽ ഉല്പാദനരംഗത്ത് വമ്പിച്ച കുതിച്ചുചാട്ടം ഉണ്ടാക്കിയിട്ടുണ്ട്.

എന്നാൽ ഇപ്പോൾ മൃഗാശുപത്രിയിൽ ഒരു ഡോക്ടറും, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവരാണുള്ളത്.

## പോരായ്മ

മൃഗാശുപത്രി ശരിയായ രീതിയിൽ അറ്റകുറ്റപണി നടക്കാത്തതിനാൽ ചോർന്നൊലിക്കുകയും,പക്ഷികൾ, ചേക്കേറി, അവയുടെ വിസർജ്ജ്യങ്ങൾ മൂലം വൃത്തികേടായി കിടക്കുകയാണ്. ടൈപ്പ് ഡിസൈനിന്റെ പ്രത്യേകത

കാരണം ആശുപത്രിയ്ക്ക് സുരക്ഷിതത്വം ഇല്ല. ആയതിന് വേണ്ട നിർമ്മാണ പ്രവർത്തനം നടത്തണം. കുറംതൊഴുത്ത് പൊളിഞ്ഞു കിടക്കുന്നു. പുതുക്കിപണിയണം. പൊതുടാപ്പിൽ നിന്നാണ് ആശുപത്രിയിലെക്ക് വെള്ളം കൊണ്ടുപോകുന്നത്. കൃത്യമായി ടാപ്പിൽ വെള്ളം ഉണ്ടാകാറില്ല. ആയതിനാൽ ഒരു കിണർ കുഴിയ്ക്കുവാൻ നടപടി വേണം. ഇപ്പോൾ ചുറ്റും മതിലുകൾ ഇല്ലാത്തതിനാൽ ആശുപത്രിയിക്ക് സുരക്ഷിതത്വം ഇല്ല. ആയതു കൊണ്ടു മതിൽ കെട്ടാൻ നടപടി ഉണ്ടാക്കണം.

ഇപ്പോൾ സ്റ്റാഫ് ഇല്ലാത്തതിനാൽ ഡോക്ടർക്ക് എല്ലാ പ്രർത്തനവും ചെയ്യാൻ കഴിയുന്നില്ല. ഒരു ക്ലർക്ക് നിയമനം നടത്തേണ്ടതുണ്ട്. ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി പോളിക്ലീനിക്ക് ആയി ഉയർത്തേണ്ടതാണ്.

അങ്ങിനെയെങ്കിൽ കാറളം പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ഒരു സീനിയർ ഡോക്ടറുടെയും സേവനം 24 മണിക്കൂറും ലഭ്യമാകും. ജീവനക്കാരുടെ താമസത്തിനായി ഒരു ക്വാർട്ടേഴ്സ് പണിയേണ്ടതാണ്.

ആശുപത്രിയുടെ ആധുനിക സൗകര്യത്തിനായി ഒരു മിനി ഓപ്പറേഷൻ തിയ്യറ്റർ, ലബോറട്ടറി, ടെലിഫോൺ മറ്റു ഉപകരണങ്ങൾ മരുന്നുകൾ എന്നിവ വേണ്ടത്ര ലഭ്യമാക്കണം. ആശുപത്രി പഞ്ചായത്തിന്റെ വടക്കേഅറ്റത്തായതിനാൽ ഒരു വാഹനം ആശുപത്രിയിക്ക് ലഭ്യമാക്കണം.

## വർഷം

### പട്ടിക വളർത്തു മൃഗങ്ങളും പക്ഷികളും

### അനുബന്ധം 4

### കാറളം ഗ്രാമപഞ്ചായത്ത്

#### 4.1 വളർത്തു മൃഗസംഖ്യ

| വാർഡ് | കാളനാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| നമ്പർ | വംശവർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | പന്നി |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| -- | -- | 38 | 8 | 72 | 36 | 20 | 2300 | 1600 | 500 | 200 | 60 | 1800 | 1500 | 50 |

### കാറളം ഗ്രാമപഞ്ചായത്ത്

#### 4.2വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവ്വൻ | കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| -- | 500 | 9600 | 9500 | 50 | 700 | 40 |

## കാറളം ഗ്രാമപഞ്ചായത്ത്

### 4.3 രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായ | 235 | 20 | 17 | -- | -- | -- | -- | -- | -- | -- |
| 2. | ശ്വാസകോശ സംബന്ധമായ | 37 | 5 | 14 | -- | -- | 561 | -- | -- | -- | -- |
| 3. | ഉപാപചയസംബന്ധം | 15 | -- | 5 | -- | -- | -- | -- | -- | -- | -- |
| 4 | ത്വക്ക് രോഗങ്ങൾ | 47 | -- | -- | -- | -- | -- | -- | -- | -- | 15 |
| 5 | ധാതു ലവണങ്ങളുടെ | 65 | 30 | -- | -- | -- | -- | -- | -- | -- | -- |
| 6. | പാദരോഗങ്ങൾ | 117 | 76 | 22 | 16 | 130 | -- | -- | -- | -- | -- |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി | 65 | 24 | -- | -- | -- | -- | -- | -- | -- | |
| 8. | വന്ധ്യത | 68 | 10 | -- | -- | -- | -- | -- | -- | -- | -- |
| 9. | അകിടുവീക്കം | 50 | 8 | -- | -- | -- | -- | -- | -- | -- | -- |
| 10 | മുടന്തൻ പനി | 70 | 8 | -- | -- | -- | -- | -- | -- | -- | -- |
| 11. | പകർച്ച വ്യാധികൾ | -- | -- | -- | -- | -- | 600 | 700 | -- | -- | -- |

## കാറളം ഗ്രാമപഞ്ചായത്ത്

### 4.4 പേവിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ്പ് നൽകിയവരുടെ എണ്ണം | | | | 15 | | |
| കടിയേറ്റതിനുശേഷം കുത്തിവയ്പ്പ്നടത്തിയവയുടെ എണ്ണം | 1 | | | | | |

## കാറവം പഞ്ചായത്ത്

### 4.5 ക്രിത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | ക്രിത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 1380 | 953 | 443 |
| കിടാരി | 680 | 160 | 105 |
| എരുമ | 310 | 231 | 130 |

## പഞ്ചായത്ത് കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കിയ സ്കീമുകൾ

A. *S.L.B.P,: കന്നുകുട്ടി പരിപാലനപരിപാടി ആകെ 250 കന്നുകുട്ടികളെ ഈ പദ്ധതിയിൽ ചേർത്തു*

പഞ്ചായത്തിൽ ജനിയ്ക്കുന്ന പശുകുട്ടി, കാളകുട്ടി, എരുമക്കുട്ടി, പോത്തിൻകുട്ടി എന്നിവയെ മൃഗാശുപത്രി വഴി ഈ പദ്ധതിയിൽ കീഴിൽ കൊണ്ടുവരണം.

B. *M.K.P.P (മാസ്സീവ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം)*

മുട്ടകോഴിവളർത്തൽ അടുക്കള മുറ്റം പരിപാടി 2000 കോഴികളെ വിതരണം ചെയ്തു.

മുട്ടകോഴികളുടെലഭ്യത കൂട്ടുവാൻ ഈ പദ്ധതിയിൽ കീഴിൽ എല്ലാ വീടുകളിലും 5 കോഴികുഞ്ഞുങ്ങളെവീതം വിതരണം നടത്തണം.

C. *ഊർജ്ജിത പന്നിവളർത്തൽ പരിപാടി*

ഊർജ്ജിത പന്നിവളർത്തൽ പദ്ധതി പ്രകാരം 5 യൂണിറ്റുകൾ പഞ്ചായത്തിൽ നല്കിയിട്ടുണ്ട്. പന്നികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ യൂണിറ്റുകൾ നല്കേണ്ടതാണ് പന്നികളുടെ പ്രജനനയൂണിറ്റുകൾ ആരംഭിയ്ക്കണം.

D. *ഡയറി യൂണിറ്റ്*

പഞ്ചായത്തിൽ 6 ഡയറി യൂണിറ്റ് നന്തി കോളനിയിൽ കൊടുത്തിട്ടുണ്ട്. കോളനി അടിസ്ഥാനത്തിലല്ലാതെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും നല്കേണ്ടതാണ്.

## പാലുൽപാദനം

പഞ്ചായത്തിൻെറ മൊത്തം വാർഷിക ഉൽപാദനം 14,60,000 ലിറ്ററും, 1 കോടി 60 ലക്ഷം രൂപയാണ്. ഇതിൽ നിന്നും കിട്ടുന്ന മൂല്യം ഇത്രയും പാൽ ഉല്പാദനം ഉണ്ടായിട്ടും പഞ്ചായത്തിൽ 2 ക്ഷീര വ്യവസായ സംഘങ്ങളാണ് പ്രവർത്തിയ്ക്കുന്നത്. നാലിൽ ഒന്ന് പാൽ മാത്രമാണ് ക്ഷീരസംഘം സംഭരിയ്ക്കുന്നത് ക്ഷീരകർഷകർക്ക് പാൽ വിറ്റഴിക്കുന്നതിന് കിഴുത്താണി, ചെമ്മണ്ട, വെള്ളാനി, താണിശ്ശേരി വടക്കേകാവൽപ്പുര, തെക്കെകാവൽപുര, എന്നിവിടങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം. പാൽ ഉൽപാദനം അടുത്ത അഞ്ചുവർഷത്തിൽ ഇരട്ടിയായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

### നിവലിലുള്ള ക്ഷീര സംഘങ്ങളുടെ സ്ഥിതിവിവര കണക്ക്

| | | |
|---|---|---|
| 1 | സ്ഥാപനത്തിൻെറ പേര് | താണിശ്ശേരി ക്ഷീര ഉൽപാദക സഹകരണ സംഘം |
| 2 | പ്രവർത്തന പരിധി | കാറളം പഞ്ചായത്ത് 6,7 വാർഡ് |
| 3 | ക്രെഡിറ്റ് നോൺ ക്രെഡിറ്റ് | നോൺക്രഡിറ്റ് |
| 4 | പ്രവർത്തനം ആരംഭിച്ച വർഷം | 1992 മാർച്ച് 27-ാം തിയ്യതി |
| 5 | ആകെ അംഗങ്ങൾ | 269 |
| 6 | ഒരു ഓഹരിയുടെവില | 10 രൂപ |
| 7 | അംഗീകൃത ഓഹരി മൂലധനം | 10,000 രൂപ (1000ഓഹരി) |
| 8 | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 2800 രൂപ |

| 1995-96 | 1995 96 | 199596 |
|---|---|---|
| മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേക്ക് അയയ്ക്കുന്നത് |
| 1 | 2 | 3 |
| മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേക്ക് അയയ്ക്കുന്നത് |
| 95194.4 ലിറ്റർ | 13487.7 ലിറ്റർ | 81709.7 ലിറ്റർ |

| | | |
|---|---|---|
| 1 | സ്ഥാപനത്തിൻെറ പേര് | കാറളം ക്ഷീരവ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ R 35 |
| 2 | പ്രവർത്തന പരിധി | പഴയ കാട്ടൂർ പഞ്ചായത്തിലെ 6,7 വാർഡുകൾ |
| 2 | ക്രെഡിറ്റ് /നോൺ ക്രഡിറ്റ് | നോൺ ക്രഡിറ്റ് |
| 4 | പ്രവർത്തനം ആരംഭിച്ച വർഷം | 1977 |
| 5 | ആകെ അംഗങ്ങൾ | 998 |
| 6 | ഒരു ഓഹരിയുടെ വില | 10രൂപ |
| 7 | അംഗീകൃത ഓഹരി മൂലധനം | 50,000 |
| 8 | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 9980 |
| 9 | സർക്കാർ ഓഹരിയുണ്ടോ | ഇല്ല |
| II | പൊതുജനങ്ങളിൽ സ്വീകരിച്ച നിക്ഷേപം | |
| A | സ്ഥിരം | ഇല്ല |
| B | ഹ്രസ്വകാലം | ഇല്ല |
| III.C | നല്കിയിട്ടുള്ള വായ്പകൾ | ഇല്ല |

| 199596 മൊത്തം ശേഖരിക്കുന്ന പാൽ | 199596 പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | 1995-96 പുറത്തേക്ക് അയയ്ക്കുന്നത് |
|---|---|---|
| ലിറ്റർ | ലിറ്റർ | ലിറ്റർ |
| 1 | 2 | 3 |
| 111907.3 ലി | 19666 ലി | 92241.3 ലി |

1. കന്നുകുട്ടി പരിപാലന പരിപാടി

എരുമകുട്ടികളെയും, പശുകുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക സൗജന്യ ഇൻഷൂറൻസ്, തീറ്റ സബ്സിഡി, ചികിത്സ, മരുന്നുകൾ, ധാതുലവണമിശ്രിതം, മിനറൽ മിക്സ്ചർ എന്നിവയ്ക്ക് സബ്സിഡി നൽകേണ്ടതാണ്.

2. ഡയറി യൂണിറ്റുകൾ

2 മുതൽ 5 വരെ ഡയറിയൂണിറ്റുകൾ തുടങ്ങണം

3 വനിത ഡയറി യൂണിറ്റ്

DWCRA പദ്ധതി പ്രകാരം 15 സ്ത്രീകളുടങ്ങുന്ന സൊസൈറ്റി വാർഡിൽ 1 എന്ന ക്രമത്തിൽ തുടങ്ങേണ്ടതാണ്.

4. ഇൻഡസ്ട്രിയൽ യൂണിറ്റ്

പത്തോ അതിൽ കൂടുതലോ കറവ പശുക്കളെ ഉൾപ്പെടുത്തി ഡയറി യൂണിറ്റുകൾ തുടങ്ങേണ്ടതാണ്

ഇൻഡസ്ട്രിയൽ യൂണിറ്റ്

പത്തോ അതിൽ കൂടുതലോ കറവ പശുക്കളെ ഉൾപ്പെടുത്തി ഡയറി യൂണിറ്റുകൾ തുടങ്ങേണ്ടതാണ്.

5. കന്നുകാലിതീറ്റ സബ്സിഡി നിരക്കിൽ കൊടുക്കേണ്ടതാണ്

6. ധാതു ലവണ മിശ്രിതം വിതരണം നടത്തുക (മൃഗാശുപത്രി വഴിയും, ക്ഷീര സംഘങ്ങൾ വഴിയും ക്ഷീരവികസന വകുപ്പ് വഴിയും, സൗജന്യമായി )

7 തീറ്റപുൽ ഉൽപാദനം വർദ്ധിപ്പിക്കുക

8 കാറ്റിൽ ഷെഡ് (കന്നുകാലി തൊഴുത്ത് പുനഃരുദ്ധാരണം)

9 അകിടു വീക്ക നിയന്ത്രണ പരിപാടി വ്യാപകമാക്കുക

10 ഭ്രൂണമാറ്റപദ്ധതി നടപ്പിലാക്കുക

11 പ്രതിരോധ കുത്തിവെയ്പ്പുകൾ കാലാകാലങ്ങളിൽ നടപ്പിലാക്കുക (കുളമ്പുരോഗം, കാലിവസന്ത)

12 വൈക്കോൽ സമ്പുഷ്ടിപ്പെടുത്തുന്ന പരിപാടിപ്രചരിപ്പിക്കുക

13 ഗോബർ ഗ്യാസ് പ്ലാൻറ് പ്രോത്സാഹിപ്പിക്കുക

14 അത്യാവശ്യമരുന്നുകൾ സൗജന്യമായോ, സബ്സിഡി നിരക്കിലോ കൊടുക്കാൻ സാദ്ധ്യമാക്കുക.

15 എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുക

16 നാടൻ വിത്തുകാളകളെ വരിയുടയ്ക്കുക

17 വന്ധ്യതാനിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുക

## മാംസ ഉൽപാദനം

വർഷത്തിൽ 48,000 കിലോഗ്രാം പോത്തിറച്ചിയും 48,000 kg. കോഴിറച്ചിയും 2,500 കി.ഗ്രാം ആട്ടിറച്ചിയും മൊത്തം 55 ലക്ഷം രൂപയുടെ മാംസം വിപണനം നടക്കുന്നു.

പഞ്ചായത്തിൽ അറവുശാല ഇല്ല. 90% മൃഗങ്ങളേയും പുറത്തുനിന്നും കൊണ്ടുവരുന്നു. ആധുനിക അറവുശാല വേണം. അറവുശാലകളിൽ ലൈസൻസ് ഉള്ള അറവുകാർക്ക് മാത്രമേ ഇറച്ചി വിൽക്കാൻ അനുമതി നൽകാവൂ. കന്നുകാലികളെ അറവിനു മുമ്പും, അറവിനുശേഷവും വെറ്ററിനറി പരിശോധന നിർബ്ബന്ധമാക്കണം. സീൽ ചെയ്ത മാംസം മാത്രമേ വിൽക്കാൻ അനുവദിക്കാവൂ.

നിലവിൽ ഇത്തരം സംവിധാനം ഇല്ല.

1. പോത്തിറച്ചി കൂടുതൽ ചിലവുള്ളതിനാൽ പോത്തുകുട്ടികളെയും, കാളക്കുട്ടികളെയും പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തണം.
2. പന്നി വളർത്തൽ പദ്ധതി ഇറച്ചിക്കും പ്രജനനത്തിനും
3. ഇറച്ചികോഴി വളർത്തൽ പദ്ധതി
4. ഗിനി കോഴി, ടർക്കി, ഗിരിരാജ, നാടൻ, സങ്കരയിനം കോഴികൾ അടുക്കള മുറ്റത്തു വളർത്തുന്ന പദ്ധതി.
5. കാട കോഴിവളർത്തൽ പദ്ധതി
6. മുയൽ വളർത്തൽ പദ്ധതി
7. ആടുവളർത്തൽ പദ്ധതി
8. താറാവു വളർത്തൽ പദ്ധതി

മാംസ സംസ്കരണ യൂണിറ്റുകൾ വനിതാ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

## മുട്ട ഉൽപാദനം

പ്രതിവർഷം നമ്മുടെ പഞ്ചായത്തിൽ 7.5 ലക്ഷം മുട്ട ഉൽപാദിപ്പിക്കുന്നുണ്ട്. ഇത് ഗാർഗിത ആവശ്യത്തിനു മാത്രം ഉപയോഗിയ്ക്കുന്നു. 9-ാം പദ്ധതിയുടെ അവസാനം പ്രതിവർഷം ഉൽപാദനം 25 ലക്ഷം മുട്ട ഉൽപാദിപ്പിയ്ക്കുന്നതിനുള്ള ലക്ഷ്യമിടണം കോഴി, താറാവ് വളർത്തൽ പദ്ധതികളുടെനടത്തിപ്പിലൂടെ നാം ഉദ്ദേശിക്കുന്ന ലക്ഷ്യം നേടാനാവും.

## ഗ്രാമസഭകളിൽ ഉന്നയിച്ചപ്രശ്നങ്ങൾ

1. കാറളം മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുകയും, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും വേണം
2. കൃഷിക്കാർക്ക് വളർത്തുമൃഗങ്ങളെ വാങ്ങുന്നതിന് ലോൺ അപേക്ഷ സമർപ്പിച്ച് ഒരാഴ്ചക്കകം തീർപ്പുണ്ടാക്കാൻ വേണ്ട നടപടി സർക്കാർ തലത്തിൽ ഉണ്ടാക്കണം.
3. കാലിത്തീറ്റയ്ക്ക് സർക്കാർ തലത്തിൽ സബ്സിഡി ഏർപ്പെടുത്തണം
4. കറവ മാടുകൾക്ക് പാലെടുക്കുന്ന ക്ഷീര സംഘങ്ങൾ വഴി ഇൻഷൂറൻസ് ഏർപ്പെടുത്തണം.
5. ഉൽപാദന ക്ഷമതയുള്ള കന്നുകുട്ടികളെ വിതരണം നടത്തുകയും അവയ്ക്ക് പോഷകാഹാരം നല്കുകയും വേണം.
6. പാൽ കർഷകരുടെ വീട്ടിൽ നിന്നും ശേഖരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും സഹകരണ സംഘങ്ങൾ ഏർപ്പാടുണ്ടാക്കണം.
7. ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ കീഴിൽ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളണം.
8. തീറ്റപ്പുൽ വ്യാപകമാക്കാൻ കൃഷിക്കാർക്ക് ഇപ്പോൾ നല്കുന്ന സഹായധനം പോര. കൂടുതൽ സബ്സിഡി നൽകുവാൻ തയ്യാറാകണം.
9. കന്നുകാലികൾക്ക് ആവശ്യമായ പ്രതിരോധ കുത്തിവെയ്പ്പ് കാലാകാലങ്ങളിൽ നടത്തുക.
10. ക്രിത്രിമ ബീജസങ്കലനത്തിന് നല്ല ഇനം ബീജം ഉപയോഗിക്കുകയും ബീജം സൗജന്യമായി നല്കേണ്ടതുമാണ്.
11. പഞ്ചായത്തിൽ ഒരു കൃത്രിമ ബീജ സങ്കലനകേന്ദ്രം ആരംഭിയ്ക്കണം
12. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ വാർഡിലെ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിയ്ക്കണം
13. ക്ഷീരസംഘത്തിന്റെ ശാഖ കിഴുത്താണിയിൽ ആരംഭിയ്ക്കണം
14. അഞ്ചാം വാർഡിൽ പാൽ വിൽപനക്കും, ശേഖരണത്തിനും ഉള്ള കേന്ദ്രം തുറക്കണം.
15. കാറളം ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ ഉള്ള ക്ഷീരകർഷകർക്ക് ഇപ്പോൾ സ്ഥിതി ചെയ്യുന്ന ആശുപത്രിയിലേക്ക് 9ഉം, 10ഉം കിലോമീറ്റർ സഞ്ചരിച്ചുവേണം എത്താൻ. നല്ലനിലയിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘവും, ധാരാളം ക്ഷീരകർഷകരും, ഉള്ളമേഖലയാണ് മൃഗാശുപത്രി വാർഡിൽ അനിവാര്യമാണ്.
16. കാറളം ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ ഒരു പൊതു ഇറച്ചി മാർക്കറ്റ് സ്ഥാപിക്കണം.
17. ഇറച്ചികോഴി യൂണിറ്റുകൾ വാർഡിൽ അഞ്ചോ പത്തോ തുടങ്ങാൻ സാദ്ധ്യതയുണ്ട്. അതിനായി സ്വയം തൊഴിൽ പദ്ധതി പ്രകാരമോ മറ്റു സർക്കാർ ധനസഹായമോ നല്കി ആവശ്യമായ ഇറച്ചികോഴി യൂണിറ്റുകൾ തുടങ്ങേണ്ടതുണ്ട്.
18. പാൽ സംഭരിക്കുന്നതിന് രണ്ടു കേന്ദ്രങ്ങൾ കൂടി ക്ഷീരസംഘത്തിന്റെ കീഴിൽ തുടങ്ങണം. (1) തെക്കേകാവൽപ്പുര, (2) വടക്കേകാവൽപ്പുര എന്നി സ്ഥലങ്ങളിൽ തുടങ്ങണം.
19. മുയൽ വളർത്തൽ കേന്ദ്രങ്ങൾക്ക് സാദ്ധ്യതയുണ്ട്
20. കാറളം ഗ്രാമപഞ്ചായത്ത് 8-ാം വാർഡ് മൃഗാശുപത്രിയിൽനിന്നും വളരെ ദൂരെ സ്ഥിതിചെയ്യുന്നതുകൊണ്ട് ഒരു മൃഗാശുപത്രി അനുവദിക്കണം.
21. നായ്ക്കളുടെ ശല്യം പഞ്ചായത്തിൽ കൂടുതലാണ്. അവയെ നശിപ്പിക്കുന്നതിന് നടപടി എടുക്കണം.

22. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വീടുകളിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം

23. കാറളം ഗ്രാമപഞ്ചായത്ത് 9-ാം വാർഡിൽ ക്ഷീരകർഷകരുടെ ആവശ്യാർത്ഥം ഒരു കളക്ഷൻ സെൻറർ ഏർപ്പെടുത്തണം.

24. മൃഗസംരക്ഷണ വകുപ്പിൻെറ സേവനം വാർഡു തലത്തിൽ എത്തിക്കുന്നതിന് നടപടി ഉണ്ടാകണം.

25. മൃഗങ്ങളെ വാങ്ങുന്നതിന് വായ്പാ സൗകര്യം ലളിതമാക്കണം.

## സാദ്ധ്യതകൾ

1. അടുക്കള മുറ്റത്ത് കോഴിവളർത്തൽ പദ്ധതി. അടുത്തടുത്തുള്ള ഓരോ അഞ്ചുവീടിന് 5 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം നടത്തുക.
2. അടുക്കള മുറ്റത്ത് താറാവു വളർത്തൽ
3. കാട കോഴി വളർത്തൽ
4. കോഴിക്കൂട് വിതരണം ചെയ്യുക
5. സ്കൂൾ പൗൾട്രി ക്ലബ്ബുകൾ
6. മുട്ടകോഴി കുഞ്ഞുങ്ങളെ 6 മുതൽ 8 ആഴ്ച വരെ വളർത്തി വില്പന നടത്തുന്ന യൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങുക.

***ജൈവവള ഉൽപ്പാദനം***

പ്രതിവർഷം 25,000 ടൺ കാലിവളം നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്നുണ്ട്. ജൈവവളത്തിന് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക. നിലവിലുള്ള ഊർജ്ജ പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിന് കൂടുതൽ ഗോബർ ഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കണം. നിലവിൽ 20 വീടുകളിൽ മാത്രമാണ് ഇത്തരം പ്ലാൻറുകൾ ഉള്ളത്. പദ്ധതിയുടെ അവസാനം 400 വീടുകളിൽ എങ്കിലും ഈ പദ്ധതികൊണ്ട് ഗുണം ഉണ്ടാക്കണം.

***പേവിഷ നിർമ്മാർജ്ജനം***

പഞ്ചായത്തിലുള്ള എല്ലാ നായ്ക്കളേയും പതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കണം. ഇതിന് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയും വേണം.

***കന്നുകാലി ഇൻഷൂറൻസ്***

കന്നുകാലി ഇൻഷൂറൻസ് പദ്ധതി പ്രകാരം പഞ്ചായത്തിലുള്ള എല്ലാ കന്നുകാലികളേയും മൃഗാശുപത്രിയുടെ കീഴിൽ രജിസ്റ്റർ ചെയ്യുകയും ഇവയെ ഒരു മാസ്റ്റർ പോളിസി വഴി ഇൻഷൂറൻസ് കവറേജ് ചെയ്യുകയും വേണം. സെമിനാറുകൾ, കന്നുകാലി പ്രദർശനം, ഗോരക്ഷാക്യാമ്പുകൾ മൃഗപരിപാലകർക്കുള്ള അംഗീകാരം എന്നിവ നടത്തേണ്ടതാണ്.

## മത്സ്യമേഖല

**ആമുഖം**

ജലസ്രോതസ്സുകളേയും ജലാശയങ്ങളേയും ആശ്രയിച്ച് നടത്തുന്ന ഒരു കാർഷിക വൃത്തിയാണ്. ജലകൃഷി അഥവാ അക്വാകൾച്ചർ. ജലജന്തുക്കളെയും, ജലസസ്യങ്ങളെയും ശാസ്ത്രീയമായ കാർഷിക മുറകളനുസരിച്ച് വർദ്ധിച്ച തോതിൽ വളർത്തിയെടുക്കുന്നതിനെയാണ് ജലകൃഷി എന്നു പറയുന്നത്. ധാരാളം ജലസ്രോതസ്സുകളുള്ള കാറളം പഞ്ചായത്തിൽ മത്സ്യകൃഷിക്കും ജലകൃഷിക്കും ധാരാളം സാധ്യതകൾ ഉണ്ട്. എന്നാൽ ഈ മേഖലയ്ക്ക് അർഹമായ പ്രാമുഖ്യമോ,വികസന പ്രാധാന്യമോ വേണ്ടത്ര ലഭിക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്.

പഞ്ചായത്തിലെ ജലകൃഷി സാദ്ധ്യതകൾ മൊത്തത്തിൽ വിലയിരുത്തുന്ന സമഗ്രപഠനങ്ങളൊന്നും തന്നെ നാളിതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ അത്തരം സാദ്ധ്യതകൾ വലിയൊരളവുവരെ അറിഞ്ഞോ, അറിയാതെയോ, ജലാശയങ്ങളേയും ജലകൃഷിയേയും നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ജലകൃഷിക്കനുയോജ്യമായ ജലാശയങ്ങളും, ഭൂപ്രദേശങ്ങളും വേർത്തിരിച്ച് സംരക്ഷിക്കുകയും, മത്സ്യ കൃഷിക്ക് ഉപയോഗിക്കാവുന്നതുമാണ്. പഞ്ചായത്തിൻെറ സമ്പത്ഘടനയെ നിർണ്ണായകമായി ശക്തിപ്പെടുത്തുവാനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും മത്സ്യകൃഷി മേഖലയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പ്രദേശത്തിനു ലഭിച്ചിട്ടുള്ള പ്രകൃതിദത്തമായ ജലകൃഷി സാദ്ധ്യതകൾ ഇനിയും നശിക്കാതെ സംരക്ഷിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ ആസൂത്രണം ചെയ്തു വികസിപ്പിക്കുന്നതിനും അടിയന്തിരമായ നടപടികൾ അനിവാര്യമായിരിക്കുന്നു.

പോഷക പ്രാധാന്യമുള്ള ആഹാരവിഭവമെന്ന നിലയിലും, വാണിജ്യ പ്രാധാന്യമുള്ള ജലസമ്പത്ത് എന്ന നിലയിലും പഞ്ചായത്തിൽ ഉള്ള ജലസ്രോതസ്സുകളുടേയും ജലാശയങ്ങളുടേയും ഘടനയും, സ്വഭാവവും തിരിച്ചറിഞ്ഞ് മത്സ്യകൃഷി വ്യാപകമാക്കേണ്ടതുണ്ട്.

ഇപ്പോൾ ഫിഷറീസ്സ് ഡിപ്പാർട്ട്മെൻറ് വഴി ഓരു ജലകൃഷി, ശുദ്ധ ജലകൃഷി എന്നിങ്ങനെ ധനസഹായവും, സബ്ബ്സിഡിയും നൽകി ജലകൃഷി പ്രോത്സാഹിപ്പിക്കുന്നു.

***ഓരു ജലകൃഷി***

1. ചെമ്മീൻ കൃഷി
2. ഓരു ജലകൃഷി
3. ഞണ്ടു കഷി
4. കക്കാ കൃഷി

***ശുദ്ധ ജലകൃഷി***

1. ശുദ്ധ ജല മത്സ്യ കൃഷി
2. കൊഞ്ചുകൃഷി
3. ആമ വളർത്തൽ
4. തവള കൃഷി
5. അലങ്കാര മത്സ്യകൃഷി

എന്നാൽ ഇത്തരം സർക്കാർ പദ്ധതികളൊന്നും തന്നെ വേണ്ട വിധത്തിൽ ജനങ്ങളിൽ എത്തിക്കുകയോ, വേണ്ടത്ര ബോധവൽക്കരണം നാളിതുവരെ നടത്താൻ സർക്കാർ തയ്യാറായിട്ടുമില്ല. മാത്രവുമല്ല, ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളും ഏറെയാണ്. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പകൾ ലഘൂകരിക്കേണ്ടതാണ്. മാത്രവുമല്ല, മത്സ്യമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗം മൂലം മത്സ്യകൃഷി നടത്തുന്നവർക്കും, ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ആശങ്ക മാറ്റുന്നതിന് സത്വര നടപടി ഉണ്ടാകേണ്ടതുണ്ട്.

***ഗ്രാമസഭ നിർദ്ദേശങ്ങൾ***

1. മത്സ്യതൊഴിലാളികൾക്ക് തൊഴിലില്ലാത്ത കാലങ്ങളിൽ സൗജന്യ റേഷൻ അനുവദിക്കണം.
2. മത്സ്യങ്ങൾക്ക് രോഗം ബാധിച്ചാൽ ലേലതുകയിൽ ഇളവനുവദിക്കണം
3. മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന എല്ലാവരെയും, മത്സ്യതൊഴിലാളികളായി അംഗീകരിക്കണം.
4. ശുദ്ധ ജല മത്സ്യകൃഷിക്ക് വേണ്ട സഹായധനം നൽകണം.
5. മത്സ്യകൃഷി മേഖലയിൽ ധാരാളം തൊഴിലവസരമുണ്ട് മത്സ്യകൃഷി വ്യാപകമാക്കണം.

6. മത്സ്യങ്ങളുടെ പ്രജനനകാലത്ത് മത്സ്യപിടുത്തം നിരോധിക്കുക
7. പൊതുവായി മത്സ്യതൊഴിലാളി സഹകരണ സംഘം രൂപീകരിക്കണം.
8. മത്സ്യം അരിച്ച് പിടിക്കുന്നത് തടയണം
9. കടുംമ്പാട് പാടശേഖരത്തിൽ ജൂൺ, ജൂലായ് മാസങ്ങളിൽ ചെമ്മീൻ കൃഷി ചെയ്താൽ വളരെ ലാഭകരമായി നടത്താൻ കഴിയും. അതിനായി ഒക്ടോബറിൽ വിളവെടുപ്പ് നടത്താവുന്ന നിലയിൽ കൃഷി നടത്തണം (100 ഏക്കർ നിലം)
10. കാറളം ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ സ്ഥിലം മത്സ്യമാർക്കറ്റ് വേണം. പഞ്ചായത്ത് സ്ഥലവും കെട്ടിടവും അനുവദിക്കണം.
11. ശുദ്ധജല മത്സ്യകൃഷിക്ക് കുളങ്ങൾ നിർമ്മിക്കുന്നതിനും മത്സ്യം വളർത്തുന്നതിനും സഹായം നൽകണം.
12. പഞ്ചായത്തിൽ മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് ഒരു ഫിഷ് ഹാച്ചറീസ് സ്ഥാപിക്കണം.
13. വളർത്തപ്പെടുന്ന മത്സ്യങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തണം.
14. മത്സ്യകൃഷിക്ക് സർക്കാർ സഹായധനം നൽകണം
15. മത്സ്യലേലം പഞ്ചായത്തിൽ നിന്ന് ഒഴിവാക്കുക
16. മത്സ്യതൊഴിലാളികളുടെ മക്കളുടെ സൗജന്യവിദ്യാഭ്യാസം ഉറപ്പുവരുത്തുക.
17. മത്സ്യങ്ങൾക്ക് കണ്ടുവരുന്ന രോഗങ്ങൾക്ക് സർക്കാർ തലത്തിൽ പ്രതിരോധ നടപടികൾ കൈക്കൊള്ളണം.
18. മത്സ്യ വിപണന കേന്ദ്രം സ്ഥാപിക്കുക (പഞ്ചായത്തിൽ ഒരിടത്തും മത്സ്യ മാർക്കറ്റില്ല)
19. മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള മാർഗ്ഗങ്ങൾ പ്രചാരത്തിൽ വരുത്തുക

## സാദ്ധ്യതകൾ

(1) കരുവന്നൂർ പുഴയുടെ ഇല്ലിക്കൽ ഡാം മുതൽ കൊറ്റംകോട്, റഗുലേറ്റർ വരെയുള്ള കാറളം ഗ്രാമപഞ്ചായത്തിൽപ്പെട്ട പുഴയോരം മത്സ്യകൂടുകൾ സ്ഥാപിച്ച് കൃഷി ചെയ്യുന്നതിന് വൻ സാദ്ധ്യതയുണ്ട് (5 കി.മി. ദൂരം)

(2) പ്രധാന മത്സ്യ ശ്രോതസ്സ് KLDC കനാൽ ഉപതോടുകൾ, കാറളം പുളിയംപാടം, കിഴുത്താണി, ആവൽചിറ പാടശേഖരം, വെള്ളാനി പാടശേഖരം, ചെമ്മണ്ട കായൽ പാടശേഖലം ചെങ്ങാനിപ്പാടംപുറംപോക്ക്, കുമരംചിഴ കറുത്തനാൽ കടവ് ചാൽ, കാട്ടൂർ തെക്കുംപാടശേഖരം, കുറുമ്പാട് ചാൽ, കടുവാകുഴി, കാട്ടൂർ തെക്കുംപാടം, ഉപതോടുകൾ എന്നീ മേഖലകളിൽ വൻ മത്സ്യകൃഷി സാദ്ധ്യതകൾ ഉണ്ട്.

(3) കൂടാതെ പഞ്ചായത്ത് കുളങ്ങളായ ചടയംകുളം, കരുപ്പിള്ളിക്കുളം, പറക്കുളം, പള്ളത്ത് കുഴി, മനക്കുളം, മൂത്രത്തിക്കുളം, പള്ളത്ത് കുളം, വേലാകുളം, കൂനമ്മാവ് കുളം വെഞ്ചൽകുളം, മറ്റു പ്രൈവറ്റ് കുളങ്ങൾ മത്സ്യ കൃഷി ആദായകരമായി നടത്താൻ സാദ്ധ്യതയുണ്ട്.

4. പഞ്ചായത്തിൽ അംഗീകൃത തൊഴിലാളികളായി 87 കുടുംബങ്ങൾ ഉപജീവന മാർഗ്ഗമായി ഈ മേഖലയിൽ ജീവിക്കുന്നു.
5. കൂടാതെ അമ്പതോളം കുടുംബങ്ങൾ അംഗീകൃത തൊഴിലാളികളല്ലാത്തവരായും ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെടുന്നുണ്ട്.
6. മത്സ്യകൃഷി മേഖലയിൽ ഒരു പട്ടികജാതി മത്സ്യസഹകരണസംഘം രൂപികരിക്കാൻ സാദ്ധ്യതയുണ്ട്.
7. മത്സ്യബന്ധനവും, അനുബന്ധതൊഴിലും വർദ്ധിപ്പിക്കുന്നതിന് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പ്രതിമാസം പഞ്ചായത്തിലെ മത്സ്യ ഉപഭോഗം ഏകദേശം 6,00,000 രൂപയുടെ മേൽ വരുന്നു. കാറളം ഗ്രാമപഞ്ചായത്തിൽ പ്രധാന മത്സ്യ തൊഴിലാളി മേഖല നന്ദി IHDP കോളനിയാണ്

1. മത്സ്യ ഗ്രാമം
2. നാട്ടിൻ കുളം
3. മത്സ്യചിറകൾ
4. വീട്ടുകുളം
5. സാമൂഹ്യ ചിറകൾ
4. വീട്ടുകുളം
5. സാമൂഹ്യ കൃഷി
6. നെൽ-ചെമ്മീൻ പാടങ്ങൾ
7. ഫിഷറി എസ്റ്റേറ്റ്
8. മത്സ്യവിത്തുൽപാദന കേന്ദ്രം
9. ചെമ്മീൻ കൊഞ്ച് വിത്തുൽപാദന കേന്ദ്രങ്ങൾ
10. പിന്നാമ്പുറ ഹാച്ചറികൾ
11. അക്വാസ്റ്റോറുകൾ
12. അക്വാസർവ്വീസ് ക്ലബ്ബുകൾ
13. ഫിഷറീസ് യൂണിറ്റ്
14. ഫിഷ് മീൽ യൂണിറ്റ്
15. അക്വാളൻ ഇൻഡസ്ട്രീസ്

എന്നീ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സാദ്ധ്യയുണ്ട്.

# വിദ്യഭ്യാസം

ഔപചാരിക വിദ്യഭ്യാസ രംഗത്ത് 3 L.P. സ്കൂളും ഒരു ഹൈസ്കൂളുകളും ആണ് ഉള്ളത്. RMLPS കിഴുത്താനി, ALPS കാറളം, ALPS വെള്ളാനി, H.S. കാറളം, R.MLPS. കിഴുത്താനി 70 ൽ പരം വർഷങ്ങൾക്ക് മുമ്പ് സർക്കാരുവക സ്കൂളായി ആരംഭിച്ചതാണ്. പിന്നീടത് എയ്ഡഡ് സ്കൂൾ ആയിതീർന്നു. 1996 - 97 ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക താഴെ കൊടുക്കുന്നു.

| STD | ആകെ കുട്ടികൾ | | | SC കുട്ടികൾ | | | തോറ്റുപഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആ | ആ | പെ | ആ |
| I | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| I | 97 | 90 | 187 | 14 | 14 | 28 | - | - | - | - | - | - | - | - | - |
| II | 92 | 80 | 172 | 17 | 10 | 27 | 4 | - | 4 | 5 | 9 | 14 | 1 | - | 1 |
| III | 113 | 95 | 208 | 23 | 23 | 46 | - | 2 | 2 | 4 | 9 | 13 | - | - | - |
| IV | 94 | 76 | 170 | 17 | 15 | 32 | 6 | 6 | 12 | 6 | 3 | 9 | - | - | - |
| V | 65 | 52 | 117 | 11 | 8 | 19 | 4 | 1 | 5 | 4 | 2 | 6 | | | |
| VI | 71 | 50 | 121 | 16 | 12 | 28 | 8 | 1 | 9 | 4 | 2 | 6 | | | |
| VII | 83 | 68 | 151 | 22 | 14 | 36 | 8 | 4 | 12 | 16 | 3 | 19 | | | |
| VIII | 97 | 63 | 160 | 17 | 17 | 34 | 5 | 2 | 7 | 13 | 7 | 20 | | | |
| IX | 79 | 66 | 145 | 8 | 16 | 24 | 6 | 2 | 8 | 17 | 4 | 21 | | | |
| X | 51 | 67 | 118 | 7 | 10 | 17 | - | - | - | - | - | - | | | |
| | 842 | 709 | 1551 | 152 | 139 | 291 | 41 | 18 | 59 | 69 | 39 | 108 | 1 | - | 1 |

ഇതിനുപുറമെ മറ്റ് സ്കൂളുകളിലേക്കും 500 ൽ പരം കുട്ടികൾ പോകുന്നുണ്ട്. ഇതിനുള്ള പ്രധാന കാരണം സ്കൂളുകളിലേക്കുള്ള ദൂരം, ചില സ്കൂളുകളുടെ ഗുണനിലവാരകുറവ് തുടങ്ങിയവയാണ്. ഈ രംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുകയാണെങ്കിൽ സ്കൂൾ കോംപ്ലക്സ് സമ്പ്രദായം പുനഃസ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിലുള്ള സ്കൂളുകളിൽ കുട്ടികൾ ചേർന്നു പഠിക്കുന്നതാണ്. പഞ്ചായത്തു തല സ്കൂൾ കോംപ്ലക്സ് ആസൂത്രണം ചെയ്യുമ്പോൾ ജനകീയ നേതൃത്വം നല്കുന്നതിനും റീഡിംഗ് സ്കൂൾ പരിപോഷണം നടത്തുന്നതിനും സാധിക്കുമല്ലോ!

## ഗ്രാമസഭകളിൽ നിന്നുന്നയിച്ച പ്രശ്നങ്ങൾ

1. സ്കൂളുകളിലെ പഠന നിലവാരം ഉയർത്തണം.
2. കെട്ടിടവും സ്ഥലവുമില്ലാത്ത അംഗൻവാടികൾക്ക് അവ ലഭ്യമാക്കണം.
3. I.T.I, I.T.C. കൾ സ്ഥാപിക്കണം.
4. 3,6,7 വാർഡുകളിലെ പ്രൈമറി സ്കൂൾ കുട്ടികൾക്ക് 3-4 കി. മീ. സഞ്ചരിച്ചുവേണം സൂളിൽ എത്താൻ.ഇതിനു പരിഹാരം കാണാൻ സ്കൂളുകൾ സ്ഥാപിക്കണം.
5. സഹകരണ മേഖലയിൽ തയ്യൽ സ്കൂൾ, ടൈപ്പ്റൈറ്റിംങ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കണം.

## സ്കൂളുകളുടെ പൊതുവിവരം

| ഹൈസ്കൂറം എയ്ഡഡ് | | ആൺ | പെൺ | ആകെ | അദ്ധ്യാപകർ | വിസ്തീർണ്ണം |
|---|---|---|---|---|---|---|
| കാറളം | „ | 446 | 366 | 812 | 34 | 3.79 ഏകർ |
| ALPSകാറളം | „ | 190 | 165 | 355 | 11 | 43 സെൻറ് |
| RMLPS കിഴുത്താനി | „ | 116 | 100 | 216 | 8 | 23.8 സെൻറ് |
| ALPS വെള്ളാനി | „ | 90 | 78 | 168 | 5 | 50 സെൻറ് |
| ആകെ | | 842 | 709 | 1551 | 58 | |

## S.S.L.C. വിജയശതമാനം

| വർഷം | |
|---|---|
| 1987 - 88 | 90 % |
| 1988 - 89 | 65 % |
| 1989 - 90 | 71 % |
| 1990 - 91 | 77 % |
| 1991 - 92 | 71 % |
| 1992 - 93 | 62 % |
| 1993 - 94 | 61 % |
| 1994 - 95 | 69 % |
| 1995 - 96 | 49 % |

6. ഓരോ വാർഡിലും വായനശാലകറം സ്ഥാപിക്കണം. തുടർവിദ്യാഭ്യാസത്തിന് പഠിതാക്കറംക്ക് പ്രോത്സാഹന അലവൻസ് നൽകണം.
7. അംഗനവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണം.
8. അംഗനവാടികറംക്ക് ആവശ്യമായ ഉപകരണങ്ങറം നൽകണം.
9. സ്കൂളുകളിൽ കൊഴിഞ്ഞുപോകുന്നവരെ കണ്ടുപിടിച്ച് പഠനം തുടരുന്നതിന് വേണ്ട സഹായം നല്കണം.
10. പഠനത്തിൽ സമർത്ഥരായവർക്ക് വേണ്ട പ്രോത്സാഹനം ആവശ്യമെങ്കിൽ സാമ്പത്തിക സഹായം നല്കണം.
11. L.P. സ്കൂളുകറം അപ്ഗ്രേഡ് ചെയ്യണം.
12. പൊതുകളിസ്ഥലങ്ങറം നിർമ്മിക്കണം.
13. ALPS കാറളം, ALPS വെള്ളാനി, RMLPSകിഴുത്താനി എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം യഥാക്രമം 43 സെൻറ് 23.3 സെൻറ്, 50 സെൻറ് ആകുന്നു. ഇത് ഓരോ ഏക്കറായി വർദ്ധിപ്പിക്കണം.
14. സ്കൂളുകളിലെ ഉച്ചഭക്ഷണപരിപാടി കൂടുതൽ കാര്യക്ഷമമാക്കണം.
15 കാലാകായിക രംഗങ്ങളിൽ പ്രൈമറി വിദ്യാർത്ഥികറംക്ക് കൂടുതൽ പ്രോത്സാഹനം നൽകണം.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനം സംഘടിപ്പിക്കണം.

അദ്ധ്യാപക പരിശീലനം പരിഷ്ക്കരിക്കുക

ബോധന രീതികളിൽ മാറ്റം വരുത്തുക.

വ്യക്തിഗതബോധനം പരിഹാരബോധനം തുടങ്ങിയ രീതികൾ അവലംബിക്കുക. മോണിറ്ററിംഗ് നടത്തുക.

പാരാ അകക്കാദമിക് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. വീടുകൾ സന്ദർശിച്ച് പഠനസാഹചര്യങ്ങൾ വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ ആരായുക.

ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപക രക്ഷാകർതൃ സംഘടനയുടെ പ്രവർത്തനം മെച്ച പ്പെടുത്തുക.

വിദ്യാഭ്യാസ സമിതി രൂപീകരിച്ച് ആവശ്യമായ വിഭവസമാരഹണം നടത്തുക.

സ്കൂൾ കോംപ്ലക്സ്, കേറ്ററിംഗ് സ്കൂൾ പരിചരണം, ശാസ്ത്രീയമായ പരിഹാരബോധനവും , സർത്ഥരായ വിദ്യാർത്ഥികൾക്ക് വേണ്ട Enrichment programme തുടങ്ങിയവ നടത്താവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ സമഗ്രമായ വിദ്യാഭ്യാസപദ്ധതി ആവിഷ്ക്കരിക്കുന്നതിന് പ്രത്യേകം സമിതി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ താഴെ പറയുന്ന ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

1. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ അക്ഷര ബോധം അക്കബോധം എന്നിവ നിർണ്ണയിക്കുന്നതിന് ഡൈഗ്നോസ്റ്റിക് ടെസ്റ്റുകൾ നടത്തി സമയബന്ധിതമായി പരിഹാരപ്രവർത്തനം നടത്തുക

2. എല്ലാ ക്ലാസ്സിലേയും എല്ലാ വിഷയങ്ങളിലേയും കുട്ടികൾക്ക് അടിസ്ഥാന ധാരണകൾ ഉണ്ടായി എന്ന് ഉറപ്പു വരുത്തുക. ഇന്നുള്ള ധാരണകൾ കണ്ടെത്തി ശാസ്ത്രീയ അനുപൂരക പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

3. അദ്ധ്യാപകർക്ക് നിരന്തരമായ പുനഃപരിശീലനം നല്കുക. ഇതിനായി വിവിധ വിഷയങ്ങളിൽ വിദഗ്ദരായവരെ റിസോഴ്സ് പേഴ്സണുകളായി കണ്ടെത്തി പരിശീലിപ്പിക്കണം.

4. പുതിയ മൂല്യനിർണ്ണയരീതി ആവിഷ്ക്കരിക്കണം. എഴുത്തു പരീക്ഷ, വാച പരീക്ഷ, പ്രായോഗിക പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

5. സ്കൂൾ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യാൻ ഇന്നുള്ള സംവിധാനങ്ങൾക്കു പുറമെ ജനകീയ മോണറ്ററിംഗ് ഉപയോഗിക്കേണ്ടതാണ്.

6. 10-ാം ക്ലാസ്സിലെ റിസൾട്ട് മെച്ചപ്പെടുത്താൻ ഉള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

7. പാരാ - അക്കാദമിക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തേണ്ടതാണ്. സാഹിത്യ സമാജം, ബാലസഭ, സയൻസ് ക്ലബ്ബ്, സയൻസ് കോർണർ, യങ് ഫാർമേഴ്സ് ക്ലബ്ബ് തുടങ്ങിയവ നടത്താവുന്നതാണ്. സ്കൂൾ അസംബ്ലി, ലൈബ്രറി പ്രയോജനപ്പെടുത്തൽ, ദേശീയ ദിനാചരണം, കലോത്സവങ്ങൾ, വാർഷികങ്ങൾ, പഠനയാത്രകൾ സംഘടിപ്പിക്കൽ തുടങ്ങിയവ ഈ വിഭാഗത്തിൽ പെടുത്താം. ചുവർ മാസിക, കയ്യെഴുത്തു മാസിക, വയന കോർണറുകൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

8. സ്കൂളും പരിസരവും കുറഞ്ഞ ചെലവിൽ ആകർഷകമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

9. പഠനനിലവാരം, ഭൗമിക സൗകര്യങ്ങൾ എന്നിവ വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.

സേവനവാരം (ഒക്ടോബർ രണ്ടു മുതൽ) പുനരുജ്ജീവിപ്പിക്കണം.

# ആരോഗ്യം - ശുചിത്വം

ശാരീരികമായും മാനസികമായും രോഗമില്ലാതിരിക്കുന്ന അവസ്ഥയെയാണ് പൊതുവായി ആരോഗ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ശുദ്ധജലത്തിന്റെ അഭാവം, പോഷകാഹാരകുറവ്, പരിസരമലിനീകരണം തുടങ്ങിയവയാണ് അനാരോഗ്യത്തിന്റെ മുഖ്യകാരണങ്ങൾ. ഇതെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്.

സാധാരണക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലൂടെയാണ്. നമ്മുടെ പഞ്ചായത്തിലെ പൊതുവായ ആരോഗ്യ കേന്ദ്രമാണ് കാറളം പ്രാഥമിക ആരോഗ്യകേന്ദ്രം. ഇതിന്റെ പിരിധിയിൽ കാറളം പഞ്ചായത്തും കാട്ടൂർ പഞ്ചായത്തും ഉൾപ്പെടുന്നു.

ഒരു വർഷം ഏഴായിരത്തോളം രോഗികൾ ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചികിത്സക്കായി എത്തുന്നുണ്ട്. സാധാരണ രോഗങ്ങൾക്കുള്ള ചികിത്സക്ക് പുറമെ, ഗർഭിണികൾക്കുള്ള പരിശോധന, കുട്ടികളുടെ പ്രതിരോധകുത്തിവെപ്പുകൾ, കുടുംബക്ഷേമ പരിപാടികൾ എന്നിവ നടപ്പിലാക്കുന്നുണ്ട്.

1995-96 സാമ്പത്തിക വർഷം ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 34 കുടുംബക്ഷേമ ശസ്ത്രക്രിയകൾ നടത്തി. 33 പേർക്ക് താല്ക്കാലിക കുടുംബക്ഷേമത്തിനുള്ള കോപ്പർ ടീ നിക്ഷേപം നടത്തി.

തീവ്രമായ കുടുംബക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി ശിശുജനന നിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗർഭിണികൾക്കുള്ള പ്രതിരോധകുത്തിവെപ്പും, അയേൺ ഗുളികകളും ശിശുമരണനിരക്ക് കുറയുന്നതിന് സഹായിച്ചിട്ടുണ്ട്.

കഴിഞ്ഞവർഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ട മലേറിയ രോഗം ആരോഗ്യ പ്രവർത്തകരുടെ ജാഗരൂകമായ പ്രവർത്തനം മൂലം നിയന്ത്രണവിധേയമാക്കുവാൻ കഴിഞ്ഞു. മലേറിയ രോഗം ഇവിടെ ഉണ്ടായത് അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നവരിലൂടെയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. മലേറിയ എങ്ങിനെ മനുഷ്യർക്ക് പിടിപെടുന്നുവെന്നും അത് തടയാനുള്ള മാർഗ്ഗങ്ങൾ എന്താണെന്നുമുള്ളതിനെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാൻ ക്ലാസ്സുകൾ നടത്തുകയുണ്ടായി. കഴിഞ്ഞ വർഷമുണ്ടായ വളരെ ശ്രദ്ധയർഹിക്കുന്ന ഒരു കാര്യം താണിശ്ശേരി മേഖലയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ഒരാളുടെ AIDS രോഗമാണ്. പരിഭ്രാന്തരായ നാട്ടുകാർക്ക് വേണ്ടി ജില്ലാ ആഫീസിൽ നിന്നും എത്തിയ വിദഗ്ദ്ധർ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി.

ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി 9-12-95, 20-1-96 അംഗനവാടി ജീവനക്കാരുടെ സഹകരണത്തോടെ ഇരുപതോളം ഡിപ്പോകളിൽവെച്ച് പോളിയോ വാക്സിൻ കുട്ടികൾക്ക് കൊടുക്കുകയുണ്ടായി. മൂന്നു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പോളിയോ വാക്സിൻ നൽകിയ ഈ പരിപാടി 95 ശതമാനത്തിൽ കൂടുതൽ ലക്ഷ്യം കൈവരിച്ചു.

ഈ ആരോഗ്യകേന്ദ്രം വഴിയായി സ്ക്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യപരിശോധനയും കുത്തിവെപ്പും നടത്തുകയുണ്ടായി.

മെഡിക്കൽ ആഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ അംഗനവാടികളിൽ ബോധവൽക്കരണ ക്ലാസുകൾ മാസംതോറും നടത്തുന്നുണ്ട്.

ഈപ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ താണിശ്ശേരി, വെള്ളാനി, കാറളം എന്നീ കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഗർഭിണികളുടെ പരിശോധന, കുത്തിവെപ്പ്, അയേൺ ആന്റ് ഫോളിക് ആസിഡ് ഗുളികകൾ നൽകുക, കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പുകൾ, വൈറ്റമിൻ എ ഗുളികകൾ നൽകുക, അന്ധതാനിവാരണം ഇവയെല്ലാം കുടുംബക്ഷേമ പ്രവർത്തകരുടെ പ്രവർത്തനങ്ങളാണ്.

ദേശീയ പ്രസവ ക്ഷേമപദ്ധതിയുടെ ഭാഗമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗർഭിണികൾക്ക് പ്രസവധനസഹായം നൽകി വരുന്നു. ഇതിന് കുടുംബക്ഷേമകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഈ പാവപ്പെട്ട ഗർഭിണികളുടെ രജിസ്ട്രേഷനും, സർട്ടിഫിക്കറ്റ് നൽകലും കുടുംബക്ഷേമ പ്രവർത്തകരുടെ കർത്തവ്യങ്ങളിൽപ്പെടുന്നു.

## ഐ. സി. ഡി. എസ്. പ്രോജക്ട്, ഇരിങ്ങാലക്കുട

ഒരു രാഷ്ട്രത്തിൻെറ പരമപ്രധാനമായ സമ്പത്താണ് ശിശുക്കാം. ഇന്ത്യയിൽ വർഷംതോറും ജനിക്കുന്ന 23 മില്യൻ കുട്ടികളിൽ മൂന്ന് മില്യൻ കുട്ടികളും പല കാരണങ്ങളാൽ മരിക്കുന്നു. കുട്ടികളുടെ പോഷകാഹാരകുറവും അതിലുപരി മാതാപിതാക്കളുടെ അറിവില്ലായ്മയുമാണ് ശിശുമരണനിരക്ക് കൂട്ടുവാൻ കാരണമെന്ന് മനസ്സിലാക്കാവുന്നതാണ്. 1958-ന് ശേഷം അമ്മമാർക്കും കുഞ്ഞുങ്ങാംക്കും വേണ്ടിയുള്ള നിരവധി പദ്ധതികാം നിലവിലുണ്ടായിരുന്നുവെങ്കിലും അവയെല്ലാം പോഷകാഹാരം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ ഓരോ പദ്ധതികാംക്കും ഊന്നൽ കൊടുക്കുന്നവയായിരുന്നു. അതുകൊണ്ട് സ്ത്രീകളുടേയും കുട്ടികളുടേയും സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കി 1975-ൽ ഇന്ത്യാ ഗവണ്മെൻറ് യൂണിസെഫിൻെറ സഹായത്തോടെ സംയോജിത ശിശുവികസന സേവന പദ്ധതി ഒരു പരീക്ഷണമെന്ന നിലയിൽ ആരംഭിച്ചത്. ഇന്ന് കേരളത്തിൽ എല്ലാ ബ്ലോക്കുകളിലും ഈ പദ്ധതി നടപ്പിൽ വന്നു കഴിഞ്ഞു.

*ഈ പദ്ധതിയുടെ ലക്ഷ്യങ്ങാം*

1. 0-6 വയസ്സു വരെയുള്ള കുട്ടികളുടെ പോഷണ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിൻെറ മാനസികവും, ശാരീരികവും, സാമൂഹ്യവുമായ വികസനത്തിന് ശരിയായ അടിസ്ഥാനമിടുക.
3. മരണം, രോഗം, പോഷണകുറവ് ഇവയുടേയും സ്ക്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്നതിൻെറയും തോത് കുറയ്ക്കുക.
4. ശിശുവിൻെറ ശരിയായ ആരോഗ്യവും പോഷണാവശ്യകതയും ശ്രദ്ധിക്കാൻ തക്കവിധത്തിൽ മാതാവിനും പോഷണവിദ്യാഭ്യാസവും ആരോഗ്യവിദ്യാഭ്യാസവും നൽകുക.
5. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകാം തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും സമീകരണം വരുത്തുക.

*സേവനങ്ങാം*

1. പൂരകാഹാരം
2. ആരോഗ്യപരിശോധന
3. പ്രാഥമികാരോഗ്യ രക്ഷാറെഫറൽ സർവ്വീസുകാം
4. രോഗപ്രതിരോധ കുത്തിവയ്പ്പുകാം
5. പോഷണം, ആരോഗ്യവിദ്യാഭ്യാസം
6. അനൗപചാരിക പ്രീ സ്ക്കൂാം വിദ്യാഭ്യാസം

*പ്രീ സ്ക്കൂാം വിദ്യാഭ്യാസം*

1. പ്രീ സ്ക്കൂാം പ്രവർത്തനങ്ങാം കുട്ടിയുടെ നാനാമുഖമായ വളർച്ചയ്ക്ക് ഉതകുന്ന രീതിയിലാണ്.
2. പ്രീ സ്ക്കൂാം വിദ്യാഭ്യാസത്തിൻെറ ലക്ഷ്യവും, ഉദ്ദ്യേശവും സഫലമാകത്തക്കവണ്ണം പരിപാടികാം ആസൂത്രണം ചെയ്യുക. ഓരോ ഉദ്ദ്യേശത്തിനും ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങാം തിരഞ്ഞെടുക്കുന്നു.
3. കുട്ടികളുടെ ശാരീരികവും, സാമൂഹികവും, ബുദ്ധിപരവും, ക്രിയാത്മകവും, വൈകാരികവും, ഭാഷാപരവുമായ വികസനത്തിനുതകുന്ന സമീകൃത പ്രവർത്തനം ഓരോ ദിവസവും ചെയ്യുന്നു.
4. എല്ലാ പ്രവർത്തനങ്ങാംക്കും കളി മാധ്യമമായിരിക്കും. ഓരോ ദിവസത്തെ പ്രവർത്തനങ്ങാം കളിയിൽ ആരംഭിച്ച് കളിയിൽ അവസാനിക്കുന്നു.
5. കുട്ടികാംക്കും ഇഷ്ടാനുസരണം പരീക്ഷിക്കാനും, നിരീക്ഷിക്കാനും, അനുഭവങ്ങാം കിട്ടാനുമുള്ള അവസരം കൊടുക്കുന്നു.
6. കുട്ടികളുടെ കഴിവ് താൽപര്യം ആവശ്യം എന്നിവ മുൻനിർത്തി പരിപാടികാം ആസൂത്രണം ചെയ്യുന്നു.

7. ഓരോ ദിവസത്തേയ്ക്കും ഒരു നിശ്ചിത ടൈംടേബിൾ ഉണ്ടായിരിക്കും. പതിവായുള്ള ദിനചര്യകൾ കുഞ്ഞുങ്ങൾക്ക് സുരക്ഷിതബോധവും, സന്തോഷവും പ്രദാനം ചെയ്യുന്നു. കുട്ടികളുടെ ആവശ്യം, താൽപര്യം, സാഹചര്യം ഇവ കണക്കിലെടുത്ത് ടൈംടേബിളിൽ മാറ്റങ്ങൾ വരുത്തുന്നു.

8. കുഞ്ഞുങ്ങൾ ദീർഘനേരം ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അശക്തരായതിനാൽ ഓരോ പ്രവർത്തനവും 25, 30 മിനിറ്റിൽ നടത്തുന്നു.

അംഗൻവാടികളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കൈകൊണ്ടിട്ടുള്ള കാര്യങ്ങൾ:-

വെൽഫെയർ കമ്മറ്റി, അമ്മമാർക്ക് ബോധവൽക്കരണ ക്ലാസുകൾ, രക്ഷാകർതൃസമ്മേളനങ്ങൾ നിരീക്ഷണങ്ങൾ അഭിപ്രായങ്ങൾ ആരായൽ, കൂടിയാലോചനകൾ, അമ്മമാർക്കുവേണ്ടി പ്രശ്നോത്തരി എന്നിവയെല്ലാം എല്ലാ അംഗൻവാടികളിലും നടത്തുന്നു. അമ്മമാർക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സു നടത്തുന്നതിനും പോഷകാഹാര സെമിനാർ നടത്തുന്നതിനും ആരോഗ്യവകുപ്പിൻെറ സഹകരണം ലഭിച്ചുവരുന്നു. എല്ലാ ഡിപ്പാർട്ടുമെൻറുമായി സഹകരിച്ച് സ്ത്രീകൾക്കുവേണ്ടി ബോധവൽകരണ ക്ലാസ്സുകൾ നടത്താറുണ്ട്. കുട്ടികൾക്കുവേണ്ടിയുള്ള കലാ-കായികമേള പൊതുജനപങ്കാളിത്തത്തോടുകൂടി എല്ലാവർഷവും നടത്തുന്നു. ജാതിമതരാഷ്ട്രീയങ്ങൾക്ക് അതീതമായി മാനവ സ്നേഹം കെട്ടിപ്പടുക്കുവാൻ ഐ. സി. ഡി. എസ്.- ൽ കൂടി കഴിയുന്നു.

9. പ്രീ സ്ക്കൂൾ ക്ലാസുകൾ തീമിനെ ആസ്പദമാക്കിയുള്ളതിനാൽ ഓരോ പ്രവർത്തനവും ആ പ്രത്യേക തീമിനോട് ബന്ധപ്പെട്ടുള്ളതായിരിക്കും.

10. ക്രിയാത്മക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രീ സ്ക്കൂൾ വിദ്യാഭ്യാസമാണ് അംഗൻവാടികളിൽ നടക്കുന്നത്.

***ഇരിങ്ങാലക്കുട ബ്ലോക്ക്***

1990 ഒക്ടോബറിൽ ഇരിങ്ങാലക്കുട ബ്ലോക്കിൽ ഐ. സി. ഡി. എസ്. നിലവിൽ വന്നു. ബ്ലോക്കിൻെറ കീഴിൽ ഉണ്ടായിരുന്ന 26 സി. പി. ഡബ്ല്യൂ. പി. ബാലവാടികൾ ഏറ്റെടുത്തുകൊണ്ടാണ് ഐ. സി. ഡി. എസ്. ആരംഭിച്ചത്. ഇരിഞ്ഞാലക്കുട ഐ. സി. ഡി. എസ്. പ്രോജകറ്റിൽ ആകെ 135 അംഗൻവാടികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 1990, 1993 കാലയളവിൽ 121 അംഗൻവാടികൾ പ്രവർത്തനം ആരംഭിച്ചു. 95-96-ൽ ആകെ 133 അംഗൻവാടികൾ നിലവിൽ വന്നു. ഇനി രണ്ടെണ്ണം കൂടി തുടങ്ങേണ്ടിയിരിക്കുന്നു.

***കാറളം പഞ്ചായത്ത്***

ഇരിങ്ങാലക്കുട ഐ. സി. ഡി. എസ്. പ്രോജക്റ്റിൻെറ കീഴിൽ കാറളം പഞ്ചായത്തിൽ 19 അംഗൻവാടികൾ പ്രവർത്തിക്കുന്നു. 1990-93 ഈ കാലയളവിൽ 17 എണ്ണം പ്രവർത്തനം ആരംഭിച്ചു. 95-96-ൽ ആകെ 19 അംഗൻവാടികൾ നിലവിൽ വന്നു.

***ഐ. സി. ഡി. എസ് ൻെറ ഗുണഭോക്താക്കൾ***

1. ഗർഭിണികൾ
2. പാലൂട്ടുന്ന അമ്മമാർ
3. 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ
4. 3 വയസ്സുമുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ
5. 14-നും 45-നും ഇടയിലുള്ള സ്ത്രീകൾ

1, 2, 3, 4, ഈ വിഭാഗത്തിൽപ്പെടുന്നവർക്കെല്ലാം അനുപൂരക പോഷകാഹാരവും പ്രതിരോധ ചികിത്സ, ആരോഗ്യ പരിശോധന എന്നിവ നടത്തുന്നു. 3 വയസ്സു മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ഉച്ചഭക്ഷണം അനുപൂരക പോഷകാഹാരം എന്നിവ ലഭ്യമാക്കുന്നു. ഇതിനു പുറമെ 14-നും 45-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് വ്യക്ത്യന്മുഖ സാക്ഷരതാ പരിപാടിയും നടത്തുന്നു. അംഗൻവാടികളിൽ ആരോഗ്യപ്രവർത്തനങ്ങൾ ആരോഗ്യവകുപ്പുമായി സഹകരിച്ച് ചെയ്യുന്നു. ഇരിങ്ങാലക്കുട ബ്ലോക്കിൽ 93 വരെ

വളരെ കുറച്ചു പേർക്കു മാത്രമെ ഇതിന്റെ സേവനം ലഭ്യമായിട്ടുള്ളു. കാറളം പഞ്ചായത്തിൽ 18926 ജനസംഖ്യയിൽ 9641 സ്ത്രീകളാണ് (1993). 1993-ൽ കാറളം പഞ്ചായത്തിൽ 104 ഗർഭിണികളിൽ 37 പേരും 107 പാലൂട്ടുന്ന അമ്മമാരിൽ 35 പേരും 6 മാസം മുതൽ 3 വയസ്സുവരെയുള്ള 628 കുട്ടികളിൽ 131 പേരും 3 വയസ്സു മുതൽ 6 വയസ്സു വരെ 742 കുട്ടികളിൽ 375 കുട്ടികൾക്കും ഈ പദ്ധതിയുടെ സേവനം ലഭിച്ചിട്ടുണ്ട്.

*1994*

ആകെ 96 ഗർഭിണികളിൽ 62 പേർക്കും 97 മുലയൂട്ടുന്ന അമ്മമാരിൽ 58 പേർക്കും 6 മാസം മുതൽ 3 വയസ്സു വരെയുള്ള 687 കുട്ടികളിൽ 268 കുട്ടികൾക്കും 3 വയസ്സു മുതൽ 6 വയസ്സു വരെയുള്ള 698 കുട്ടികളിൽ 439 കുട്ടികൾക്കും ഈ പദ്ധതിയുടെ സേവനം ലഭിച്ചു.

*1995*

ആകെ 97 ഗർഭിണികളിൽ 79 പേർക്കും 111 പാലൂട്ടുന്ന അമ്മമാരിൽ 86 പേർക്കും 6 മാസം മുതൽ 3 വയസ്സു വരെയുള്ള 712 കുട്ടികളിൽ 385 കുട്ടികൾക്കും 3 വയസ്സു മുതൽ 6 വയസ്സുവരെയുള്ള 690 കുട്ടികളിൽ 465 കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

*1996*

ആകെ 113 ഗർഭിണികളിൽ 105 പേർക്കും 120 പാലൂട്ടുന്ന അമ്മമാരിൽ 118 പേർക്കും 6 മാസം മുതൽ 3 വയസ്സുവരെയുള്ള 669 കുട്ടികളിൽ 475 കുട്ടികൾക്കും 3 വയസ്സു മുതൽ 6 വയസ്സുവരെയുള്ള 675 കുട്ടികളിൽ 499 കുട്ടികൾക്കും ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിച്ചുവരുന്നു.

ഒരു പരിധിവരെ ഈ പദ്ധതി വിജയമാണെന്നു തന്നെ പറയാം.

***ഐ. സി. ഡി. എസ്. നേരിടുന്ന പ്രശ്നങ്ങൾ***

ശാരീരികമായും, മാനസികമായും, സാമൂഹ്യമായും ആരോഗ്യമുള്ള ഒരു ജനസമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തികൊണ്ടുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങളാണ് ഐ. സി. ഡി. എസിൽ കൂടി ചെയ്യുന്നത്. എന്നാൽ സാമൂഹ്യമായും, സാമ്പത്തികമായും ഉള്ള നിരവധി പ്രശ്നങ്ങൾ ഈ പദ്ധതിയ്ക്ക് അതിജീവിക്കേണ്ടിയിരിക്കുന്നു. കാറളം പഞ്ചായത്തിൽ 19 അംഗൻവാടികളിൽ 6 എണ്ണത്തിനു മാത്രമെ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളു. 6, 2, എന്നീ വാർഡുകളിൽ രണ്ടെണ്ണത്തിന്റെ കെട്ടിട നിർമ്മാണം കഴിഞ്ഞുവെങ്കിലും പൂർത്തീകരിക്കുവാൻ ഇനിയും സാമ്പത്തിക സഹായം വേണം. 7, 9 എന്നീ വാർഡുകളിൽ ഓരോ അംഗൻവാടികൾക്ക് പഞ്ചായത്ത് സ്ഥലം വിട്ടുതന്നുവെങ്കിലും കളക്ടറുടെ അനുമതി കിട്ടാത്തതുകൊണ്ട് കെട്ടിടത്തിനുള്ള ഫണ്ട് അനുവദിച്ചു കിട്ടിയിട്ടില്ല. ഈ പഞ്ചായത്തിൽ 11 അംഗൻ വാടികൾ വളരെ പരിമിതമായിട്ടുള്ള താല്ക്കാലിക സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. അംഗൻവാടി കെട്ടിട നിർമ്മാണത്തിന് സാമൂഹ്യക്ഷേമ വകുപ്പ് ജനറൽ സെക്റ്ററിൽ 20,000 രൂപയും എസ്. സി. പി. സെൻററുകൾക്ക് 25,000 രൂപയും മോഡൽ അംഗൻവാടികൾക്ക് 70,000 രൂപയും നൽകുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഈ തുക കൊണ്ട് കെട്ടിടത്തിന്റെ പണി പകുതിയോളം മാത്രമേ പൂർത്തീകരിക്കുവാൻ സാധിക്കുന്നുള്ളു. ജനപങ്കാളിത്തത്തോടുകൂടി ഈ പദ്ധതി നടപ്പിൽ വരുത്തണമെന്ന് പറയുന്നുണ്ടെങ്കിലും പല സ്ഥലങ്ങളിലും വേണ്ടത്ര പൊതുജനപങ്കാളിത്തം അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം കിട്ടുന്നതിനും കെട്ടിട നിർമ്മാണത്തിനും കിട്ടുന്നില്ല എന്നുള്ളത് ഒരു യഥാർത്ഥ വസ്തുതയാണ്. അതുകൊണ്ട് അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം കിട്ടുന്നതിനും കെട്ടിടനിരമ്മാണത്തിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉദാരമായ സമീപനം ഉണ്ടാവേണ്ടിയിരിക്കുന്നു. അംഗൻവാടികളിൽ കുട്ടികൾക്ക് ഇരിക്കുവാൻ വേണ്ടത്ര ബഞ്ചും, ഭക്ഷണം കഴിക്കുവാനുള്ള പ്ലെയിറ്റുകൾ, ഗ്ലാസ്സുകൾ, സ്പൂൺ എന്നിവ ഒന്നു തന്നെ ഇല്ല. അംഗൻവാടികളിൽ അടുക്കളിയിൽ ആവശ്യമായ ഗാർഹിക ഉപകരണങ്ങൾ വേണ്ടത്രയില്ല. കുട്ടികൾക്ക് ആകർഷകമായ പഠനോപകരണങ്ങൾ കളിക്കോപ്പുകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള ഷെൽഫ് ഒന്നും തന്നെ ഇല്ല. സ്വാർത്ഥ ലാഭം മാത്രം മോഹിച്ച് കൂണുപോലെ മുളച്ചുപൊന്തുന്നു പ്രൈവറ്റ് നഴ്സറികൾ അംഗൻവാടികൾക്ക് ഭീഷണിയായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അതിനെ അതിജീവിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പ്രീ സ്ക്കൂൾ വിദ്യാഭ്യാസം കൂടുതൽ ആകർഷകമാക്കുവാനുള്ള പഠനോപകരണങ്ങൾ

ആവശ്യമാണ്. അംഗൻവാടികൾക്ക് സ്ഥലം കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുമൂലമാണ് മൂന്നു സെൻറിൽ ഒതുക്കി നിർത്തിയിരിക്കുന്നത്. അംഗൻവാടികൾക്ക് മൂന്ന് സെൻറ് സ്ഥലം എന്നതിനുപകരം 10 സെൻറ് സ്ഥലവും വരാന്തയോടുകൂടിയ അംഗൻവാടി കെട്ടിടവും ഉണ്ടാക്കുകയാണെങ്കിൽ നന്നായിരുന്നു. ലാറ്റിൻ സൗകര്യവും എല്ലാ അംഗൻവാടികളോടും അനുബന്ധിച്ച് പൈപ്പു കണക്ഷനും വേണം. ഐ. സി. ഡി. എസിൽ ക്രഷ് നടത്തുവാനുള്ള പദ്ധതി ഉണ്ടെങ്കിലും അതു നടപ്പിലാക്കുവാൻ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഈ പദ്ധതി ശരിയായി നടപ്പിൽ വന്നിട്ടില്ല. എല്ലാ അംഗൻവാടികളോടും അനുബന്ധിച്ച് ക്രഷ് തുടങ്ങുകയാണെങ്കിൽ ജോലിക്കു പോകുന്ന അമ്മമാർക്ക് വളരെയധികം പ്രയോജനപ്രദമാകും. എല്ലാ അംഗൻവാടികളിലും മഹിളാസമാജങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ മഹിളാ സമാജങ്ങൾക്കെല്ലാം സ്വയം തൊഴിലിനുള്ള യൂണിറ്റ് അനുവദിയ്ക്കുകയും അത് കാര്യക്ഷമമായി നടക്കുകയാണെങ്കിൽ സ്ത്രീകൾക്ക് സ്വയംപര്യാപ്തതയും, കുടുംബഭദ്രതയും കൈവരുവാൻ കഴിയും. എല്ലാ അംഗൻവാടികളോടനുബന്ധിച്ച് വായനശാലയും ഇരുന്ന് വായിക്കുവാനുള്ള സജ്ജീകരണങ്ങളോടുകൂടിയ മുറിയും ആവശ്യമാണ്. ഇത് സ്ത്രീകൾക്കും സാമൂഹ്യമായും വ്യക്തിപരമായും സ്വന്തമായിട്ടുള്ള കാഴ്ചപാട് ഉണ്ടാക്കുവാനും ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ധൈര്യപൂർവ്വം നേരിടുവാൻ ശക്തരാക്കുകയും ചെയ്യുന്നു. അംഗൻവാടികളുടെ ചുറ്റും മതിൽകെട്ടി സുരക്ഷിതമാക്കുകയാണെങ്കിൽ നന്നായിരുന്നു. രാഷ്ട്രത്തിൻെറ നിർമ്മാണപ്രവർത്തനങ്ങൾക്ക് സ്ത്രീകളെ കൂടുതൽ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മക പ്രവർത്തനങ്ങൾക്ക് സ്ത്രീകളെ കൂടുതൽ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ ഐ. സി. ഡി. എസിൽ കൂടി നടപ്പിൽ വരുത്തുവാൻ കഴിയണം. ജാതി മത രാഷ്ട്രീയങ്ങൾക്കതീതമായി മാനവസ്നേഹം കെട്ടിപടുക്കുവാൻ ഐ. സി. ഡി. എസിൽ കൂടി കഴിയുന്നു.

## 1. ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ

| ചികിത്സാ സംവിധാനം | ആശുപത്രി | | Mini PHC | | മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| അലോപ്പതി | - | - | 1 | - | 3 | - | 11 |
| ആയുർവ്വേദം | 1 | - | - | - | - | - | 4 |
| ഹോമിയോ | - | 1 | - | - | - | - | 2 |

## 2. ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 301 | 115 | - |
| 1994-95 | 297 | 96 | 1 |
| 1995-96 | 293 | 85 | 2 |

## 3. മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചവ

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ | | | | |
|---|---|---|---|---|---|---|---|---|
| | | | | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റു രോഗങ്ങൾ | ആകെ |
| 1992-93 | - | 6722 | 324 | 351 | 256 | - | 5811 | 6722 |
| 1993-94 | - | 6513 | 256 | 323 | 425 | - | 5509 | 6513 |
| 1994-95 | - | 5807 | 234 | 418 | 210 | - | 4945 | 5807 |
| 1995-96 | - | 5863 | 248 | 328 | 186 | - | 5101 | 5863 |
| ആകെ | - | 24905 | 1062 | 1420 | 1057 | - | 21366 | 24905 |

## 4. പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 70 | 60 | 10 | - |
| 1994-95 | 78 | 35 | 7 | - |
| 1995-96 | 66 | 8 | 11 | - |
| ആകെ | 214 | 103 | 28 | - |

## 5. കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 120 | 119 | 21 | 29 | 3 | 1 | - | - |
| 1 - 3 വയസ്സ് | 238 | 241 | 10 | 20 | 2 | 4 | - | - |
| 3 - 6 വയസ്സ് | 304 | 298 | 26 | 25 | 7 | 13 | - | 1 |

## 7. കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവെയ്പ്

| കുട്ടികൾ | B.C.G. | DPT | | | | Polio | | | | D.T. | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | I | II | II | B | I | II | III | B | I | II | III | B | |
| 1 വയസ്സിൽ താഴെ | 290 | 109 | 105 | 98 | - | 109 | 105 | 98 | - | - | - | - | - | 116 |
| 1 - 3 വയസ്സ് | - | - | - | - | 102 | - | - | - | 102 | - | - | - | - | 5 |
| 3 - 6 വയസ്സ് | - | - | - | - | - | - | - | - | - | - | - | - | 10A | - |

## ടെറ്റനസ് ടോക്സോയിസ് (T.T.)

| | I | II | B |
|---|---|---|---|
| ഗർഭിണികാം | 99 | 107 | 4 |

ആരോഗ്യപ്രവർത്തകരുടെ മേൽനോട്ടത്തിൽ അംഗൻവാടികളിലെ കുട്ടികളുടെ വൈദ്യപരിശോധനയും പോഷകാഹാര വിതരണവും നടത്തുന്നു. കൂടാതെ ഗർഭിണികാംക്കും മുലയൂട്ടുന്ന അമ്മമാർക്കും ബോധവൽക്കരണ ക്ലാസുകളും നടത്തുന്നുണ്ട്.

*1996 - വർഷത്തെ പ്രവർത്തനങ്ങാം*

സ്പെഷൽ സ്ക്കൂാം ഹെൽത്ത് ചെക്ക് അപ്പ് പ്രോഗ്രാമിൻെറ ഭാഗമായി 1809 കുട്ടികളെ പരിശോധിച്ചു. പ്രാഥമിക തലത്തിൽ അദ്ധ്യാപകർക്കും ആരോഗ്യപ്രവർത്തകർക്കും മെഡിക്കൽ ആഫീസർ പരിശീലനം നൽകി. അതിനുശേഷം 22-7-96 മുതൽ 27-7-96 വരെ പ്രാഥമിക പരിശോധന നടന്നു. 3-8-96 മുതൽ 5-8-96 വരെ രണ്ടാംഘട്ട പരിശോധനയും 6-8-96-ൽ താലൂക്കാശുപത്രിയിൽ മൂന്നാംഘട്ട പരിശോധനയും നടത്തി.

ഈ പരിശോധനകളിൽ നല്ലൊരു വിഭാഗം കുട്ടികാംക്കും ദന്തരോഗങ്ങാം ഉള്ളതായി കണ്ടെത്തി. ദന്തരോഗങ്ങാം കുട്ടികളിൽ നിന്ന് എങ്ങിനെ അകറ്റി നിർത്താം എന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുകയുണ്ടായി. വിളർച്ച ബാധിച്ച കുട്ടികാംക്ക് അയേൺ ഗുളികകളും, വിരശല്യമുള്ളർക്ക് അതിനുള്ള മരുന്നുകളും നൽകി.

1996 വർഷം ഇനി നടത്തുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങാം

1. കൊതുകു നിവാരണം:- പഞ്ചായത്തിൻെറ സഹകരണത്തോടെ ചതുപ്പു പ്രദേശങ്ങളിലും, കാനകളിലും അഴുക്ക് വെള്ളം കെട്ടി നില്ക്കുന്ന സ്ഥലങ്ങളിലും 'മാലത്തയോൺ' സ്പ്രേ ചെയ്യണം.
2. ദേശീയ പോളിയോ നിർമ്മാർജ്ജനത്തിൻെറ രണ്ടാം ഘട്ടം 1995 ഡിസംബർ 7, 1997 ജനുവരി 18 എന്നീ തിയ്യതികളിൽ ആരംഭിക്കുകയാണ്. ഈ പ്രധാനപ്പെട്ട വിവരം എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിന് ആവശ്യമായ പ്രചാരണവും (മൈക്ക് പബ്ലിസിറ്റി, നോട്ടീസ് മുതലായവ) പോളിയോ വാക്സിൻ നിശ്ചിത സെൻററുകളിലേക്ക് കൊണ്ടുപോകുന്നതിനും അതിന് സൂപ്പർവൈസ് ചെയ്യുന്നതിനും ആവശ്യമായ വാഹനസൗകര്യവും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തി തരേണ്ടതാണ്.

*കാറളം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ പരാധീനതകാം*

1981 മാർച്ച് 28-ന് ആണ് റൂറൽ ഡിസ്പെൻസറിയായി ഈ സ്ഥാപനം ആരംഭിച്ചത്. അന്ന് ആകെ നാല് ജീവനക്കാരെ ഇവിടെ ഉണ്ടായിരുന്നുള്ളു. ആരംഭത്തിൽ പഞ്ചായത്ത് വാടകയ്ക്ക് എടുത്ത് നൽകിയ തീരെ പരിമിതമായ കെട്ടിടത്തിൽ തന്നെയാണ് 1987-ൽ പ്രാഥമിക ആരോഗ്യകേന്ദ്രമായി ഈ സ്ഥാപനത്തിനെ ഉയർത്തിയിട്ടും പ്രവർത്തിച്ചുവരുന്നത്.

ജീവനക്കാരും പ്രവർത്തന മേഖലകളും വർദ്ധിച്ചുവെങ്കിലും അതിനനുസരിച്ചുള്ള സ്ഥലമോ സൗകര്യങ്ങളൊ ഉണ്ടായില്ലായെന്നതാണ് വാസ്തവം. കാറളം, കാട്ടൂർ എന്നീ പഞ്ചായത്തുകാം കാറളം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനമേഖലയിൽ പെടുന്നു. 19 ജീവനക്കാർ ഈ ആരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ ജോലി ചെയ്യുന്നു.

സ്ഥലപരിമിതിമൂലം ഓഫീസും, ഫാർമസിയും ഒരു ചെറിയ മുറിയിലാണ് പ്രവർത്തിക്കുന്നത്. വളരെ പഴകിയ കെട്ടിടമാകയാൽ മഴക്കാലത്ത് ചോർന്നൊലിക്കുകയും, ഫയലുകളും മറ്റും ചിതലുകാം ആക്രമിക്കുകയും ചെയ്യുന്നു. മരുന്നുകാം സൂക്ഷിക്കാനുള്ള സ്റ്റോറിന് തീരെ സൗകര്യമില്ല. വേണ്ടത്ര സൗകര്യവും സുരക്ഷിതവുമായ സ്ഥലമുണ്ടായിരുന്നെങ്കിൽ പ്രധാനപ്പെട്ട മരുന്നുകളും, വാക്സിനും സൂക്ഷിക്കാനാവശ്യമായ 1 litre, Fridge മുതലായവ ലഭിക്കുമായിരുന്നു.

രോഗികൾക്ക് വളരെ ശ്രദ്ധയോടെ ചെയ്യേണ്ട ഇഞ്ചക്ഷൻ, ഡ്രസ്സിംഗ്, മുതലായവ വരാന്തയിൽ വെച്ചു നടത്തേണ്ട സാഹചര്യമാണ് ഇന്നുള്ളത്. അടിയന്തിരസ്വഭാവമുള്ള ലഘുശസ്ത്രക്രിയകൾ നടത്താനുള്ള സൗകര്യവും ഇവിടെയില്ല.

രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള യാതൊരു സൗകര്യവും ഇവിടെയില്ല. സ്ഥലപരിമിതി മൂലം ഇവിടെ സ്റ്റാഫ് കോൺഫ്രൻസുകളും ചർച്ചാ ക്ലാസുകളും നടത്തുക ദുഷ്കരമാണ്. ഡോക്ടർക്കും മറ്റു ജീവനക്കാർക്കും താമസിക്കുന്നതിന് ആവശ്യമായ സ്റ്റാഫ് ക്വാർട്ടേഴ്സുകളും ആവശ്യമാണ്. പത്തൊമ്പതോളം ജീവനക്കാർ ജോലി ചെയ്യുന്ന ഈ സ്ഥാപനത്തിൽ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള മൂത്രപ്പുരയോ, ലാറ്ററിനൊ ഇല്ലെന്നുള്ളത് വളരെ ഖേദകരമായ അവസ്ഥയാണ്.

കാറളം കുടുംബക്ഷേമ കേന്ദ്രത്തിന് ആഫീസ് മുറിയും ക്വാർട്ടേഴ്സും ബന്ധിപ്പിച്ചുകൊണ്ടുള്ള വാതിൽ വേണം. കെട്ടിടത്തിന്റെ മെയ്ൻറനൻസ് നടത്തണം. വാട്ടർ കണക്ഷനുള്ള നടപടികൾ ആരംഭിക്കണം.

*ഗ്രാമസഭാ നിർദ്ദേശങ്ങൾ*

- താണിശ്ശേരി കുടുംബക്ഷേമ കേന്ദ്രത്തിന് ആഫീസുമുറിയും ക്വാർട്ടേഴ്സും ബന്ധിപ്പിച്ചുകൊണ്ടുള്ള വാതിൽ വേണം. കെട്ടിടത്തിന്റെ മെയ്ൻറനൻസ് നടത്തണം. വാട്ടർ കണക്ഷനുള്ള നടപടികൾ ആരംഭിക്കണം.
- വെള്ളാനി കുടുംബക്ഷേമ കേന്ദ്രത്തിന്റെ മെയ്ൻറനൻസ് നടത്തണം. ഇലക്ട്രിസിറ്റിയും വാട്ടർ കണക്ഷനും വേണം. പരിസരം ക്ലീൻ ചെയ്യണം. നാട്ടുകാരുടെ ശ്രമഫലമായി കാറളം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു വേണ്ടി ഒരു കെട്ടിടത്തിന്റെ പണി ആരംഭിച്ചിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ കെട്ടിടത്തിന്റെ പണിസ്തംഭനാവസ്ഥയിലാണ്. എത്രയും വേഗം കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ പ്രാഥമിക ആരോഗ്യകേന്ദ്രം അങ്ങോട്ട് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- പുല്ലത്തറ ഹെൽത്ത് സെൻറർ ആസ്പത്രി ആക്കി ഉയർത്തണം.
- ഗ്രാമപഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് ഇല്ലാത്തതു കാരണം (മത്സ്യം, മാംസസ) പരിസരമലിനീകരണം ഉണ്ടാകുന്നുണ്ട്. ഇതിനു പരിഹാരം കാണണം. നായ്ശല്യം, കൊതുകുശല്യം, മുതലായവ ഇല്ലാതാക്കുവാൻ നടപടി സ്വീകരിക്കണം.
- കക്കൂസ് ഉണ്ടാകുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.
- പ്രതിരോധകുത്തിവെപ്പുകൾ റൂറൽ ആസ്പത്രി വഴി നടപ്പിലാക്കുക.
- മഞ്ഞപ്പിത്തം, മലമ്പനി മുതലായ മാരക രോഗങ്ങൾ കണ്ടെത്തി പ്രതിവിധികൾ ചെയ്യുക.
- നിർധനരായ കുട്ടികൾക്കും, ഗർഭിണികൾക്കും പോഷകാഹാരം നൽകുക.
- കോളറ, മഞ്ഞപ്പിത്തം, ചിക്കൻപോക്സ് തുടങ്ങിയ രോഗങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരണം നടത്തുക.
- ആയുർവ്വേദ ആസ്പത്രിക്ക് സ്വന്തമായ ആസ്ഥാനം ഉണ്ടാക്കണം.
- ആയുർവേദ ആസ്പത്രിയിൽ എല്ലാ ചികിത്സക്കുമുള്ള മരുന്നുകൾ വേണം.
- പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആംബുലൻസ് ഏർപ്പെടുത്തുക.
- നിലച്ചുപോയ വെള്ളാനി ഹെൽത്ത് സെൻററിൽ സ്ഥിരമായി ഡോക്ടറേയും സ്റ്റാഫിനേയും നിയമിക്കണം.
- മരുന്നുകൾ സൂക്ഷിക്കാനുള്ള സൗകര്യമില്ല.
- പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനമില്ല.

## 6. പൊതുവിവരങ്ങൾ

| | | |
|---|---|---|
| ആകെ വീടുകൾ | | 4006 |
| a. കോൺക്രീറ്റ് | | 224 |
| b. ഓടിട്ടത് | | 2649 |
| c. ഓല | | |
| d. കുടിൽ | | 1133 |
| കക്കൂസുള്ള വീടുകൾ | | 2734 |
| കക്കൂസില്ലാത്ത വീടുകൾ | | 1272 |
| വൈദ്യുതീകരിച്ച വീടുകൾ | | 2919 |
| വൈദ്യുതീകരിക്കാത്ത വീടുകൾ | | 1087 |
| ജനസംഖ്യ | | |
| a. പുരുഷന്മാർ | 9385 | |
| b. സ്ത്രീകൾ | 9548 | |
| c. കുട്ടികൾ | 1483 | |
| ആകെ | 20416 | |

8

| | |
|---|---|
| അംഗവൈകല്യമുള്ളവർ | |
| a. അന്ധർ | 20 |
| b. ബധിരമൂകർ | 32 |
| ചലനവൈകല്യങ്ങൾ | 81 |
| ആകെ | 133 |
| മന്ദബുദ്ധികൾ | |
| a. 0 5 വയസ്സ് | 5 |
| b. 6 - 45 വയസ്സ് | 37 |
| പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുള്ള കുട്ടികൾ | 116 |
| ഒരു വയസ്സിനു താഴെയുള്ള ആകെ കുട്ടികളുടെ എണ്ണം | 290 |

## ആയുർവ്വേദം

കാറളം പഞ്ചായത്തിലെ ഏക ആയുർവ്വേദ ഡിസ്പെൻസറിയായ വി. വി. ഡിസ്പെൻസറി, കിഴുത്താണി നെടുമ്പിള്ളി മന വക വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഒരു Medical Officer -ഉം ഒരു അറ്റൻഡറും ഒരു പാർട്ട് ടൈം സ്വീപ്പറും ആണ് ജോലി നോക്കുന്നത്. ഒരു ദിവസം 50-ഓളം രോഗികൾ ഇവിടെ എത്താറുണ്ട്. സ്ഥാപനത്തിൽ ദിവസവും അന്നന്നത്തേയ്ക്കുള്ള കഷായങ്ങൾ ഉണ്ടാക്കുകയാണ് പതിവ്.

*പ്രശ്നങ്ങളും നിർദ്ദേശങ്ങളും*

- ഈ സ്ഥാപനത്തിന് ഒരു സ്വന്തമായ കെട്ടിടം നിർമ്മിക്കണം.
- ഇപ്പോഴത്തെ മരുന്നു വിതരണം അപര്യാപ്തമായതുകൊണ്ട് മരുന്നുകളുടെഅലോട്ട്മെൻറ് തുക വർദ്ധിപ്പിക്കണം.
- എല്ലാവിധ അസുഖവുമുള്ള രോഗികളും ഇവിടെ എത്തുന്നതുകൊണ്ട് എല്ലാ രോഗങ്ങൾക്കുമുള്ള മരുന്നുകൾ വിശേഷിച്ച് വാതരോഗത്തിനുള്ളവ ഈ ഡിസ്പെൻസറിയിൽ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കഷായങ്ങൾ ഉണ്ടാക്കുന്നതിനും അവ പകർത്തിവെക്കുന്നതിനുമുള്ള പാത്രങ്ങൾക്കായി പ്രത്യേകം തുക വകയിരുത്തണം.
- സ്ഥാപനത്തിൽ clerical work ചെയ്യാനും മരുന്നുകളുടെ വരവ് ചെലവ് എഴുതുന്നതിനും ഒരു Clerk-ൻെറ ആവശ്യമുണ്ട്. പ്രസ്തുത തസ്തികയിൽ ആളെ നിയമിക്കണം.
- ആശുപത്രി ജീവനക്കാർക്കും മെഡിക്കൽ ഓഫീസർക്കും താമസിക്കുവാൻ ആശുപത്രിയോടനുബന്ധിച്ച് ഒരു ക്വാർട്ടേഴ്സ് പണിയണം.

## കുടിവെള്ളം

*നിലവിലുള്ള കുടിവെള്ളത്തിൻെറ ലഭ്യത*

പഞ്ചായത്തിൽ ആവശ്യമായ ശുദ്ധജലം:-

ഇതിന് ആദ്യമായി ചെയ്യേണ്ടത് കുടിവെള്ള പ്രശ്നം വിലയിരുത്തുകയാണ്.

നിലവിലുള്ള കുടിവെള്ള പദ്ധതികൾ അവയുടെ പ്രവർത്തനം.

1. നമ്മുടെ പഞ്ചായത്തിൽ കാര്യമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. നമുക്കുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ നിന്ന് ആവശ്യമായ വെള്ളം ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നില്ല. നിലവിൽ കാറളം-പടിയൂർ സമഗ്രജലവിതരണ പദ്ധതി, കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷൻെറ കീഴിൽ കാറളം പ്രദേശത്ത് പ്രവർത്തിക്കുന്നു.

*പദ്ധതിയുടെ സാങ്കേതിക വിവരങ്ങൾ*

കരുവന്നൂർ പുഴയിൽ ഇല്ലിക്കൽ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിൻെറ അടിയിൽ നിർമ്മിച്ചിട്ടുള്ള 13 മീറ്റർ ആഴവും 9 മീറ്റർ ചുറ്റളവും ഉള്ള കിണറിൽ പുഴയിൽ നിന്നുള്ള ജലം ശേഖരിച്ചാണ് പമ്പിംഗ് നടത്തുന്നത്. ആയതിന് 35 . ശേഷിയുള്ള ടർബൈൻ പമ്പ് സെറ്റുകൾ ഒന്നിടവിട്ട് പ്രവർത്തിപ്പിക്കുന്നു. ദിവസത്തിൽ കാലത്ത് 8 മുതൽ വൈകിട്ട് 4 മണിവരെയും രാത്രി 10 മുതൽ കാലത്ത് 6 മണിവരെയും ആണ് പമ്പ് ഹൗസിൻെറ പ്രവർത്തനസമയം. ഇവിടെ നിന്നും പമ്പ് ചെയ്യുന്ന വെള്ളം 200 MM R.I പൈപ്പുവഴി 2,900 മീറ്റർ ദൂരെയുള്ള കാറളം ശുദ്ധീകരണശാലയിൽ എത്തുന്നു. പ്രാരംഭശുദ്ധീകരണ പ്രക്രിയകൾക്കുശേഷം 1.5 MLD ശേഷിയുള്ള ശുദ്ധീകരണ അറകളിലേക്ക് വീഴുന്ന വെള്ളം ശുദ്ധീകരണത്തിനുശേഷം ശുദ്ധജലവിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിൻെറ അടിയിൽ നിർമ്മിച്ചിട്ടുള്ള കിണറിൽ ശേഖരിക്കുന്നു. അണുനശീകരണത്തിനുവേണ്ടി ഇവിടെവച്ച് ജലത്തിൽ ക്ലോറിൻ ചേർക്കുന്നു. തുടർന്ന് പമ്പ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ള 60 H.P. ശേഷിയുള്ള മോട്ടോറുകൾ ഒന്നിടവിട്ട് ഉപയോഗിച്ച് വെള്ളാനി, പടിയൂർ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഉന്നതജല സംഭരണി

കളിൽ എത്തിക്കുന്നു. ഇതിൽ വെള്ളാനി വരെ 200MM. C.I. പൈപ്പും തുടർന്ന് പടിയൂർ വരെ 150 M.M. R.I. പൈപ്പും ഉപയോഗിക്കുന്നു. മേല്പറഞ്ഞ ജലസംഭരണികളിൽ വെള്ളാനി പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ളതിൽ 1,07,000 ലിറ്റർ വെള്ളവും, പടിയൂരിൽ ഉള്ളതിൽ 3,07,000 ലിറ്റർ വെള്ളവും സംഭരിച്ച് വിതരണം ചെയ്യുവാൻ ശേഷിയുള്ളവയാണ്. കൂടാതെ ശുദ്ധീകരണശാലയുടെ ഉള്ളിൽത്തന്നെ സ്ഥാപിച്ചിട്ടുള്ള 1,07,000 ലിറ്റർ ശേഷിയുള്ള ഉന്നതജല സംഭരണിയിലേയ്ക്ക് 5 H.P. ശേഷിയുള്ള മോട്ടോർ ഉപയോഗിച്ചും ജലം സംഭരിച്ച് കാറളം പ്രദേശത്ത് മാത്രം ജലവിതരണം നടത്തിവരുന്നു. 1989 - ൽ ഔദ്യോഗികമായി ആരംഭിച്ച ഈ പദ്ധതി വഴി ഇതുവരെ കാറളം പഞ്ചായത്തിൽ ഏതാണ്ട് പൂർണ്ണമായിത്തന്നെ ജലവിതരണം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ 131 ഗാർഹിക ജലവിതരണവും ബാക്കി തെരുവുകളിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ വഴിയുള്ള ജലവിതരണവും ഉൾപ്പെടുന്നു.

വേനൽക്കാലങ്ങളിൽ വൈദ്യുതിക്ഷാമം മൂലം പലപ്പോഴും പമ്പിംഗ് മുടങ്ങാറുണ്ട്. ഇത് പരിഹരിക്കുന്നതിന് ഒരു ബൂസ്റ്റർ ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ മതിയാകും. ഇതിന് വാട്ടർ അതോറിറ്റി ഡിവിഷൻ തലത്തിൽ നടപടികൾ എടുത്തുവരുന്നുണ്ട്.

നിലവിലുള്ള പ്രവർത്തിസമയം 2 ഷിഫ്റ്റ് എന്നുള്ളത് 3 ഷിഫ്റ്റാക്കിയാൽ വെള്ളാനി ഭാഗത്തും മറ്റും നിലനിൽക്കുന്ന ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

ഇല്ലിക്കൽ പമ്പ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോറിന്റെ ശേഷി 35 H.P. യിൽ നിന്ന് 60 H.P. ആക്കുകയും അവിടെ നിന്ന് കാറളം വരെയുള്ള പൈപ്പും 350 M.M. ആക്കി ഉയർത്തി സ്ഥാപിക്കുകയും ചെയ്താൽ പൊതുവെ നിലവിലുള്ള ജലദൗർലഭ്യം പരിഹൃതമാകുന്നതാണ്.

***ഗ്രാമസഭയിൽ നിന്നുയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ:-***

- പൈപ്പുവെള്ളം എല്ലാ സ്ഥലത്തും എത്തിക്കണം.
- കുടിവെള്ളം പൈപ്പ് പൊട്ടിയും മറ്റും പാഴായിപ്പോകുന്നത് പരിഹരിക്കുകയും, ടാപ്പുകൾ നന്നാക്കുകയും വേണം.
- ലക്ഷം വീടിന്റെ കിഴക്കുവശത്തും, പാറംപുള്ളി റോഡിന്റെ ഇരുവശവും, ഗ്രൗണ്ടിന്റെ തെക്കുഭാഗത്തുള്ള കൈവഴികളിലും പഞ്ചതായത്ത് ഓഫീസിന്റെ വടക്കു - പടിഞ്ഞാറുഭാഗത്തും കുടിവെള്ള ക്ഷാമം പരിഹരിക്കുക.
- പുല്ലത്തറ ട്രാൻസ്ഫോർമറിനു സമീപം ഒരു ടാപ്പ് വേണം.
- പൊതുവായി കുടിവെള്ളം എത്താത്ത ഭാഗങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കണം.
- താണിശ്ശേരി - കിഴുത്താണി പൈപ്പ് ലൈൻ ബന്ധിപ്പിച്ച് ടാപ്പ് ഇടണം.
- പൊട്ടംകുളത്തിനുസമീപം ശാന്തിപാലത്തിന് കിഴക്കു വശത്തും, പടിഞ്ഞാറുവശത്തും, പവർഹൗസിനു കിഴക്കു വശത്തും തെക്കുവശത്തും, നന്തിറോഡിനു തെക്കുവശത്തും, കിടങ്ങശ്ശേരി മനയുടെ തെക്കേ റോഡിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. വാട്ടർ ടാപ്പുകൾ സ്ഥാപിച്ച് പരിഹാരം കാണണം.
- താണിശ്ശേരിയിൽ നിന്നും 50 മീറ്റർ വടക്കുവശത്ത് ടാപ്പ് സ്ഥാപിക്കണം.
- വെള്ളാനി സ്ക്കൂളിന്റെ പടിഞ്ഞാട്ടുള്ള ലൈനിൽ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി കൂടുതൽ പൈപ്പുകൾ സ്ഥാപിക്കണം.
- ഒമ്പതാം വാർഡിൽ നിന്ന് നന്തിയിൽ പാറക്കലേക്ക് പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം.
- പവർഹൗസിനു സമീപം ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം. സബ്ബ് സ്റ്റേഷന്റെ വടക്കുഭാഗത്ത് ഏകദേശം 50 വീട്ടുകാർക്ക് കുഴൽക്കിണർ നിർമ്മിക്കണം.
- കൊറ്റംകോട് പാലത്തിന്റെ കിഴക്കുവശത്ത് താമസിക്കുന്ന 4 വീട്ടുകാർക്ക് കുടിവെള്ളം ലഭിക്കുവാൻ നടപടി സ്വീകരിക്കണം. കോഴിക്കുന്ന് ഭാഗത്തുള്ള ടാപ്പുകളിൽ സ്ഥിരമായി വെള്ളം ലഭിക്കുന്നതിന് നടപടി വേണം.
- 4 സെൻറ് കോളനിയിൽ കിണറുകൾ നന്നാക്കി ഉപയോഗപ്രദമാക്കണം.
- വടക്കെ കോളനിയിലെ ടാപ്പുകളിൽ സ്ഥിരമായി വെള്ളം ലഭിക്കണം. കോഴിക്കുന്നിൽ ഉള്ള കിണർ പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കുക.

*പരിഹാരങ്ങാം*

പൊതുകുടിനീർ സ്രോതസ്സുകളുടെ വിശദമായ വിലയിരുത്തൽ ആവശ്യമായതാണ്. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനി പ്രദേശങ്ങാം ഏതൊക്കെയെന്ന് മനസ്സിലാക്കണം.

1. ലഘുവായ അറ്റകുറ്റപ്പണികളിലൂടെ നിലവിലുള്ള പൊതുകുടിവെള്ള സ്രോതസ്സുകാം മെച്ചപ്പെടുത്തണം. പഞ്ചായത്തിൽ ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പൈപ്പ് വെള്ളം ശരിയായ തോതിൽ അറ്റകുറ്റപ്പണികാം നടത്താത്തനിനാൽ കാര്യമായി ജലം പാഴായിപ്പോകുന്നു. സമയാസമയങ്ങളിൽ ഇത് കണ്ടെത്തി നടപടികാം സ്വീകരിക്കണം. പുതിയ സ്രോതസ്സുകാം ആവശ്യമുണ്ടെന്ന് കണ്ടെത്തി അത് പഞ്ചായത്തിൽ എവിടെയെന്ന് തീരുമാനിക്കണം. നിലവിലുള്ള ജലസ്രോതസ്സുകാം സംരക്ഷിക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും അത് ഫലപ്രദമായി വിതരണം ചെയ്യുന്നതിനും വേണ്ട പരിപാടികൾ തയ്യാറാക്കുക.

   ജില്ലാ വാട്ടർ കൺസർവേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വ്യാപകമായ പ്രചാരണ, ബോധവൽക്കരണ പ്രവർത്തനങ്ങാം നടത്തി പഞ്ചായത്തുതല ജലസംരക്ഷണ സമിതി രൂപവല്ക്കരിച്ച് സ്ക്കൂാംകുട്ടികളിലും, വീട്ടമ്മമാരിലും, എല്ലാ വിഭാഗം ജനങ്ങളിലും ജലസംരക്ഷണ ബോധം എത്തിക്കാനുള്ള പ്രചാരണ പരിപാടികാം ആവിഷ്ക്കരിക്കുന്നത് നല്ലതാണ്. വാർഡ് തലത്തിൽ ജലസംരക്ഷണസമിതി രൂപവൽകരിച്ച് പൊതുകുളങ്ങാം, കിണറുകാം എന്നിവ വൃത്തിയാക്കണം. വരാംച്ച അനുഭവപ്പെടുന്ന മാസങ്ങളിൽ പഞ്ചായത്തിൽ നെടുനീളത്തിൽ ഒഴുകുന്ന തോടുകാം ഉണ്ടെങ്കിൽ തടയണകാം നിർമ്മിക്കുന്നത് നല്ലതാണ്. വാഴത്തട, കപ്പത്തണ്ട്, പ്രാദേശികമായി ലഭിക്കുന്ന മറ്റു വസ്തുക്കാം എന്നിവ ഉപയോഗിച്ച് തടയണകളുടെ നിർമ്മാണം നടത്താം. തടയണകാം തീർത്താൽ സമീപത്തുള്ള കിണറുകളിൽ ജലവിതാനമുയരാൻ സാദ്ധ്യതയുണ്ട്.

*ഗുണനിലവാരം*

വെള്ളം ആവശ്യത്തിന് ലഭിക്കുന്നു എന്നതിനേക്കാാം അതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ പൊതു കിണറുകാം എല്ലാം തന്നെ ചെളി നീക്കി വൃത്തിയാക്കണം. കിണറുകാം എല്ലാം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിക്കണം. എല്ലാ വാർഡുകളിലും ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന പൊതു ടാപ്പുകളിലെ വെള്ളത്തിൽ ക്ലോറിൻ ഉണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കും. ഇതിന് വെള്ളത്തിൽ ക്ലോറിൻ ഉണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ട ഉപകരണമായ Bleaching Powder Apparatus പഞ്ചായത്തിൽ വാങ്ങാവുന്നതാണ്. വെള്ളം കഴിയുന്നതും ചൂടാക്കി കുടിക്കുന്നത് നന്നായിരിക്കും.

# വ്യവസായം

## Karalam Grama Panchayath

# Review Report of othe Industries Department

1. State Investment Subsidy
    1. M/s Annapoorna Industries, Kizhuthani
    2. M/s Popular Industries, Karalam.

    The above 2 unit sanctioned State Investment Subsidy t he last plan period

2. H.E.D.S. (Harijan EntrepreneurDevelopment Scheme)

ഈ പദ്ധതിപ്രകാരം കാറളം ഗ്രാമപഞ്ചായത്തിൽ 9 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ചെറുകിട വ്യവസായം ആരംഭിക്കുന്നതിലേക്കായി 48100 രൂപ വായ്പയായും 24600 രൂപ, ഗ്രാൻറായും അനുവദിച്ചിട്ടുണ്ട്.

3. RAP (Rural Artisan Programme)

ഈ പദ്ധതിയിൻപ്രകാരം കാറളം പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതി വർഷത്തിൽ ഒൻപത് ഗ്രാമീണ കൈത്തൊഴിലുകാർക്ക് 20593 രൂപ ഗ്രാൻറായി അനുവദിച്ചിട്ടുണ്ട്.

വ്യവസായ ഡിപ്പാർട്ട്മെൻറ് നടപ്പിലാക്കിവരുന്ന ഇതര പദ്ധതികൾ

1. PMRY (Prime Ministers Rozgar Yojana

SSLC (Failed) എങ്കിലും മിനിമം വിദ്യാഭ്യാസയോഗ്യതയുള്ളതും 18-നും 35-നും മദ്ധ്യേ പ്രായപരിധിയിൽ ഉള്ളവരും കുടുംബവാർഷിക വരുമാനം 24,000/- രൂപയിൽ കവിയാത്തവരുമായ വ്യവസായസംരംഭകരെ സഹായിക്കുന്നതിനുള്ള പദ്ധതി. പരമാവധി 2 ലക്ഷം രൂപ ബാങ്ക് വായ്പ. സബ്സിഡി 7500 രൂപ പരമാവധി. വായ്പാ ബാങ്കുകൾ മുഖേന ലഭ്യമാക്കുന്നു.

2. Handicraft Training

ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ്. കരകൗശലത്തിൽ വിദ്ഗ്ദ്ധ പരിചയം ഉണ്ടാക്കുന്നതിനുവേണ്ടി പരിശീലനം നടത്തുക.

3. വ്യവസായസഹകരണസംഘങ്ങൾ രൂപീകരിക്കുക

കയർ, കൈത്തറി, മറ്റിതര വ്യവസായങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായ സംരംഭകരെ സംഘടിപ്പിച്ച് വ്യവസായസഹകരണ സംഘങ്ങൾ രൂപീകരിച്ച് വ്യവസായം തുടങ്ങുവാനുള്ള അവസരം സൃഷ്ടിക്കുക.

4. മിനിവ്യവസായ എസ്റ്റേറ്റുകൾ പണികഴിക്കുക

ഓരോ ഗ്രാമപഞ്ചായത്തിൻെറയും ആഭിമുഖ്യത്തിൽ ഓരോ മിനി വ്യവസായ എസ്റ്റേറ്റുകൾ പണികഴിക്കുക. ആയത് വ്യവസായ സംരംഭകർക്ക് വാടകക്ക് നൽകുകയും ചെയ്യുക.

5. വനിതാ വ്യവസായ യൂണിറ്റുകൾ

ഒരു വ്യവസായ യൂണിറ്റിൻെറ ഉടമ വനിത ആയിരിക്കുകയും ആ യൂണിറ്റിൻെറ തൊഴിലാളികളിൽ 80% വനിതകൾ ആയിരിക്കുകയും ചെയ്താൽ അത്തരം യൂണിറ്റിനെ വനിതാ വ്യവസായ പദ്ധതി (ൽണ്ടഗ്ഗ) യിൽ ഉൾപ്പെടുത്തുന്നു. അത്തരം പദ്ധതിപ്രകാരം പ്രത്യേക ധനസഹായവും ഡിപ്പാർട്ട്മെൻറ് നൽകിവരുന്നു.

6. വ്യവസായ വികസന സെമിനാർ

വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിനും ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിലേക്കുമായി

ഓരോ ഗ്രാമപഞ്ചായത്തിനും വ്യവസായവികസന സെമിനാറുകാം/ശില്പശാല എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

പരമ്പരാഗതവ്യവസായങ്ങളിൽ തെങ്ങു കൃഷി, നെൽകൃഷി എന്നിവയോട് ബന്ധപ്പെട്ട പ്രവർത്തനങ്ങാം മാത്രമെ ഉണ്ടായിരുന്നുള്ളു. നാല്പതുകാം സ്വാതന്ത്ര്യസമരപ്രചരണത്തോടനുബന്ധിച്ച് ചില വീടുകളിൽ നൂൽനൂൽപ്പ് ഉണ്ടായിരുന്നു. ആധുനിക വ്യവസായങ്ങാം ഒന്നും തന്നെയില്ലെന്ന് പറയാം. ഹോളൊബ്രിക്സ് നിർമ്മാണം, കല്ലാര വ്യവസായം, കോൺക്രീറ്റ് ഉപയോഗിച്ച് കട്ടില, ജനൽ പണി നിർമ്മാണം എന്നിവയിൽ കൂടി നൂറോളം പേർ ജോലി ചെയ്തുവരുന്നു. Imitation Gold Ornaments നിർമ്മാണം, പോളിത്തിൻ ബാഗ് നിർമ്മാണം, ചെരുപ്പ് നിർമ്മാണം എന്നിവയിൽ അമ്പതോളം പേർ ജോലി ചെയ്തുവരുന്നു. Auto-rikshow ഡ്രൈവർമാരായി 100 പേരും, Taxi ഡ്രൈവർമാരായി 50 പേരും ജോലി ചെയ്യുന്നു. 1.75 ലക്ഷത്തോളം തെങ്ങുകളുള്ള ഈ പ്രദേശത്ത് തെങ്ങിൽ നിന്നുള്ള ഉൽപന്നങ്ങാം ഉപയോഗിച്ച് മൂല്യം കൂടിയ വിഭവങ്ങാം നിർമ്മിക്കുവാനുള്ള സാദ്ധ്യതകാം ഏറെയുണ്ട്. ആധുനികവ്യവസായങ്ങാം ഒന്നുംതന്നെയില്ല. കുടിൽവ്യവസായരൂപത്തിൽ ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണത്തിൻെറ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

Out worker Production System (O.P.S.) അനുസരിച്ച് ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണത്തിന് സാദ്ധ്യതയുണ്ട്.

ഓട്ടുകമ്പനി തുടങ്ങുവാൻ സാദ്ധ്യതയുണ്ട്. വ്യവസായ യൂണിറ്റുകാം ആരംഭിക്കുവാൻ താല്പര്യമുള്ള വനിതാ ഗ്രൂപ്പുകാം ഉണ്ട്. വനിതകാംക്ക് മാത്രമായുള്ള യൂണിറ്റുകാം ആരംഭിക്കേണ്ടതാണ്. ഫർണീച്ചർ, സോമിൽ യൂണിറ്റ്, വാഴനാരുപയോഗിച്ചുള്ള വ്യവസായം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കട്ടില, ജനൽ നിർമ്മാണം വാഴയില സംഭരണം, കേരോല്പന്ന സംസ്കരണം മുതലായവയും വനിതകളുടെ വ്യവസായ യൂണിറ്റുകളും ആരംഭിക്കുവാൻ സൗകര്യമുണ്ട്.

നെല്ല് സംഭരണ - സംസ്കരണ യൂണിറ്റ് സ്ഥാപിക്കണം. കൈത്തറി വ്യവസായം, പുല്പായ നെയ്ത്ത്, കുട്ടനിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായങ്ങാംക്ക് ആവശ്യമായ സാമ്പത്തിക സഹായം വേണം.

റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണം, തഴപ്പായ നെയ്ത്, അച്ചാർ നിർമ്മാണം, പോളിത്തീൻ ബാഗ് നിർമ്മാണം, പപ്പട നിർമ്മാണം തുടങ്ങിയ വനിതാ വ്യവസായ യൂണിറ്റുകാം ആരംഭിക്കേണ്ടതാണ്. പാലിൽ നിന്ന് ഭക്ഷ്യോല്പന്നങ്ങാം നിർമ്മിക്കുന്ന യൂണിറ്റിന് സാദ്ധ്യതയുണ്ട്. ക്രഷിങ്ങ് യൂണിറ്റിന് സാദ്ധ്യതയുണ്ട്. കുടിൽ വ്യവസായമായി നോട്ട് ബുക്ക് നിർമ്മാണത്തിന് സാദ്ധ്യതയുണ്ട്. മെഴുകുതിരി, കയർ വ്യവസായ, നെയ്ത് എന്നിവയുടെ യൂണിറ്റുകാം വിവിധ ഭാഗങ്ങളിൽ തുടങ്ങാവുന്നതാണ്.

ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്. വൈരക്കൽ വ്യവസായയൂണിറ്റ് സ്ഥാപിക്കണം.

*സാദ്ധ്യതകാം:-* പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വ്യവസായവികസനസമിതി രൂപീകരിക്കണം.

തൊഴിൽ അന്വേഷകരുടെ സമഗ്രമായ സർവ്വെ നടത്തുക. ആസൂത്രിതമായ സ്വയം തൊഴിൽ പദ്ധതി ആവിഷ്ക്കരിക്കുക. D.W.C.R.A. പോലുള്ള പല പദ്ധതികളുടെ യൂണിറ്റുകാം ആരംഭിക്കുവാനുള്ള സാദ്ധ്യതകാം ഉണ്ട്. തൊഴിൽ ഇല്ലാത്തവരായ അഭ്യസ്തവിദ്യരായ വനിതകാം പുരുഷന്മാരെ അപേക്ഷിച്ച് ഈ പഞ്ചായത്തിൽ കൂടുതലാണ്. D.W.C.R.A. പ്രകാരം 2 യൂണിറ്റുകാം മാത്രമാണ് ഇപ്പോാം പ്രവർത്തിക്കുന്നത്. തൊഴിൽ സാദ്ധ്യതകാം വർദ്ധിപ്പിക്കുന്ന വ്യവസായ യൂണിറ്റുകാം സ്ഥാപിക്കുന്നതിനുള്ള തടസ്സം ഉൽപന്നങ്ങാംക്ക് വിപണി കണ്ടെത്തുവാനുള്ള പ്രയാസങ്ങളാണ്. സ്വയം തൊഴിൽ പദ്ധതി വിജയിക്കണമെങ്കിൽ ഉൽപന്നങ്ങാംക്ക് മാർക്കറ്റുകാം കണ്ടെത്തുന്നതിന് പ്രത്യേക യൂണിറ്റുകാം സ്ഥാപിക്കേണ്ടതാണ്. ഭക്ഷ്യവസ്തുക്കാം സംസ്ക്കരണം ചെയ്യുന്ന രംഗത്ത് ചെറുകിട യൂണിറ്റുകാം സ്ഥാപിക്കാവുന്നതാണ്. കറി പൗഡർ നിർമ്മാണം, അച്ചാർ നിർമ്മാണം തുടങ്ങിയവക്ക് ചെറുകിട യൂണിറ്റുകാം സ്ഥാപിക്കാവുന്നതാണ്.

വിപണനരംഗത്ത് ഏറെ തൊഴിൽ സാദ്ധ്യതകാം ഉണ്ട്.

കരകൗശലവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തണം.

# റോഡുകൾ, ഊർജ്ജം

കാറളം പഞ്ചായത്തിലെ ആകെയുള്ള റോഡുകൾ 82.275 കി.മീ. ആണ്. അതിൽ 5.400 കി. മീ. നീളം വരുന്ന P.W.D. റോഡ് ടാറിങ്ങ് കഴിഞ്ഞതാണ്. പഞ്ചായത്തിൽ ചരൽ റോഡ് 56.600 കി. മീ.ഉം, മൺറോഡ് 20,275 കി. മീ. ഉം ആണ്. നാഷണൽ ഹൈവേ പഞ്ചായത്തിലൂടെ കടന്നുപോകുന്നില്ല.

ടാറിങ്ങ് നടത്തിയ 5.400 കി. മീ. നീളം വരുന്ന P.W.D. റോഡ് മിക്കഭാഗത്തും കുണ്ടുംകുഴിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്.

*ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ:-*

- ചെമ്മണ്ടയിൽ നിന്നുള്ള ബസ് സർവ്വീസ് കാറളം ആലുംപറമ്പിൽ കൂടി ആലുക്കക്കടവ് വരെ ദീർഘിപ്പിക്കണം.
- ആലുക്കക്കടവ് മുതൽ ഇല്ലിക്കൽകെട്ട്‌വരെയുള്ള എല്ലാ കടവുകളും പണി നടത്തി ഉപയോഗപ്രദമാക്കണം.
- ആലുക്കൽക്കടവ് ചാഴൂർ പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്ന ഗതാഗതയോഗ്യമായ പാലം നിർമ്മിക്കണം.
- ആലുക്കൽ കടവിൽ കടത്തുവഞ്ചിയുടെ സമയബോർഡ് സ്ഥാപിക്കണം.
- രണ്ടാം വാർഡിൽ കരിപ്പിള്ളിക്കുളം റോഡ് കാറളം ഹൈസ്ക്കൂളിനടുത്തുള്ള ഗ്രൗണ്ട് റോഡുമായി ബന്ധിപ്പിക്കണം.
- അരോടി റോഡ് വെള്ളാനിയുമായി ബന്ധിപ്പിക്കണം.
- പാറാമ്പുള്ളി - പുളിയംപാടം റോഡ് വീതികൂട്ടണം.
- വാക്കയിൽ വിജയന്റെ വീടിനു സമീപം പടിഞ്ഞാറോട്ടു പോകുന്ന റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം.
- ചടയംകുളം റോഡ് നന്നാക്കണം.
- കളരിപ്പറമ്പ് റോഡ് - ആലുക്കൽക്കടവ് റോഡുമായി ബന്ധിപ്പിക്കണം.
- എല്ലാ പ്രധാന റോഡുകൾക്കും ഓടകൾ സ്ഥാപിക്കണം.
- യാറം വഴി ടാറിടണം.
- തെരുവു വിളക്കുകൾ കത്തിക്കണം.
- ലക്ഷംവീട് റോഡ്, ശങ്കുണ്ണിമാസ്റ്റർ റോഡ്, വിളക്കത്തറ റോഡ്, അരോടി റോഡ് ഇവ ടാർ ചെയ്യണം.
- വാർഡ് 3 -ലെ എല്ലാ റോഡുകളും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കണം.
- കണ്ണമ്പുഴ റോഡ് നന്നാക്കണം.
- കാറളം - ഇരിങ്ങാലക്കുട റോഡ് റീടാർ ചെയ്യണം.
- K.L.D.C. ബണ്ടിന് കുറുകെ ഒരു പാലം നിർമ്മിച്ച് ചെമ്മണ്ടയെ കരുവന്നൂരുമായി ബന്ധിപ്പിക്കണം.
- ചെമ്മണ്ടയെ പുല്ലത്തറയുമായി ബന്ധിപ്പിക്കുന്ന റോഡുവേണം.
- ഇരിങ്ങാലക്കുട - ചെമ്മണ്ട - കാറളം - തൃപ്രയാർ വഴി ഗുരുവായൂരിലേക്ക് K.S.R.T.C. ബസ് സർവീസ് വേണം.
- എല്ലാ റോഡുകൾക്കും ഓടകൾ വേണം.
- കാട്ടൂർ - പൊറത്തിശ്ശേരി പഞ്ചായത്തുകളെ തമ്മിൽ ബന്ധപ്പെടുത്തുന്നതും ഒട്ടേറെ ഇന്ധനലാഭവും ഉണ്ടാകുന്നതുമായ പറളം റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
- അംബേദ്കർ ഗ്രാമം - വെട്ടിക്കര വഴി പൂർത്തിയാക്കണം.
- കിഴുത്താനിയിൽ നിന്ന് ചെമ്മണ്ടയിലേക്ക് പാടം വഴിയുള്ള നടവരമ്പ് വീതി കൂട്ടണം.
- കിഴുത്താനി ദേവീക്ഷേത്രത്തിന് സമീപത്തുനിന്നും തൃത്താണിപാടത്തേക്ക് പോകുന്ന വഴി പൂർത്തീകരിക്കണം.

- താണിശ്ശേരി അയിനിക്കാട്ട് ക്ഷേത്രനടയിൽ നിന്ന് കിഴക്കോട്ട് പോകുന്ന റോഡ് K.L.D.C. ബണ്ടുമായി ബന്ധിപ്പിക്കുക.

- ചെമ്മണ്ട റോഡിൽ നിന്ന് പുഞ്ചപാടത്തേക്ക് പോകുന്ന റോഡ് K.L.D.C. ബണ്ടുമായി ബന്ധിപ്പിക്കുക.

- പഞ്ചായത്തിലെ വാർഡുകളിൽ നിലവിലുള്ള റോഡുകൾ റീ-സർവ്വെ നടത്തുക.

- രാത്രി 9 മണിക്ക് ശേഷം കാട്ടൂരിലേക്ക് ബസ്സ് സർവ്വീസ് ഏർപ്പെടുത്തുക. 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലഫോൺ ബൂത്ത്വേണം.

കാറളം ഗ്രാമം വ്യാപാര - വ്യവസായ ആവശ്യങ്ങൾക്ക് പ്രധാനമായും, ഇരിങ്ങാലക്കുട, കാട്ടൂർ, ചേർപ്പ്, തൃശൂർ എന്നീ സ്ഥലങ്ങളെയാണ് ആശ്രയിക്കുന്നത്. അതിനാൽ കാറളം പഞ്ചായത്തിനെ ഈ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന ഗതാഗതയോഗ്യമായ റോഡുകൾ സ്ഥാപിക്കുകയും, ഉള്ള റോഡുകളെ അറ്റകുറ്റപ്പണികൾ നടത്തിക്കുകയുംവേണം. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തിലെ ജനങ്ങളുടെ കായികശേഷിയും അദ്ധ്വാനവും സ്വരൂപിച്ചെടുക്കാവുന്നതാണ്.

*പുതിയ നിർദ്ദേശങ്ങൾ*

1. കാറളം പഞ്ചായത്തിലെ പ്രധാനപ്പെട്ട P.W.D. റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കണം. പ്രധാനപ്പെട്ട എല്ലാ റോഡുകൾക്കും സമീപം ഓടകൾ നിർമ്മിക്കണം. ഇന്ധനച്ചെലവ് കുറക്കുന്നതിനും ഗതാഗതസൗകര്യത്തിനും ഇത് അവശ്യം ആവശ്യമാണ്. ഓടകൾ നിർമ്മിക്കുന്നതുവഴി റോഡുകൾ വൃത്തിയായി, അപകടമില്ലാതെ സൂക്ഷിക്കാൻ കഴിയും.

2. കാട്ടൂർ - പൊറത്തിശ്ശേരി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പറളം റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം. ഒട്ടേറെ ഇന്ധനലാഭവും സമയലാഭവും ഇതു മൂലം ഉണ്ടാകും.

3. ഇരിങ്ങാലക്കുട - ചേർപ്പ് ബ്ലോക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഗതാഗതയോഗ്യമായ ഒരു പാലം കാറളം ആലുക്കക്കടവിൽ സ്ഥാപിക്കണം. ഒട്ടേറെ യാത്രാസൗകര്യങ്ങളും, വ്യാപാര - വിപണന സൗകര്യങ്ങളും ഇതുമൂലം ഉണ്ടാകും.

4. പഞ്ചായത്തിലെ പാടശേഖരങ്ങളെ പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന രണ്ടാം വാർഡിലെ കരിപ്പിള്ളിക്കുളം റോഡ്, അരോടി റോഡ്, പാറാമ്പുള്ളി പുളിയംപാടം റോഡ്, കിഴുത്താനി - ചെമ്മണ്ട വഴി, അയിനിക്കാട് ക്ഷേത്രം വഴി എന്നിവ ഗതാഗതയോഗ്യമാക്കണം. പാടശേഖരങ്ങളിലേക്കുള്ള വാഹനങ്ങൾക്ക് ഇത് ഉപകാരമായിരിക്കും.

## ഊർജ്ജം

ആധുനിക ഊർജ്ജഉപയോഗത്തിൽ വൈദ്യുതിയാണ് മുന്നിൽ. പഞ്ചായത്തിനകത്തുള്ള വൈദ്യുതി ലൈനിന്റെ നീളം 79.325 കി. മീ. ആകുന്നു. വൈദ്യുതിയുടെ നല്ലൊരു പങ്ക് വെളിച്ചത്തിന് ഉപയോഗിക്കുന്നു. തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജിനത്തിൽ പഞ്ചയത്തിൽ നിന്ന് 54276 രൂപ ഒരു വർഷം ചെലവു ചെയ്യുന്നുണ്ട്. ഇത് വരുമാനത്തിന്റെ 17% ശതമാനം വരും. ജലസേചനത്തിനും ചെറിയശതമാനം വൈദ്യുതി മാത്രമെ ഉപയോഗിക്കുന്നുള്ളു. പഞ്ചായത്തിന്റെ പല ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല. ചെമ്മണ്ട നാല് സെൻറ് കോളനി, 6-ാം വാർഡിൽ തെക്കെ കാവപ്പുരയുടെ പടിഞ്ഞാറുഭാഗം തുടങ്ങിയ സ്ഥലങ്ങളിൽ വീട്ടാവശ്യത്തിന് വൈദ്യുതി എത്തിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇരുപത് ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സഹായധനം ലഭിക്കുന്നതാണ്. പാചകാവശ്യത്തിന് കൂടുതൽ തെങ്ങിൽ നിന്ന് കിട്ടുന്ന വിറകാണ് ഉപയോഗിക്കുന്നത്. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ 300-ൽ പരം സ്ഥാപിച്ചിട്ടുണ്ട്. വിറക് ഉപഭോഗത്തിന്റെ ചിലവിൽ 3-ൽ 2 ഭാഗം ലാഭിക്കാൻ കഴിയുന്ന ദക്ഷത കൂടിയ അടുപ്പുകൾ ഇനിയും പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു.

*ഗ്രാമസഭകളിൽ ഉന്നയിച്ച പ്രശ്നങ്ങൾ*

1. 3-ാം വാർഡിൽ SNDP വടക്കുഭാഗത്തേക്ക് വൈദ്യുതി എത്തിക്കണം. നാലുസെൻറ് കോളനിക്കാർക്ക് വൈ

ദ്യുതി സൗജന്യമായി നൽകണം. ഈ കോളനിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം. ഇവിടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. K.S.E.B. യുടെ ബിൽകളക്ഷൻ സെൻറർ ചെമ്മണ്ടയിൽ സ്ഥാപിക്കണം. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് നടപടികൾ എടുക്കണം.

2. അംബേദ്കർ ഗ്രാമത്തിൽ വൈദ്യുതി എത്തിക്കണം.

3. വഴിവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ വിളക്കുകൾ സ്ഥാപിക്കണം.

4. ഇലക്ട്രിക് ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റി പ്രസരണനഷ്ടം ഒഴിവാക്കാൻ കഴിയും.

5. സ്പോർട്ട് - റീഡിംങ്ങ് - ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കുക.

6. പഞ്ചായത്തിനകത്ത് ഊർജ്ജ സർവ്വെ നടത്തുക. സർവ്വെയുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പാക്കുക. മെച്ചപ്പെട്ട വിറകടുപ്പുകൾ ഉപയോഗിക്കുന്നതിന് വീട്ടുകാരെ ബോധവാന്മാരാക്കുക. ഊർജസംരക്ഷണത്തിന് ഊർജത്തിൻെറ അന്തിമഗുണം മെച്ചപ്പെടുത്തുന്നതിനുള്ള വഴികളും ആരായണം.

മെച്ചപ്പെട്ട വിറകടുപ്പുകളുടെ വ്യാപനം, ഊർജക്ഷമത കൂടിയ വൈദ്യുതോപകരണങ്ങളുടെ ഉപയോഗത്തിൻെറ പ്രചരണം എന്നിവ ജനപങ്കാളിത്തത്തോടെ നടത്തേണ്ടതാണ്. മെച്ചപ്പെട്ട അടുപ്പുകളുടെ ദേശീയ പരിപാടി (NPIC) കേരളത്തിൽ (ANERT) എന്ന സർക്കാർ സ്ഥാപനമാണ് നടത്തുന്നത്. അതുകൂടാതെ സംയോജിത ഗ്രാമീണ-ഊർജ്ജാസൂത്രണ പദ്ധതി (IREP) യിലൂടെ സംസ്ഥാന സർക്കാർ നല്കുന്ന സ്ബിസിഡിയും ലഭ്യമാണ്.

ദക്ഷത കൂടിയ അടുപ്പ് സ്ഥാപിക്കുന്നതിന് അനർട്ടുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

*ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ*

പ്രഷർകുക്കറും "കച്ചിപ്പെട്ടിയും" അടുക്കളകളിൽ പ്രചരിപ്പിക്കേണ്ടതാണ്. വിറക് അടുപ്പ് ഉപയോഗിക്കുന്നവർക്കും പ്രഷർകുക്കർ ഉപയോഗിക്കാം. വലിയൊരളവിൽ ഇന്ധനവും സമയവും ലാഭിക്കാം. ഊർജ്ജസംരക്ഷണത്തിൻെറ പ്രാധാന്യം കണക്കിലെടുത്ത് പ്രഷർകുക്കറിന് സബ്സിഡി നൽകുന്നുണ്ട്. അനർട്ടിൻെറ IREP ഓഫീസുമായി ബന്ധപ്പെട്ട് സബ്സിഡിയോടുകൂടിയ പ്രഷർകുക്കർ വിതരണം പഞ്ചായത്ത് സമിതിക്ക് ഏറ്റെടുക്കാം. ഇതോടൊപ്പം പാചകത്തിനുള്ള ഊർജ്ജം എങ്ങനെയെല്ലാം കുറക്കാം എന്നതിനെക്കുറിച്ച് ബോധവൽക്കരണവും നടത്താം. ഒരു ശതമാനം വീടുകൾ മണ്ണെണ്ണ സ്റ്റൗകൾ ഉപയോഗിക്കുന്നു. മണ്ണെണ്ണ ചിലവ് കുറയ്ക്കുന്ന മെച്ചപ്പെട്ട സ്റ്റൗവ്വുകൾ മാർക്കറ്റിൽ ധാരാളമുണ്ട്. മെച്ചപ്പെട്ട സ്റ്റൗ തെരഞ്ഞെടുത്ത് സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്ന പരിപാടി അനർട്ട് IREP യിലൂടെ നടത്തുന്നുണ്ട്.

ഊർജ്ജലാഭത്തിനുതകുന്ന മറ്റൊരു ഉപകരണമാണ് പമ്പുസെറ്റുകളിൽ പിടിപ്പിക്കുന്ന ഫ്രിക്ഷൻലെസ്സ് ഫുട്വാൽവുകൾ ഇവ ഉപയോഗിച്ചാൽ പമ്പിങ്ങിനുവേണ്ട ഊർജ്ജം ഗണ്യമായി കുറയ്ക്കാം. ഈ ഉപകരണങ്ങൾക്ക് അനർട്ട് സബ്സിഡി നൽകുന്നുണ്ട്.

*ദക്ഷത കൂടിയ വൈദ്യുതി വിളക്കുകൾ*

സാധാരണ ബൾബുകളെ അപേക്ഷിച്ച് ട്യൂബ് ലൈറ്റിന് നാലിരട്ടിയോളം പ്രകാശക്ഷമതയുണ്ട്. കോംപാക്ട് ഫ്ളൂറൻസൻറ് ലാമ്പ് വൈദ്യുതി ലാഭത്തിൽ ഉപയോഗിക്കാവുന്നതാണ്.

മറ്റ് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ - ജൈവോർജ്ജം - ബയോഗ്യാസ്പ്ലാൻറുകളിലൂടെ ഉപയോഗിക്കാവുന്നതാണ്. ബയോഗ്യസ് - പ്ലാൻറുകൾക്ക് സഹായധനവും നൽകുന്നുണ്ടല്ലോ.

# പാർപ്പിടം - സാമൂഹ്യക്ഷേമം

സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്കുവേണ്ടി റവന്യൂവകുപ്പു മുഖേന K.S.H.B. ഭവനനിർമ്മാണവായ്പ അനുവദിച്ചു വരുന്നുണ്ട്. ഈ സഹായധനം മാസംതോറും തിരിച്ചടയ്ക്കേണ്ടതുണ്ട്. എന്നാൽ താഴ്ന്ന വരുമാനക്കാരായ ഇവർക്ക് തുക അടക്കാൻ സാധിക്കാതെവരുന്നു തന്മൂലം റവന്യൂ റിക്കവറി നടപടികളെനേരിടേണ്ടി വരുന്നു. എന്നാൽ ഇപ്പോൾ ബ്ലോക്കുകളിൽ നിന്നും പഞ്ചായത്തുകൾ മുഖേന ബ്ലോക്കുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് തിരിച്ചടക്കേണ്ടതല്ലാത്ത സഹായധനം അനുവദിക്കാറുണ്ട്. ഈ സ്കീമിൽ ഉൾപ്പെടുത്തി K.S.H.B. H.U.D.C.O. പോലെയുള്ള സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തു മുഖേന അർഹരായ താഴ്ന്ന വരുമാനക്കാർക്ക് തിരിച്ചടക്കേണ്ടതില്ലാത്ത ഭവനനിർമ്മാണവായ്പ അനുവദിക്കുവാൻ വേണ്ട നടപടികൾക്കായി നിർദ്ദേശം വന്നിട്ടുണ്ട്.

സ്വയം വീടുവക്കുവാൻ കഴിവില്ലാത്തവർക്ക് വീട് വക്കുന്നതിന് J.R.Y. JAY M.W.S. എന്നീ പദ്ധതികൾ മുഖേന 8-ാം പദ്ധതിയിൽ 78 വീട്ടുകാർക്ക് ധനസഹായം നല്കിയിട്ടുണ്ട്. ഈ വർഷത്തിൽ 28 കുടുംബങ്ങൾക്കു കൂടി സഹായം അനുവദിക്കും.

## സാമൂഹ്യക്ഷേമം

ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്കു താഴെ സാമ്പത്തിക സ്ഥിതിയുള്ള കുടുംബാംഗങ്ങളുടെ പുരോഗതിയ്ക്കായി ഗ്രാമവികസന വകുപ്പ് ദാരിദ്ര്യനിർമ്മാർജ്ജനം, പരിസര ശുചീകരണം, ഭവനനിർമ്മാണം, വനിതാ-ശിശുക്ഷേമം, തൊഴിൽ പരിശീലനം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കാറളം ഗ്രാമപഞ്ചായത്തിലും മേൽപറഞ്ഞ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു.

പ്രവർത്തന സൗകര്യാർത്ഥം കാറളം ഗ്രാമപഞ്ചായത്തിനെ രണ്ട് സർക്കിളുകളായി - കാറളം സർക്കിളും മനവലശ്ശേരി സർക്കിളും - തിരിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. ഈ രണ്ടു സർക്കിളുകളിലും ഓരോ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ പ്രവർത്തിച്ചുവരുന്നു.

1. ***സംയോജിത ഗ്രാമവികസന പരിപാടി***

ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കിയിട്ടുള്ള ഒരു പദ്ധതിയാണിത്. എട്ടാം പദ്ധതിയുടെ ആരംഭത്തിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ 1500 വരുന്ന കുടുംബങ്ങളാണ് കാറളം ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം കണ്ടെത്തിയിട്ടുള്ളത്. 8-ാം പദ്ധതിയിൽ ഇതുവരെയുള്ള കാലയളവിൽ 400-ൽ അധികം കുടുംബങ്ങൾക്ക് ഈ പദ്ധതിപ്രകാരം ഗുണം ലഭിച്ചിട്ടുണ്ട്.

2. ***തൊഴിൽ പരിശീലനം***

സ്വയംതൊഴിൽ ചെയ്യാനാഗ്രഹിക്കുന്ന യുവാക്കൾക്ക് തൊഴിലിൽ പരിശീലനം കൊടുക്കുന്ന പദ്ധതിയാണിത്. പരിശീലനം പൂർത്തിയാക്കിയവർക്ക് വായ്പയും, ധനസഹായവും നല്കുന്ന ഈ പദ്ധതിപ്രകാരം 8-ാം പഞ്ചവത്സര പദ്ധതിയിൽ കാറളം ഗ്രാമപഞ്ചായത്തിൽപ്പെട്ട 25 പേർക്ക് ഗുണം ലഭിച്ചിട്ടുണ്ട്.

3. ***ഗ്രാമീണ വനിതാ ശിശുവികസനപരിപാടി***

ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ളവരുടെ ഗ്രൂപ്പുകൾ ഉണ്ടാക്കി അവർക്ക് ഏതെങ്കിലും തൊഴിൽ ചെയ്യുവാൻ ധനസഹായം നല്കുന്ന പദ്ധതിയാണിത്. ഈ ഗ്രൂപ്പിൽ ചുരുങ്ങിയത് 10 പേരെങ്കിലും ഉണ്ടാകണം. ഈ പദ്ധതിയിൽപ്പെട്ട രണ്ടു ഗ്രൂപ്പുകൾ ഇപ്പോൾ കാറളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പുതിയതായി രണ്ട് ഗ്രൂപ്പുകൾക്കുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

4. ***കേന്ദ്രഗ്രാമശുചിത്വ പരിപാടി***

ഗ്രാമീണ ശുചിത്വം ഉദ്ദേശിച്ച് ഇരട്ടക്കുഴി രീതിയിലുള്ള കക്കൂസുകൾ നിർമ്മിച്ചു നല്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം 2500 രൂപ നിർമ്മാണചിലവു വരുന്ന കക്കൂസുകൾക്ക് 2000 രൂപ ധനസഹായമായി നല്കുന്നു. ഈ പദ്ധതിപ്രകാരം 8-ാം പദ്ധതിയിൽ 65 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കാറളം ഗ്രാമപഞ്ചായത്തിലെ 28 കുടുംബങ്ങൾക്കു കൂടി നടപ്പു വർഷത്തിൽ ധനസഹായം ലഭിക്കാം.

5.

സാമൂഹ്യക്ഷേമപദ്ധതി അനുസരിച്ച് വിവിധ പെൻഷൻ കിട്ടുന്ന കാറളം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ കണക്കുകൾ താഴെ പറയുംപ്രകാരമാണ്.

വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം നിർദ്ധനരായ സ്ഥിരസ്വഭാവമുള്ള രോഗികൾക്കായുള്ള ധനസഹായം ദേശീയ പ്രസവാനുകൂല്യം തുടങ്ങി കാറളം ഗ്രാമപഞ്ചായത്ത് വഴി സഹായം ലഭിക്കുന്നവരുടെ എണ്ണം 70-ഓളം വരുന്നു. ഇതിൽ പുതിയ സാമൂഹ്യക്ഷേമ പദ്ധതിയിൽപ്പെട്ട ആനുകൂല്യങ്ങൾ 8-ാം പഞ്ചവത്സരപദ്ധതികാലത്ത് ലഭിച്ചിട്ടില്ല.

## ഗ്രാമസഭകളിലെ റിപ്പോർട്ടുകൾ

കാറളം ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിൽ ഗ്രാമസഭ കൂടിയപ്പോൾ ഉയർന്നുവന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. തികച്ചും ഗ്രാമീണ മേഖലയായ കാറളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ പരിശോധിക്കുമ്പോൾ 30-35 % വീടുകൾ കുടിലുകളാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വീടില്ലാത്തവർക്ക് വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ താഴെ കാണുന്ന നിർദ്ദേശങ്ങളാണ് ഉയർന്നു വന്നിട്ടുള്ളത്.

A. ഇന്നുള്ള വായ്പാതുക വർദ്ധിപ്പിക്കണം.

B. ചിലവു കുറഞ്ഞ വീടു നിർമ്മാണം പ്രോത്സാഹിപ്പിക്കണം.

C. ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി വിതരണം ചെയ്ത് വീട് വക്കാനുള്ള സഹായം നല്കണം.

D. വീടുകൾക്ക് അറ്റകുറ്റപണികൾക്കായി സാമ്പത്തിക സഹായം അനുവദിക്കണം.

E. കുടിലുകളിൽ താമസിക്കുന്നവരിൽ പലരും പട്ടയം ഇല്ലാത്തവരാണ്. അവർക്ക് പട്ടയം നൽകി വീടുവക്കാനുള്ള സാമ്പത്തിക സഹായം നല്കണം.

F. തിരിച്ചടക്കേണ്ട വായ്പാ തുക വർദ്ധിപ്പിക്കുകയും, സബ്സിഡി കൂടുതൽ നൽകുകയും വേണം.

*സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ*

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് വിവിധ വാർഡുകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

A. 1. നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്കുള്ള കക്കൂസുകൾ കൂടുതൽ അനുവദിക്കണം.

2. കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ഉയർത്തണം.

B. 1. സംയോജിത ഗ്രാമവികസന പരിപാടിയനുസരിച്ച് വരുന്ന ഗുണഭോക്താക്കൾക്ക് സാമ്പത്തികസഹായം എളുപ്പത്തിൽ ലഭ്യമാക്കണം.

2. ഗുണഭോക്താക്കൾക്ക് ധനസഹായം കൊടുക്കുന്നതിന് ബാങ്കുകൾ വിമുഖത കാണിക്കുന്നു. അത് ഇല്ലാതാക്കണം.

തൊഴിൽ പരിശീലനപദ്ധതി അനുസരിച്ച് കൂടുതൽ പേർക്ക് പരിശീലനം നല്കുകയും അവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് സാമ്പത്തിക സഹായം ഉറപ്പുവരുത്തുകയും വേണം.

C. ഗ്രാമീണ വനിതാ-ശിശുക്ഷേമ പദ്ധതി അനുസരിച്ച് കൂടുതൽ ഗ്രൂപ്പുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം. ഈ ഗ്രൂപ്പുകൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിക്കണം.

D. കാറളം ഗ്രാമപഞ്ചായത്തിൽപ്പെട്ട അംഗൻവാടികൾക്ക് പലതിനും ഇന്ന് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. അംഗൻവാടികളെ സംബന്ധിച്ച് ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങൾ ഇവയാണ്.

1. സ്വന്തമായി കെട്ടിടം നിർമ്മിക്കണം.

2. അംഗൻവാടികളിലെ പ്രവർത്തന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

3. അംഗൻവാടികളിൽ കൂടുതൽ കളി ഉപകരണങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കണം.

4. പ്രവർത്തനക്ഷമത വർദ്ധിപ്പിക്കണം.

സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ പദ്ധതികളിൽ ഗ്രാമസഭകളിലെ ചർച്ചകളിൽ പ്രശ്നങ്ങൾ പലതും ഉയർന്നുവന്നു. അതിൽ പ്രധാനപ്പെട്ടവ ഇവയാണ്.

1. പെൻഷൻ തുക കൂടുതൽ പേർക്ക് അനുവദിക്കണം.

2. പെൻഷൻ സംഖ്യ വർദ്ധിപ്പിക്കണം.

3. പെൻഷൻ തുക കിട്ടാനുള്ള കാലതാമസം ഒഴിവാക്കണം.

ഇവ കൂടാതെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന വൈദ്യുതി, കുടിവെള്ളം, യാത്രാസൗകര്യം എന്നിവ വർദ്ധിപ്പിക്കുന്നതിനും, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെയും, കുട്ടികളുടെയും പ്രത്യേക സംരക്ഷണത്തിന് ഊന്നൽ കൊടുക്കണമെന്നും ചർച്ചയിൽ ഉയർന്നുവന്നു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ അറിവില്ലായ്മ ദൂരീകരിക്കുന്നതിന് V.E.O. മാരുടെ പ്രവർത്തനം ഗ്രാമതലങ്ങളിലേക്ക് വ്യാപിപ്പിക്കണം.

പോസ്റ്റ് ഓഫീസ് സൗകര്യങ്ങൾ ഇല്ലാത്ത വാർഡുകളിൽ പോസ്റ്റ് ഓഫീസും, ഹോമിയോ ആശുപത്രി, ആയുർവ്വേദ ആശുപത്രി, കൃത്രിമബീജസങ്കലന ഓഫീസ്, കൃഷി ഓഫീസ് തുടങ്ങിയ ഓഫീസുകൾ നിർമ്മിക്കണമെന്നും ഗ്രാമസഭകളിൽ ഉയർന്നുവന്നു. പകർച്ചവ്യാധികൾ ഇല്ലാതിരിക്കുന്നതിന്‌വേണ്ടി കോളനികളിലും, ആളുകൾ തിങ്ങിപ്പാർക്കുന്നതുമായ സ്ഥലങ്ങളിലും ശുചീകരണപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കേണ്ട ആവശ്യകതയും ഗ്രാമസഭയിലെ പ്രധാന ചർച്ചാവിഷയമായിരുന്നു.

ഈ പദ്ധതികൾ എല്ലാമുണ്ടായിരുന്നാലും ചില പോരായ്മകളും ഇല്ലാതില്ല. സംയോജിത ഗ്രാമവികസനപരിപാടിയിൽ വരുന്ന ഗുണഭോക്താക്കളിലെത്തുന്ന ധനസഹായം പദ്ധത്യേതര ആവശ്യങ്ങൾ നിറവേറ്റുന്നതിന്‌വേണ്ടി വിനിയോഗിക്കുന്നു. "ഏറ്റവും കുറവുള്ളവന് ആദ്യം എന്ന സമീപനം മൂലം യഥാർത്ഥ ആവശ്യക്കാരന് സഹായം കിട്ടാൻ ബുദ്ധിമുട്ട് വരുന്നു. വായ്പ തിരിച്ചടക്കുന്നതിൽ വരുത്തുന്ന വീഴ്ച കാരണം പിന്നീട് വരുന്ന അപേക്ഷകന് വായ്പ കിട്ടാൻ ഉദ്യോഗസ്ഥർ വിമുഖത കാണിക്കുന്നു. ഇതിന് പരിഹാരമായി ജനസമിതികളുടെയും തദ്ദേശവാസികളുടെയും സഹകരണം ആവശ്യമാണ്.

സാമ്പത്തികബാദ്ധ്യതകളും ഞെരുക്കവും കാരണം പല കുടുംബങ്ങൾക്കും വീടുകളുടെയും കക്കൂസുകളുടെയും നിർമ്മാണം യഥാസമയം പൂർത്തിയാക്കാൻ കഴിയുന്നില്ല. 'ഇരട്ടക്കുഴി' രീതിയിലുള്ള കക്കൂസുകൾ നിർമ്മിക്കുമ്പോൾ അവയുടെ സാങ്കേതികത്വം സ്വീകരിക്കാൻ പല ഗുണഭോക്താക്കളും തയ്യാറാകുന്നില്ല. അതുകൊണ്ട് ചെലവേറുന്നു. കിണറുകളുടെ സാമീപ്യം ഈ രീതിയിലുള്ള കക്കൂസുകൾ നിർമ്മിക്കുന്നതിന് തടസ്സമാണ്. താഴ്ന്നപ്രദേശങ്ങളിൽ ഇത്തരം കക്കൂസുകൾ നിർമ്മിക്കുന്നത് അസാദ്ധ്യമാണ്.

പഞ്ചായത്തിൽ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ഉണ്ടെങ്കിലും സ്വന്തമായ കെട്ടിടമില്ല. സ്വന്തമായി സ്ഥലം ലഭിക്കുന്ന പക്ഷം കെട്ടിടം നിർമ്മിക്കാൻ ഗ്രാമവികസന വകുപ്പിന് സാദ്ധ്യമാകും എന്നതിനാൽ സ്ഥലം ലഭ്യമാകാൻ ശ്രമവും വേണം.

# സംസ്കാരം

കാറളം പഞ്ചായത്ത് രൂപീകൃതമാകുന്നതിനു മുമ്പുതന്നെ കലാസാംസ്ക്കാരിക രംഗത്ത് ഉന്നത നിലവാരം പുലർത്തിപ്പോന്നിരുന്ന നിരവധി സമിതികൾ ഉണ്ടായിരുന്നു. കാറളം കലാസമിതി, കിഴുത്താണി ഗ്രാമീണ കലാസമിതി, താണിശ്ശേരി കലാസമിതി, കാറളം ഗ്രാമീണവായനശാല, വെള്ളാനി ഗ്രാമീണ വായനശാല എന്നിവ ഇവയിൽ ചിലതു മാത്രമാണ്. ഇവയിൽ പലതും ഇന്ന് പ്രവർത്തനക്ഷമമല്ല.

കലയെ സാമൂഹ്യമാറ്റത്തിനുള്ളഉപാധിയാക്കുക എന്ന ചിന്താഗതിയുടെ ഫലമായി കലാസമിതികളുടെ പ്രവർത്തനത്തിൽ പ്രകടമായ പല മാറ്റങ്ങളുണ്ടായി. അക്കാലങ്ങളിൽ കേരളത്തിൽ പ്രചരിച്ചിരുന്ന പല പ്രശസ്ത നാടകങ്ങളുടേയും ആവിഷ്കാരത്തിന് മേല്പറഞ്ഞ കലാസമിതികൾ മുൻകൈ എടുക്കുക വഴി ഗ്രാമങ്ങളിലും സാമൂഹ്യമാറ്റത്തിൻെറ കാറ്റ് വീശുവാൻ അവസരമുണ്ടായിട്ടുണ്ട്. ദശകങ്ങളോളം വാർഷികാഘോഷങ്ങളും നാടകമത്സരങ്ങളും നടത്തിപ്പോന്നിട്ടുള്ള കലാസമിതികളിൽ പലതും ഇപ്പോൾ മണ്മറഞ്ഞിരിക്കുന്നു. സാഹിത്യ പ്രവർത്തനംകൊണ്ട് കാറളത്തിൻെറ പ്രശസ്തി വർദ്ധിപ്പിച്ച പഴയ പ്രതിഭകളേക്കാൾ തിളക്കമാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുവാൻ പോന്ന പുതിയ തലമുറയിലെ ശ്രദ്ധേയമായ എഴുത്തുകാരുടെ സമ്പന്നമായ ഒരു നിരതന്നെ ഈ പഞ്ചായത്ത് പ്രദേശത്തിന് അവകാശപ്പെടാവുന്നതാണ്. തികച്ചും നൂതനവും മൗലികവുമായ കൃതികളിലൂടെ സാഹിത്യഅക്കാദമി അവാർഡുകളുൾപ്പെടെ പുരസ്കാരങ്ങൾ ഈ പഞ്ചായത്തിലെ സാഹിത്യനായകന്മാരെ തേടിയെത്തിയിട്ടുണ്ട്. പ്രജാമണ്ഡലകാലത്തിനു മുമ്പു തന്നെ നിരവധി രാഷ്ട്രീയ-സാമൂഹ്യപ്രതിഭകൾക്ക് ജന്മം നൽകുവാൻഈ നാടിന് സാധിച്ചിട്ടുണ്ട്.

കാർഷിക വിളവെടുപ്പുമായി ബന്ധപ്പെടുത്തി കാർഷിക തൊഴിലാളികളുടെ മത്രം പ്രാതിനിധ്യത്തോടെ നടന്നിരുന്ന കന്നിമാസത്തിലെ "പോത്തോട്ടോണം" എന്ന ചടങ്ങും അതിനോടനുബന്ധിച്ചുള്ള നാടൻ പാട്ടും കോൽക്കളിയും പാടേ നശിച്ചുകഴിഞ്ഞു. തോറ്റംപാട്ടുകളും ഈശ്വരവിശ്വാസത്തിൻെറ ഭാഗമായി നടത്തിവന്നിരുന്ന മറ്റു അനുഷ്ഠാന കലാരൂപങ്ങളും ഇന്ന് അന്യമായികൊണ്ടിരിക്കുന്നു.

കലാസാംസ്ക്കാരിക പ്രവർത്തനത്തിൻെറ ഭാഗമായി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അക്കാലത്ത് സമ്പുഷ്ടമായ ഗ്രന്ഥശാലകൾ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ഇവയിൽ പലതും സ്വന്തമായി കയ്യെഴുത്തുമാസികകൾ പ്രസാധനം ചെയ്തിരുന്നു. 1950-കളിൽ വളരെ സജീവമായിരുന്ന ഗ്രന്ഥശാലകൾ പലതും ഇന്ന് നിലവിലില്ല. ഉള്ളത് നാമമാത്രമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ പഞ്ചായത്തിൻെറ പലഭാഗങ്ങളിലായി കല - കായിക സാംസ്കാരികരംഗത്ത് പതിനാറോളം ക്ലബുകൾ നിലവിലുണ്ടെങ്കിലും അവയിൽ പലതും ബോർഡിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്.

സാംസ്കാരിക സ്ഥാപനങ്ങൾ ഉണ്ടാകണം. പഞ്ചായത്ത് സാംസ്കാരിക നിലയം പ്രവർത്തിപ്പിക്കുക. സാംസ്കാരിക സംഘടനകൾക്ക് പരമാവധി സാമ്പത്തിക സഹായം ചെയ്യണം. കാറളം ഗ്രാമീണവായനശാലയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം. പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ വായനശാല ആരംഭിക്കണം. നാടൻ കലാരൂപങ്ങൾ പോഷിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് നൽകണം. ടെലിവിഷൻെറ അതിപ്രസരത്തിന് തടയിടണം. നാടൻപാട്ടുകളുടെ മത്സരം ഏർപ്പെടുത്തണം. നാടൻ കളികൾക്കുപുറമെ മറ്റു കളികൾക്കും ആവശ്യമായ പരിശീലനം പഞ്ചായത്ത് തലത്തിൽ വേണം. പണിസ്തംഭിച്ചു നിൽക്കുന്ന വായനശാലാ കെട്ടിടത്തിൻെറ പണി പുനരാരംഭിക്കുക. സാംസ്കാരിക സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക. കിഴുത്താണിയിൽ കമ്മ്യൂണിറ്റി ഹാളും പൊതുകളിസ്ഥലവും നിർമ്മിക്കുക.

നിലവിലുള്ള ക്ലബ്ബുകൾക്ക് സാമ്പത്തികസഹായം നൽകുന്നതിനൊപ്പം റേഡിയോ, ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കണം. സാക്ഷരതാപ്രസ്ഥാനം ഊർജ്ജിതമാക്കാൻ പഠിതാക്കളുടെ സായാഹ്നക്ലാസ്സുകൾ ആരംഭിക്കണം. പഠനത്തെ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുക. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വായനശാലകൾ തുടങ്ങണം. കുട്ടികളുടെ പഠനസമയത്തു സിനിമ മുതലായ ടെലിവിഷനിലെ പരിപാടികൾ സർക്കാർ തടയണം. പൊതുകളിസ്ഥലങ്ങൾ വേണം. നിലവിലുള്ള സംഘടനകൾക്ക് പഞ്ചായത്ത് ഗ്രാൻറ് അനുവദിയ്ക്കണം. പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ ലൈബ്രറി സ്ഥാപിക്കണം.

# വനിത

ഐതിഹാസികമായ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ധാരാളം സ്ത്രീകൾ പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യാനന്തരം സ്ത്രീകൾ പൊതുരംഗത്ത് ഭാഗഭാക്കുകളായില്ല, അവർക്കതിനുള്ള പ്രചോദനവും ഒരു പാർട്ടിക്കാരും നല്കിയില്ല. എന്നാൽ നിരാശ ബാധിക്കാത്ത പ്രതികരണശേഷി നമ്മുടെ നാട്ടിൽ ഇനിയും അവശേഷിക്കുന്നത് ഏറെയും സ്ത്രീകളിലാണ്. ലക്ഷ്യമില്ലാത്ത മൂകമായ രാഷ്ട്രീയ പ്രവർത്തനത്തോട് ക്രമേണ സ്ത്രീകൾ വിമുഖരായി. എല്ലാ കക്ഷിക്കാരും ഓരേപോലെ സ്ത്രീകൾ പൊതുരംഗത്ത് വരണം എന്നുപറഞ്ഞ് പ്രോത്സാഹിപ്പിക്കുവാൻ തുടങ്ങിയത് ഈയടുത്തകാലത്താണ്. സംവരണം ഉള്ളതുകൊണ്ടാണ് സ്ത്രീകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ നിർത്തുന്നത്. സ്ത്രീകൾക്ക് ഭരണം ഏല്പിച്ചാൽ കളങ്കരഹിതമായി അവർ ഭരിക്കുന്നു. അഴിമതി കുറയുന്നു.

ഈ കാലത്ത് പൊതുരംഗത്ത് വരുന്ന സ്ത്രീകൾക്ക് സാമൂഹ്യപരമായ ഉയർച്ച ഉയർന്ന കുടുംബ ചുറ്റുപാട് ഇവയൊക്കെ ഉണ്ടെങ്കിലെ ഉയർന്നുവരുവാൻ സാധിക്കയുള്ളു. രാഷ്ട്രീയ പ്രവർത്തനവും സാമൂഹ്യപ്രവർത്തനവും രണ്ടാണ്. രാഷ്ട്രീയ രംഗത്ത് സ്ത്രീകൾ ഒരു പരിധിവരെ ശോഭിക്കാറില്ലെങ്കിലും സാമൂഹ്യപ്രവർത്തനത്തിൽ അവർ കൂടുതൽ നല്ല പ്രവർത്തനം കാഴ്ചവെക്കുന്നു. പൊതുരംഗത്ത് വരാനുള്ള വിമുഖതയും രാഷ്ട്രീയ കുതികാൽവെട്ടും സ്ത്രീകളെ രാഷ്ട്രീയ പ്രവർത്തനത്തിൽ വിമുഖരാക്കുന്നു.

*നിർദ്ദേശങ്ങൾ*

നമ്മുടെ രാജ്യം ആരോഗ്യം, വിദ്യാഭ്യാസനിരക്ക് എന്നിവയിൽ മുന്നിലാണ്. എന്നാൽ സാമ്പത്തികരംഗത്ത് പിറകിലാണ്. ഇതിന് പരിഹാരം കാണേണ്ടിയിരിക്കുന്നു. ശരാശരി ആളോഹരി വരുമാനം വളരെ താഴ്ന്നുപോയി. വ്യവസായിരംഗത്തും നമ്മുടെ രാജ്യം പിന്നണിയിലാണ്.

രാഷ്ട്രീയ അതിപ്രസരം മൂലം പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നില്ല. ആരംഭിച്ചവ തൊഴിൽ പ്രശ്നത്തിന്റെ പേരിൽ പൂട്ടിയിടപ്പെടുന്നു. തുല്യജോലിക്ക് തുല്യവേതനം എന്നിവ നടപ്പിലാക്കണം. വനിതകളുടെ ക്ഷേമത്തിനായി ബഹുമുഖപദ്ധതികൾ കേന്ദ്രസംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യരാഷ്ട്രീയരംഗത്ത് സ്ത്രീക്ക് മാന്യമായ സ്ഥാനം നൽകണം. പ്രാദേശിക വിപണികളിൽ ലഭ്യമാകുന്ന അസംസ്കൃത വിഭവങ്ങൾ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ പ്രോത്സാഹണം നൽകണം.

സേമിയ, ഉപ്പേരികൾ, മധുരപലഹാരങ്ങൾ, കോഫി, മിക്സ്ച്ചർ, വറ്റലുകൾ എന്നിവയ്ക്ക് വിപണിയിൽ നല്ല ഡിമാൻറുണ്ട്. ഇതിന് പുതിയ യൂണിറ്റുകൾ സ്ഥാപിക്കണം. സോഡ, ഡിസ്റ്റിൽഡ് വാട്ടർ നിർമ്മാണരംഗത്തേക്ക് സ്ത്രീകൾക്ക് കടന്നു ചെല്ലാവുന്നതാണ്. തറവൃത്തിയാക്കാൻ ഉപയോഗിക്കുന്ന ഫിനൈൽ, ക്ലീനിങ്ങ് പൗഡറുകൾ, റീഫില്ലുകൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നീ രംഗത്തും, സ്റ്റെബിലൈസർ, കൈത്തറി, ഖാദി വസ്ത്രങ്ങൾ എന്നീ നിർമ്മാണ പ്രക്രിയകളും സ്ത്രീകൾക്ക് ചെയ്യാവുനന തൊഴിലുകൾ ആണ്.

വൃദ്ധരേയും അശരണരേയും സംരക്ഷിക്കുന്നതിന് ഓരോ പഞ്ചായത്തിലും കേന്ദ്രങ്ങൾ ആരംഭിക്കണം. ആയതിനു വരുന്ന ചിലവുകൾ പഞ്ചായത്തുകൾ സർക്കാരിൻേറയും, ബഹുജനപങ്കാളിത്തത്തോടെയും സമാഹരിക്കണം. താഴെക്കിടയിൽ നിന്ന് മിടുക്കരായ കുട്ടികൾക്ക് സഹായധനം കൊടുത്ത് പ്രോത്സാഹിപ്പിക്കണം. ഇടക്കിടക്ക് സെമിനാറുകളും ക്യാമ്പുകളും നടത്തി സാമൂഹ്യഅസമത്വം ഒഴിവാക്കാൻ പ്രചോദനം കൊടുക്കണം. പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കണം. സാമൂഹ്യപ്രവർത്തനത്തിൽ മികവു കാട്ടുന്നവരെ ആദരിക്കണം.

പഞ്ചായത്തിൽ സ്ത്രീകൾ ജോലിക്കു പോകുന്ന സമയത്ത് കൊച്ചുകുട്ടികളെ നോക്കാൻ ഒരു ക്രഷ് ആവശ്യമാണ്. വനിതാസംഘടനകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സംഘങ്ങൾ വേണം. സമ്പൂർണ്ണമദ്യ നിരോധനം ഏർപ്പെടുത്തണം. വിവാഹാവശ്യങ്ങൾക്കുള്ള സഹായങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം. സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കിക്കൊടുക്കണം. അംഗൻവാടിയോടനുബന്ധിച്ച് ക്രഷ് ഉണ്ടാക്കുവാനുള്ള സൗകര്യം, കുട്ടികൾക്ക് കളിക്കോപ്പ്, വെള്ളം, വൈദ്യുതി, അംഗൻവാടിയുടെ നേതൃത്വത്തിൽ ഒരു നെയ്തുശാല, അംഗൻവാടി ജീവനക്കാർക്ക് ഗ്രാൻറ് പഞ്ചായത്തിൽ നിന്നും അനുവദിക്കണം.

പതിനഞ്ചുപേർ അടങ്ങുന്ന 4 വനിതാസ്വയംസംരംഭങ്ങൾ ആരംഭിക്കുക. വേതനനിരക്കിൽ സ്ത്രീപുരുഷ അന്തരം കുറക്കണം.

ഒരു വാർഡിൽ ഒരു മഹിളാസമാജമെങ്കിലും സ്ഥാപിക്കണം. പഞ്ചായത്തിൽ നിലവിലുള്ള മാവേലി സ്റ്റോറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി സ്ത്രീകളാൽ നടത്തിക്കൊണ്ടു പോകാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് സർക്കാരിൽ നിന്ന് ധനസഹായം വേണം. കൂലിനിരക്കിലുള്ള അന്തരം ഇല്ലാതാക്കണം.

വിധവകളായ സ്ത്രീകളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും സ്വയം തൊഴിലുകൾ സഹായിക്കുന്നു. അവർക്ക് - സാമ്പത്തികമായി തകർച്ചയുള്ളവർക്ക് - പെൻഷൻ കൊടുക്കണം. ഇന്നത്തെ പെൻഷൻ അനുവദിക്കുന്ന നിയമങ്ങളിൽ കാര്യമായ മാറ്റം വരുത്തണം.

# കാറളം പഞ്ചായത്തിലെ സഹകരണസംഘങ്ങൾ

കാറളം പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ :

1. R 320 ചെമ്മണ്ട കായൽ കർഷകസഹകരണസംഘം ക്ലിപ്തം പി. ഒ. കാറളം
2. കാറളം ക്ഷീരവ്യവസായ സഹകരണസംഘം D. 35 പി. ഒ.കാറളം
3. താണിശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘം R. No. 187 D
4. കാട്ടൂർ പട്ടികജാതി - പട്ടികവർഗ്ഗ മത്സ്യതൊഴിലാളി സഹകരണസംഘം ക്ലിപ്തം No. 392 പി. ഒ. കരാഞ്ചിറ
5. കാറളം പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ R. 786 പി. ഒ. വെള്ളാനി
6. കാറളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പ്ര് 600
7. മുകുന്ദപുരം താലൂക്ക് ഹൗസിങ്ങ് സഹകരണ സംഘം Ltd. 326
8. കാർഷിക - വികസന ബാങ്ക്, ഇരിങ്ങാലക്കുട
9. അഗ്രോ സർവ്വീസ് സെൻറർ R. No. 119
10. കാറളം ഇമിറ്റേഷൻ ഡയമണ്ട് - മാന്യുഫേച്ചറിങ്ങ് ഇൻഡസ്ട്രിയൽ CS 214

### I. *R. 320 ചെമ്മണ്ട കായൽ കർഷക സഹകരണ സംഘം ക്ലിപ്തം*

പ്രസ്തുത സംഘത്തിൻെറ പ്രവർത്തന പരിധി വടക്ക് കരുവന്നൂർ പുഴ; കിഴക്ക് തൃശൂർ - ഇരിങ്ങാലക്കുട റോഡ്; തെക്ക് കിഴുത്താനി - മാപ്രാണം റോഡ്; പടിഞ്ഞാറ് നന്ദി - താണിശ്ശേരി റോഡ് എന്നിവയാണ്. 1971 നവംബർ മാസം 23-ന് പ്രവർത്തനം ആരംഭിച്ച സംഘത്തിൻെറ അംഗീകൃത ഓഹരി മൂലധനം ഒരു ലക്ഷം രൂപയാണ്. ഓഹരി ഒന്നിന് 10 രൂപവെച്ച് പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 22,260 രൂപയാണ്. മൊത്തം അംഗങ്ങൾ 2025 ആണ്. സർക്കാർ ഓഹരി ഇല്ല. സംഘത്തിൽ അടച്ച മൂലധനത്തിൻെറയും കരുതൽ ധനത്തിൻെറയും പത്തിരിട്ടി വരെ വായ്പ എടുക്കാം. നിക്ഷേപങ്ങളൊ, വായ്പകളൊ ഇല്ല.

കോൾ നിലങ്ങൾ കൃഷിക്ക് അനുയോജ്യമായി തയ്യാർ ചെയ്യുന്നതിന് താഴ്ന്നപ്രദേശങ്ങളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് വറ്റിച്ചു കൃഷി നടത്തുന്നതിനും, ഉയർന്ന പ്രദേശങ്ങളിലേക്ക് തോടുകളിൽ നിന്നും വെള്ളം കയറ്റി കൃഷി നടത്തുന്നതിനും ഉപയുക്തമാക്കുന്നു. ജലസേചനത്തിനുള്ള സബ്സിഡി ഗവർമെണ്ടിൽ നിന്ന് കർഷകർക്കുവേണ്ടി സംഘം വാങ്ങിച്ചു പ്രവർത്തനം നടത്തുന്നു. മെതിയന്ത്രം, ട്രില്ലർ, സ്പെയറുകൾ എന്നി വാടക നിരക്കിൽ കൊടുക്കുന്നതുമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

### II. *കാറളം ക്ഷീരവ്യവസായ സഹകരണസംഘം R. 35 D*

പ്രസ്തുത സംഘത്തിൻെറ പ്രവർത്തനപരിധി കാറളം പഞ്ചായത്തിലെ കാറളം, ചെമ്മണ്ട, പുലത്തറ, വെള്ളാനി എന്നീ പ്രദേശങ്ങളാണ്. 1977-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിൻെറ അംഗീകൃത ഓഹരിമൂലധനം 50,000/- ക. യാണ്. ഓഹരി ഒന്നിന് 10 രൂപവെച്ച് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 9980 ക. യാണ്. മൊത്തം മെമ്പർമാർ 998. സർക്കാർ ഓഹരി ഇല്ല. നിക്ഷേപങ്ങളൊ, വായ്പകളൊ ഇല്ല. ഒരു സാമ്പത്തിക വർഷത്തിൽ 111907.3 ലിറ്റർ പാൽ മൊത്തം ശേഖരിക്കുന്നു. അതിൽ 19,666 ലി. പാൽ പഞ്ചായത്ത് ഏരിയകളിൽ വിറ്റഴിയുമ്പോൾ 92,241.3 ലിറ്റർ പുറത്തേക്ക് അയക്കുന്നു. തീറ്റപ്പുൽ കൃഷി ഉണ്ടായിരുന്നു. പുൽവിത്ത് വിതരണം ചെയ്തിരുന്നു. കാലിത്തീറ്റ നൽകിവരുന്നു. അതിൽ കിടാരികൾക്ക് നല്കുന്ന കാലിത്തീറ്റ സബ്സിഡി നിരക്കിലാണ്.

### III. *താണിശ്ശേരി ക്ഷീരോൽപാദക സഹകരണസംഘം R. No. 187 D*

പ്രസ്തുത സംഘത്തിൻെറ പ്രവർത്തനപരിധി കാറളം പഞ്ചായത്തിലെ 6, 7 വാർഡുകളാണ്. 1992 മാർച്ച് മാസം 27-ാം തിയ്യതി പ്രവർത്തനം ആരംഭിച്ച സംഘത്തിൻെറ അംഗീകൃത ഓഹരി മൂലധനം 10,000/- ക.

യാണ്. ഓഹരി ഒന്നിന് 10 രൂപ പ്രകാരം പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 2800 ക.യാണ്. മൊത്തം 269 മെമ്പർമാരുണ്ട്. സർക്കാർ ഓരഹി ഇല്ല. നിക്ഷേപങ്ങളൊ, വായ്പകളൊ ഇല്ല. ഒരു സാമ്പത്തിക വർഷത്തിൽ മൊത്തം ശേഖരിക്കുന്ന പാൽ 95,197.4 ലിറ്ററാണ്. അതിൽ 13487.7 ലിറ്റർ പഞ്ചായത്തിൽ വിറ്റഴിക്കുമ്പോൾ 81709.7 ലിറ്റർ പുറത്തേക്ക് അയയ്ക്കുന്നു. ക്ഷീരവികസന ഓഫീസ് വഴി കന്നുകുട്ടികൾക്കുള്ള കാലിതീറ്റ സബ്സിഡി നിരക്കിൽ നൽകിവരുന്നു.

### *IV. കാട്ടൂർ പട്ടികജാതി - പട്ടികവർഗ്ഗ മത്സ്യതൊഴിലാളി സഹകരണസംഘം ക്ലിപ്തം 392*

പ്രസ്തുത സംഘത്തിന്റെ പ്രവർത്തനപരിധി മുകുന്ദപുരം താലൂക്കിലെ പൊറത്തിശ്ശേരി, കാറളം, കാട്ടൂർ തൃശൂർ താലൂക്കിലെ ചാഴൂർ, താന്ന്യം എന്നീ പഞ്ചായത്തുകളിലുമാണ്. കൊല്ലവർഷം 1114 മലയാളമാസം മേടം 10-ന് പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 50,000/- രൂപ മാത്രമാണ്. ഓഹരി ഒന്നിന് 10 രൂപവെച്ച് പിരിഞ്ഞുകിട്ടിയ ഓഹരി സംഖ്യ 3331.25 ക.യാണ് മൊത്തം 345 മെമ്പർമാരുണ്ട്. പരമാവധി കടം എടുക്കാവുന്ന തുക 50,000/- ക. യാണ്. സർക്കാർ ഓഹരി ഇല്ല. നിക്ഷേപങ്ങളൊ വായ്പകളൊ ഇല്ല. സംഘത്തിന്റെ പ്രവർത്തനപരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിൽ നിന്നും മത്സ്യകാപ്പുകൾ ലേല പ്രകാരം ഒരു വർഷകാലം ഏറ്റെടുത്ത് അതതു പ്രദേശത്തെ തൊഴിലാളികളായ മെമ്പർമാർക്ക് ഒറ്റക്കും, കൂട്ടമായും തൊഴിൽ ചെയ്യുന്നതിനുള്ള പ്രദേശങ്ങൾ തിട്ടപ്പെടുത്തി നിശ്ചിത നിരക്കിൽ അതതു പ്രദേഷത്തെ മെമ്പർമാരായ തൊഴിലാളികൾക്ക് ഏൽപ്പിച്ചു. കൊടുക്കുന്നു പ്രവർത്തനമാണ് നടത്തിവരുന്നത്. വായ്പകൾ കൊടുത്തിരുന്നു. ഇപ്പോൾ ഇല്ല. മത്സ്യകാപ്പുകൾ ഏറ്റെടുക്കുമ്പോൾ പഞ്ചായത്ത് കിസ്തിലുണ്ടാകുന്ന വർദ്ധനവ്, മെമ്പർമാർ തൊഴിൽ ചെയ്യുന്ന ഏരിയകളിൽ നടക്കുന്ന അനധികൃത മത്സ്യബന്ധനവും, വിഷാംശമുള്ള നഞ്ച്, ഗുളികകൾ എന്നിവയും, തോട്ടപൊട്ടിച്ചും മത്സ്യംപിടിക്കുകയും ആ സ്ഥലങ്ങളിൽ നിന്നുള്ള നീരൊഴുക്ക് നിമിത്തം മറ്റ് പ്രദേശത്തെ മത്സ്യങ്ങൾ ചത്തുപോവുകയും 1990 മുതൽ ഇങ്ങോട്ട് വ്യാപകമായി കണ്ടുവരുന്നതും, കീടനാശിനികളുടെ വർദ്ധിച്ച തോതിലുള്ള ഉപയോഗം നിമിത്തവും ഉണ്ടാകുന്ന മത്സ്യരോഗത്തിന്റെ ഒക്കെ ഫലങ്ങൾ സംഘത്തിനു മുന്നിലുള്ള പ്രശ്നങ്ങളാണ്.

### *V. കാറളം പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം 786*

കാറളം പഞ്ചായത്ത് മൊത്തം പ്രവർത്തന പരിധിയിൽപ്പെട്ട ഈ സംഘം 1989-ലാണ് പ്രവർത്തനം ആരംഭിച്ചത്. 2 ലക്ഷം രൂപയാണ് അംഗീകൃത ഓഹരി മൂലധനം. ഓഹരി ഒന്നിന് 10. ക വെച്ച് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 4270 ക. യാണ്. മൊത്തം മെമ്പർമാർ 427 പേർ ആണ്. സർക്കാർ ഓഹരി ഉണ്ട്. അതുപ്രകാരം ലഭിച്ച സംഖ്യ 25000 ക. യാണ്. ഇത് ഒരു ക്രെഡിറ്റ് സൊസൈറ്റിയാണ്. കല്ലുവെട്ടു വ്യവസായമാണ് പ്രധാനമായും നടത്തുന്നത്.

### *VI. കാറളം സർവീസ് സഹകരണ ബാങ്ക് Ltd. No. 600*

1. കാറളം വില്ലേജ് പ്രവർത്തനപരിധിയള്ള പ്രസ്തുത ബാങ്ക് പ്രവർത്തനം ആരംഭിച്ചത് കൊല്ലവർഷം 1122 മലയാളമാസം കുംഭം 5-ന് ആണ്. അംഗീകൃത ഓഹരി മൂലധനം 35,60,000 ക. യാണ്. ഓഹരി ഒന്നിന് 100 ക. വെച്ച് 869061 ക. യാണ്. മൊത്തം 5200 മെമ്പർമാരുണ്ട്. ക്രെഡിറ്റ് സൊസൈറ്റിയാണ്. സർക്കാർ ഓഹരിയുണ്ട്. അതുപ്രകാരം ലഭിച്ച 150000 ക. യാണ്. പരമാവധി കടം എടുക്കാവുന്ന തുക 4,58,96,400 ക. യാണ്.

2. നിക്ഷേപങ്ങൾ:-

   a. സ്ഥിരം : 180 ലക്ഷം

   b. ഹ്രസ്വകാലം : 20 ലക്ഷം

3. വായ്പകൾ:-

| ഇനം | തുക |
|---|---|
| DT | 3060478 |
| Mt | 212686 |

3. മറ്റു വായ്പകൾ:-

| Sl.No. | ഇനം | തുക | |
|---|---|---|---|
| 1. | സാധാരണ വായ്പ | 86,06,185 | 00 |
| 2. | സ്വർണ്ണപണയം | 43,75,847 | 00 |
| 3. | ഓവർഡ്രാഫ്റ്റ് | 5,10,707 | 00 |
| 4. | ഹൗസ് ലോൺ | 9,739 | 00 |

4. മറ്റ് സ്ഥാപനങ്ങളിൽ നിന്നു സ്വീകരിച്ച വായ്പകൾ

| Sl. No. | സ്ഥാപനം | സ്വഭാവം | തുക | |
|---|---|---|---|---|
| 1. | TDC Bank | ST Loan | 18,66,175-00 | 00 |

5. നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| Sl.No. | വായ്പാസ്വഭാവം | തുക | |
|---|---|---|---|
| 1. | കാർഷിക വായ്പ | 4,26,297 | 00 |
| 2. | മദ്ധ്യകാല വായ്പ | 26,511 | 00 |
| 3. | ദീർഘകാല വായ്പ | 11,193 | 00 |
| 4. | സാധാരണവായ്പ | 11,13,651 | 00 |

6.വായ്പ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

റേഷൻ, വളം, കീടനാശിനി, മാവേലി ഓണചന്ത, കശുവണ്ടി സംഭരണം, കൊപ്ര സംഭരണം.

7. ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്ന വായ്പാപദ്ധതികൾ

| Sl. No. | ഇനം | വായ്പ | വിതരണം ചെയ്തത് | ബാക്കി നിൽപ്പ് |
|---|---|---|---|---|
| 1. | കാർഷിക വായ്പ | 1500 | 41.89 ലക്ഷം | 30.6 ലക്ഷം |
| 2. | മദ്ധ്യകാല വായ്പ | 100 | 6.21 " | 2.2 " |
| 3. | കാർഷികേതര വായ്പ | 300 | 80.25 " | 86.6 " |
| 4. | സ്വർണ്ണപണയവായ്പ | 800 | 80.00 " | 43.7 " |
| 5. | മറ്റ് വായ്പകൾ | 150 | 5.00 " | 4.7 " |
| | ആകെ | 2850 | 213.35 ലക്ഷം | 167.8 ലക്ഷം |

റേഷൻ വളം, കീടനാശിനി എന്നിവയുടെ വിതരണം നടത്തിവരുന്നുണ്ട്.

8. വിതരണം ചെയ്ത വായ്പകൾ ശരിയായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിൽ താല്പര്യം കാണിക്കുന്നില്ല. വാങ്ങുന്ന വായ്പകൾ ശരിയായ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്. എങ്കിൽ മാത്രമെ അംഗങ്ങൾക്ക് സ്വയം പര്യാപ്തത നേടാനും തിരിച്ചടക്കാനുള്ള കഴിവും ഉണ്ടാക്കി എടുക്കുവാനും സാധിക്കുകയുള്ളു.

9. കാർഷികവും കാർഷികേതരവുമായ വായ്പകൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ കാറളം വില്ലേജിൽ മാത്രം കൊടുക്കുവാൻ സാധിക്കുകയുള്ളു. കൃഷിഭവൻ വഴിയുള്ള വായ്പകളും മറ്റ് വിവിധതരത്തിലുള്ള പുരോഗമനപ്രവർത്തനങ്ങൾക്കും ബാങ്കിൻെറ പ്രവർത്തനപരിധി കാറളം പഞ്ചായത്ത് ആക്കി മാറ്റേണ്ടതാണ്.

10. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| | 1997 | 1998 | 1999 | 2000 | 2001 |
|---|---|---|---|---|---|
| അംഗങ്ങൾ | 5800 | 6400 | 7000 | 8000 | 9000 |
| വായ്പ വാങ്ങുമെന്ന് പ്രതീക്ഷിക്കുന്നവർ | 2500 | 2760 | 3025 | 3350 | 4000 |
| ഓഹരി (ലക്ഷം) | 10 | 11.5 | 13.25 | 15 | 17.5 |
| നിക്ഷേപം | 230 | 265 | 330 | 412 | 515 |
| വായ്പ ജില്ലാ ബാങ്ക് | 25 | 30 | 35 | 40 | 45 |
| വായ്പ അംഗങ്ങൾക്ക് | 235 | 250 | 275 | 350 | 450 |
| കുടിശ്ശിക | 15 % | 15 % | 14 % | 13 % | 12 % |
| ലാഭം | 4.08 | 4.5 | 5 | 5.5 | 6 |
| വിത്ത്, വളം, കീടനാശിനി | 45 Mt | 50 Mt | 60 Mt | 70 Mt | 80 Mt |
| | 19.5 | 30 | 30 | 42 | 48 |
| റേഷന് കൺസ്യൂമർ | 45 MT | 50 MT | 55 MT | 60 MT | 65 MT |
| | 22.5 | 27.05 | 30.25 | 35 | 42 |

VII. മുകുന്ദപുരം താലൂക്ക് സർവ്വീസ് സഹകരണസംഘം R.326

പ്രസ്തുത സംഘത്തിന്റെ പ്രവർത്തനപരിധി മുകുന്ദപുരം താലൂക്ക് മുഴുവൻ പ്രദേശവും ഉൾപ്പെടുന്നതാണ്. 1972-73 വർഷം പ്രവർത്തനം ആരംഭിച്ചസംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം ഇരുപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രമാണ്. ഓഹരി ഒന്നിന് 100 ക. വെച്ച് പിരിഞ്ഞുകിട്ടി ഓഹരി മൂലധനം 12,75,000/- ക. യാണ്. മൊത്തം ഓഹരി 1000 ആയ സംഘത്തിന് സർക്കാർ ഓഹരിയുണ്ട്. ആയിനത്തിൽ പിരിഞ്ഞുകിട്ടിയ സംഖ്യ 1,20,000 രൂപയാണ്. ക്രെഡിറ്റ് സൊസൈറ്റിയാണ്. പരമാവധി കടം എടുക്കാവുന്ന തുക 2,37,00,000 ക. യാണ്. 1991-92 മുതൽ 1995-96 കൂടിയ 5 വർഷ കാലയളവിൽ ആകെ 4 പേർക്ക് ഭവനനിർമ്മാണ വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

VIII. കാർഷിക വികസന ബാങ്ക് ഇരിങ്ങാലക്കുട

പ്രസ്തുത ബാങ്ക് പഞ്ചായത്തിൽ 102 പേർക്ക് കാർഷിക സംബന്ധമായ വായ്പകൾ നല്കിയിട്ടുണ്ട്. ആയിനത്തിൽ 20,40,000 ക. ഉപയോഗിച്ചിട്ടുണ്ട്.

IX. അഗ്രോ സർവ്വീസം സെൻറർ R. No. 119

അഗ്രോ സർവ്വീസ് സെൻററിന്റെ പ്രവർത്തനത്തിനുവേണ്ടി മേനേജീരിയൽ സബ്ബ്സിഡിയായി പ്രതിവർഷം 15,000 ക. സർക്കാരിൽ നിന്ന് അനുവദിക്കേണ്ടതാണ്. കാർഷിക ഉപകരണങ്ങളുടെ വിതരണവും, മെയിൻറനൻസ് വർക്കുകളും ചെയ്യുന്ന പ്രവർത്തനമാണ് പ്രധാനമായും നടത്തുന്നത്.

X. കാളം ഇമിറ്റേഷൻ ഡയമണ്ട് - മാന്യൂഫേച്ചറിങ്ങ് ഇൻഡസ്ട്രിയൽ സഹ: സംഘം . No. 214

പ്രസ്തുത സംഘത്തിന്റെ പ്രവർത്തനപരിധി കാറളം പഞ്ചായത്തിന്റെ മൊത്തം അതിർത്തിയാണ്. നാശോന്മുഖമായികൊണ്ടിരിക്കുന്ന ഒരു മേഖലയായി ഈ രംഗം മാറികൊണ്ടിരിക്കുന്നു. പുതുതായി തൊഴിലാളികൾ രംഗത്തു വരുന്നില്ല.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. സഹകരണ മേഖലയിൽ കാർഷികോൽപന്ന സംഭരണ - വിതരണസഹകരണ സംഘം രൂപീകരിക്കണം.
2. നാളികേരം സംഭരിച്ച് സഹകരണാടിസ്ഥാനത്തിൽ ഓയിൽ മില്ലും, നാളികേര ഉൽപന്നങ്ങളും ഉണ്ടാകുന്നതിന് സംഘം രൂപീകരിക്കണം.
3. സഹകരണാടിസ്ഥാനത്തിൽ കാലിതീറ്റ ഫാക്ടറി രൂപീകരിക്കണം.

4. സഹകരണാടിസ്ഥാനത്തിൽ ചില്ലിങ്ങ് പ്ലാൻറ് രൂപീകരിക്കണം.
5. ചെറുകിട വ്യവസായങ്ങാം പ്രത്യേകിച്ച് തൊഴിലധിഷ്ഠിതമായ യൂണിറ്റുകാം സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കണം.
6. സംഘം നിയമങ്ങാം ലഘൂകരിക്കണം.
7. വായ്പകാംക്കുള്ള പലിശ നിരക്ക് കുറയ്ക്കണം.
8. അതത് സാമ്പത്തികവർഷം തന്നെ ഗവ: തലത്തിൽ ഓഡിറ്റിംഗ് നടത്തണം.
9. ക്ഷീരോൽപാദക സഹകരണസംഘത്തിൻെറ യൂണിറ്റ് 3-ാം വാർഡിൽ സ്ഥാപിക്കണം.
10. സഹകരണ മേഖലയിലൂടെ ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി കാര്യക്ഷമമാക്കി നടപ്പിൽ വരുത്തുക.
11. പൊതു മത്സ്യതൊഴിലാളി സഹകരണസംഘം രൂപീകരിക്കണം.
12. ക്ഷീര സഹകരണ സംഘത്തിൻെറ യൂണിറ്റ് 5-ാം വാർഡിൽ സ്ഥാപിക്കുക.
13. കാർഷിക വായ്പകാം കർഷകർക്ക് കാര്യക്ഷമമായും സുഗമമായും കാലതാമസം കൂടാതെയും ലഭിക്കുന്നതിനുള്ള നടപടികാം സ്വീകരിക്കണം.
14. 5-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന ഡയമണ്ട് വർക്ക്സ് സഹകരണ സംഘം പുനരുദ്ധരിക്കുക.
15. വസ്തു ഈടിന്മേലുള്ള വായ്പയുടെ പരിധി 1,00,000 (ഒരു ലക്ഷം ക. മാത്രം) രൂപയെങ്കിലുമായി ഉയർത്തുക.
16. കാർഷികോൽപന്നങ്ങാം ശേഖരിച്ച് കർഷകർക്ക് ന്യായവില ഉറപ്പാക്കണം.
17. മെമ്പർമാരുടെ ഷെയർ മണി ലോൺ അവസാനിക്കുമ്പോാം തിരികെ കൊടുക്കണം.
18. സഹകരണാടിസ്ഥാനത്തിൽ മാവേലി സ്റ്റോർ സ്ഥാപിക്കണം.
19. എല്ലാ മേഖലകളിലും സഹകരണ സംഘങ്ങാം സ്ഥാപിക്കണം.
20. സഹകരണ മേഖലയിൽ ആശുപത്രി സ്ഥാപിക്കണം.
21. 8-ാം വാർഡിൽ ക്ഷീര സഹകരണസംഘത്തിൻെറ യൂണിറ്റ് സ്ഥാപിക്കണം.
22. 8-ാം വാർഡിൽ സഹകരണ ബാങ്കിൻെറ ഒരു യൂണിറ്റ് ആരംഭിക്കണം.
23. 9-ാം വാർഡിലെ കൺസ്യൂമർ സഹകരണസംഘത്തിൻെറ പ്രവർത്തനത്തിന് ആവശ്യമായ നടപടികാം സ്വീകരിക്കണം.
24. പട്ടികജാതി - സഹകരണ സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.
25. വനിതാ സഹകരണസംഘവും, പാൽ സഹകരണസംഘവും രൂപീകരിക്കണം.
26. കർഷക സഹകരണ സംഘത്തിൻറ പ്രവർത്തനം കാര്യക്ഷമമാക്കുക.

*പ്രശ്നങ്ങളും സാധ്യതകളും*

പ്രധാനമയും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങളാണ് പഞ്ചായത്ത് അതിരിത്തിയിൽ മുഖ്യമായും പ്രവർത്തിക്കുന്നത്. ക്ഷീരോൽപാദക വ്യവസായസഹകരണ സംഘങ്ങാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങാം മിൽമയിൽ നിന്നു ലഭിക്കുന്ന പാൽവിലയുടെ കുറവാണ്. അപര്യാപ്തമായ തോതനുസരിച്ചുള്ള തുകയ്ക്ക് പാൽവില കൊടുക്കുമ്പോാം ഉൽപാദനചിലവുമായി ഒത്തുപോകുന്നില്ല. തന്മൂലം ഈ രംഗത്തു നിന്നും കർഷകർ മാറികൊണ്ടിരിക്കുകയാണ്. കാലിതീറ്റയുടെ വില വർദ്ധനവ് കണക്കിലെടുത്ത് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള നടപടികാം സ്വീകരിക്കേമ്ടതാണ്. ഫണ്ടിൻെറ കുറവുമൂലം D.R.D.A. യുടെ സ്കീമിൻെറ ഗുണം ക്ഷീരോൽപാദക കർഷകർക്ക് ലഭിക്കുന്നില്ല. ഈ സ്കീമനുസരിച്ച് 25 കന്നുകുട്ടികളെ മാത്രമെ തെരഞ്ഞെടുക്കുന്നുള്ളൂ. 14 മാസമായിട്ടും പുതിയ കന്നുകുട്ടികളെ തിര

ഞ്ഞെടത്തിട്ടില്ല. ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും, ഫണ്ട് അനുവദിക്കുകയും വേണം. മാസംതോറും കന്നുകാലികൾക്ക് സൗജന്യമായി വന്ധ്യതാ നിവാരണക്യാമ്പും ഗോരക്ഷാ ക്യാമ്പും മരുന്നുകളും നൽകുന്ന സ്കീം നടപ്പിലാക്കേണ്ടതാണ് ഈ പദ്ധതി ഇപ്പോൾ ഇവിടെ നിലവിലില്ല.

മത്സ്യബന്ധനരംഗത്ത് പഞ്ചായത്ത് ഏരിയയിൽപ്പെടുന്ന സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു. നിലവിലിരിക്കുന്ന സാഹചര്യങ്ങളിൽ മത്സ്യസമ്പത്തിനുണ്ടായ രോഗങ്ങൾ നിമിത്തവും, ലേലസമയത്തെ പഞ്ചായത്ത് കിസ്തിലുണ്ടാക്കുന്ന വർദ്ധനവും കണക്കാക്കുമ്പോൾ മത്സ്യബന്ധനം മുഖ്യജീവിതോപാധിയാക്കിയ പാരമ്പര്യ മത്സ്യതൊഴിലാളികൾക്ക് അതിന്റെ ഗുണം ലഭിക്കുന്നില്ല. മത്സ്യസമ്പത്തിനുണ്ടാകുന്ന വംശനാശവും ഈ മേഖല പുഷ്ടിപ്പെടുത്തുന്നതിനും താഴെ പറയുന്ന കാര്യങ്ങൾ അവലംബിക്കാവുന്നതാണ്.

1. അനധികൃത മത്സ്യബന്ധനം തടയുക
2. വിഷാംശമുള്ള നഞ്ച്, ഗുളികകൾ എന്നിവ കലർത്തിയും തോട്ടപൊട്ടിച്ചും മത്സ്യം പിടിക്കുന്നത് കർശനമായി നിരോധിക്കുക.
3. വർദ്ധിച്ച തോതിലുള്ള കീടനാശിനികളുടെ ഉപയോഗം ഗണ്യമായി കുറക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.
4. മത്സ്യസമ്പത്തിന്റെ പ്രജനനകാലത്ത് തോടുകൾ ചാലുകൾ മറ്റ് ജലാശയങ്ങളുടെ മുഖത്ത് ബണ്ട്, മറ്റ് കെട്ടുകൾ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നത് നിരോധിക്കുക.
5. മത്സ്യകൃഷി നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, അങ്ങിനെയുള്ളവരെ സഹകരണ സംഘങ്ങൾക്കു കീഴിൽകൊണ്ടുവരികയും, ആയതിന് പ്രോത്സാഹനം നല്കുകയും ചെയ്യുക.
6. കുളങ്ങൾ സൗകര്യപ്രദമായ ചതുപ്പുനിലങ്ങൾ എന്നിവ പാട്ടത്തിനോ മറ്റ് ഏതെങ്കിലും രീതിയിൽ സ്ഥലം ഏറ്റെടുത്ത് മത്സ്യകൃഷി ഉപയുക്തമായ രീതിതയിൽ നടപ്പിൽ വരുത്തുക.
7. ഫിഷറീസ് വഴി ലഭിക്കുന്ന അത്യുല്പാദന ശേഷിയുള്ള മത്സ്യകുഞ്ഞുങ്ങളെ വാങ്ങി വളർത്തുന്നതിന് പ്രത്യേകം ഫാം ആരംഭിക്കുകയും, ആയതിന്റെ തീറ്റ സംരക്ഷണം എന്നിവക്കുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.
8. മത്സ്യം കേടുകൂടാതെ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ, മത്സമാർക്കറ്റ് എന്നിവ തുടങ്ങുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുക എന്നിവയാണ്.

ഏറെകുറെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കല്ലൊര വ്യവസായസഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സർക്കാർ ഗ്രാൻറ് ലഭ്യമാക്കി ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

# പട്ടികജതി - പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 15% പട്ടികജാതി വിഭാഗമാണ്. 600 പട്ടിക ജാതി കുടുംബങ്ങൾ ഇവിടെ താമസിച്ചുവരുന്നു. 5 അംഗീകൃത കോളനികളും അംഗീകാരത്തിനു സമർപ്പിച്ച 5 കോളനികളുമുണ്ട്. 125 കുടുംബങ്ങൾ ഇടകലർന്നുമാണ് ജീവിച്ചുവരുന്നത്. ആകെ 2696 പട്ടികജാതി അംഗങ്ങൾ ഉണ്ട്. പുരുഷൻ - 1328, സ്ത്രീകൾ - 1368

വിദ്യാഭ്യാസ രംഗത്തും സാമൂഹ്യരംഗത്തും ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് ഇപ്പോഴും ഈ വിഭാഗം വളരെയേറെ പുറകിലാണ്. കുടികിടപ്പവകാശവും, മിച്ചഭൂമി വിതരണവും മൂലം കുറെയേറെ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ വിഭാഗത്തിൻെറ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളെ കുറിച്ച് ഇപ്പോഴും വേണ്ടത്ര ബോധവാന്മാരായിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൻെറ ഭാഗത്തുനിന്നുള്ള നിബന്ധനകളും, സാമ്പത്തിക ബുദ്ധിമുട്ടുകളും, പദ്ധതികളെ കുറിച്ച് അവരെ വേണ്ടത്ര ബോധവാന്മാരാക്കുന്നതിൽ വന്നിട്ടുള്ള അപാകതയും ഉണ്ടായിട്ടുണ്ട് എന്നുള്ളതിൽ തർക്കമില്ല. എങ്കിലും ഭാഗീകമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹാകമായിട്ടുണ്ട്.

## വിദ്യാഭ്യാസം

ഈ വിഭാഗക്കാരിൽ ഇപ്പോൾ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗക്കാരുടെ മാതാപിതാക്കൾ നേരം വെളുത്താൽ വൈകുന്നതുവരെ കൂലിപ്പണിക്ക് പോകുന്നതുകൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസത്തെകുറിച്ച് ശ്രദ്ധിക്കാൻ കഴിയാതെ പോകുന്നതും ഒരു കാരണമാകുന്നുണ്ട്.

SSLC ക്ക് ശേഷം തുടർവിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കുട്ടികളിൽ അധികവും മറ്റു മേഖലകളിലേക്ക് തിരിയുന്നതും വിദ്യാഭ്യാസരംഗത്തെ ഉയർച്ചക്ക് വിലങ്ങുതടിയായിട്ടുണ്ട്. പ്രൈമറി തലത്തിൽ ചെറിയ തോതിൽ കൊഴിഞ്ഞുപോക്ക് ഇപ്പോഴും അനുഭവപ്പെടുന്നു. ഇവരുടെ ഉന്നമനത്തിനായി ഗവൺമെൻറ് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും, കാർഷിക മേഖലയിലാണ് തൊഴിലെടുത്ത് ഉപജീവനം കഴിച്ചുപോരുന്നത്. എൻാൽ ഈ അടുത്ത കാലത്ത് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള തകർച്ച ഈ വിഭാഗത്തെ നിർമ്മാണ മേഖലയിലേക്ക് തിരിയുന്നതിന് കാരണമായിട്ടുണ്ട്. നിർമ്മാണ മേഖലയിലാണെങ്കിൽ കാർഷിക മേഖലയെ അപേക്ഷിച്ച് കൂലി കൂടുതൽ ലഭിക്കുന്നു. സ്ത്രീകൾക്ക് 90 രൂപയും, പുരുഷന് 150 രൂപയും ലഭിക്കുന്നു. യുവതലമുറ കാർഷിക മേഖലയിൽ പണി ചെയ്യുന്നതിന്, കാർഷിക മേഖലയെ അപേക്ഷിച്ച് മറ്റു മേഖലയിൽ കൂലി കൂടുതൽ ലഭിക്കുന്നതിനാൽ വിമുഖത കാണിക്കുന്നതാണ് ഇപ്പോഴത്തെ അനുഭവം.

കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നതിന് തൊഴിലാളികളെ കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നു. ഈ രംഗത്ത് തൊഴിലാളികളെ നിലനിർത്തുന്നതിന് തൊഴിലിന് കൂടുതൽ മാന്യത കൈവരുത്തുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സംഘം രൂപീകരിച്ചു. അവർക്ക്വേണ്ട ആനുകൂല്യങ്ങൾ നല്കി ഈ മേഖലയെ പ്രോത്സാഹിപ്പിണ്ടേതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ കാർഷിക മേഖലയെ രക്ഷിക്കാൻ കഴിയുകയുള്ളു. കർഷക തൊഴിലാളികളിൽ ഭൂരിഭാഗം വരുന്നത് പട്ടികജാതി വിഭാഗക്കാരായതിനാൽ തൊഴിൽ ഉറപ്പു വരുത്തുന്നതിന് കൂടുതൽ തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൽ തുടങ്ങേണ്ടതുണ്ട്. കാർഷിക അനുബന്ധ വ്യവസായം ഇതിനായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. സർക്കാർ ഏജൻസികൾ വഴിയും, R.L.E.G.P.,

N.R.E.P., I.A.Y., J.R.Y., അൺടൈഡ് ഫണ്ട് തുടങ്ങിയ പദ്ധതികൾ പ്രകാരം ഒരു പരിധി വരെ വീടുകൾ പഞ്ചായത്തിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും ഒട്ടനവധി പേർക്ക് താമസയോഗ്യമായ വീടുകൾ ഇല്ലാത്തവരുണ്ട്. വീടുകൾ കിട്ടിയവർക്ക് തന്നെ പൂർത്തീകരിക്കാൻ കഴിയാതെ കിടക്കുന്ന ഭവനങ്ങളും ധാരാളം ഉണ്ട്. സർക്കാർ നല്കുന്ന സഹായധനം തീരെ അപര്യാപ്തമാണ്. സർക്കാർ സബ്സിഡിയോടെയുള്ള പദ്ധതിപ്രകാരം ലോൺ കിട്ടിയ പട്ടികജാതി കുടുംബങ്ങളും (പട്ടികജാതി വികസന കോർപ്പറേഷൻ) പഞ്ചായത്തിൽ ഉണ്ട്. സംഖ്യ അടക്കാൻ നിവൃത്തിയില്ലാതെ പട്ടയവും, ആധാരവും നഷ്ടപ്പെട്ടവരും ഈകൂട്ടത്തിൽ ഉണ്ട്. ഇക്കൂട്ടർക്ക് അറ്റകുറ്റപണികൾക്കും, പുനരധിവാസ ഭവന പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്.

***കാറളം ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി കോളനികളുടെ പേര് താഴെ ചേർക്കുന്നു.***

വാർഡ്

1. കോഴികുന്ന് കോളനി (വെള്ളാനി)
2. വെള്ളാനി വടക്കേ കോളനി
3. നന്തി കോളനി
4. പൊട്ടകുളം കോളനി (പടിഞ്ഞാറെ കല്ലട)
5. കാരങ്ങാട് കോളനി
6. അംബേദ്കർ കോളനി തൃത്താനിപ്പാടം
7. ചെമ്മണ്ട നാല് സെൻറ് കോളനി
8. വെള്ളാനി അമ്പലനട നാല് സെൻറ് കോളനി
9. വെള്ളാനി ഫ്ളോട്ട് - 2 നാല് സെൻറ് കോളനി
10. ലക്ഷംവീട് കോളനി, താണിശ്ശേരി
11. ലക്ഷംവീട് കോളനി, കാറളം
12. വെള്ളാനി സ്കൂൾ കുന്ന് കോളനി

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സ്വന്തമായി സ്ഥലം ഉള്ള മുഴുവൻ പട്ടകജാതിക്കാർക്കും വീട്, വൈദ്യുതി, കക്കൂസ്, യാത്രാസൗകര്യം ഏർപ്പെടുത്തണം.
2. ഇറിഗേഷൻ പുറംപോക്കിൽ താമസിക്കുന്ന ഇരുപത്തിയഞ്ച് പേർക്ക് പട്ടയം കൊടുക്കുകയും വീട്, കക്കൂസ്, വൈദ്യുതി, യാത്രാസൗകര്യം എന്നീ കാര്യങ്ങൾ ഏർപ്പെടുത്തണം.
3. പട്ടയം കൊടുക്കുവാൻ നിവർത്തിയില്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിച്ചു കൊടുക്കണം.
4. ഈവിഭാഗങ്ങളിൽപ്പെട്ട വനിതകൾക്ക് കൈതൊഴിൽ പരിശീലനം നൽകാനും ചെറുകിട റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റ് തുടങ്ങുവാനും സാമ്പത്തീക സഹായം അനുവദിക്കണം.
5. ഈവിഭാഗങ്ങളുടെ ഭവനിർമ്മാണത്തിന് നൽകുന്ന സഹായധനം കാലാനുസൃതമായി ഉയർത്തണം.
6. തൊഴിൽ ഇല്ലാത്ത യുവാക്കൾക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായധനം അനുവദിക്കണം.
7. ഭവനനിർമ്മാണത്തിന് ഉള്ള സംഖ്യ ഉയർത്തുക.
8. ഫർണീച്ചർ യൂണിറ്റ് നർമ്മാണത്തിന് സഹായധനം അനുവദിക്കണം.
9. ഭവനനിർമ്മാണത്തിനുള്ള ഗ്രാൻറ് വർദ്ധിപ്പിക്കുക. കുറഞ്ഞത് 30,000 രൂപയെങ്കിലും നൽകണം.
10. ഭൂരഹിതരായ കർഷകതൊഴിലാളിക്ക് ഭൂമി വാങ്ങിക്കുന്നതിനുവേണ്ടി അതതു സമയത്തെ മാർക്കറ്റ് വില അനുസരിച്ച് സഹായം ലഭിക്കണം.

11. IHDP പദ്ധതിയിൽ വരാത്ത കർഷകതൊഴിലാളികൾക്ക് വീടു വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കുക.
12. ലക്ഷം വീടുകോളനിയിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ്സും, വീട് പുനർനിർമ്മാണത്തിനും, നടപടി എടുക്കുക.
13. പട്ടികജാതി ക്ഷേമത്തിനായി സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തണം.
14. അംബേദ്കർ കോളനിയിൽ പാർപ്പിടം, ശുചീകരണം, വായനശാല, കളിസ്ഥലം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ സംരക്ഷിക്കുന്നതിന്വേണ്ട നടപടികൾ എടുക്കണം.
15. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷന്റെ എല്ലാ ആനുകൂല്യങ്ങളും അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭ്യമാക്കാൻ നടപടി എടുക്കണം.
16. പട്ടികജാതി ക്ഷേമത്തിനായി സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തണം.
17. അംബേദ്കർ കോളനിയിൽ പാർപ്പിടം, ശുചീകരണം, വായനശാല, കളിസ്ഥലം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾക എടുക്കണം.
18. കിണർ ഇല്ലാത്തവർക്ക് കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം.
19. പൈപ്പ് ലൈൻ സ്ഥാപിക്കണം.
20. കറന്റ് ഇല്ലാത്തവർക്ക് കറന്റ് എത്തിക്കണം.
21. വെട്ടിക്കര റോഡ് നന്നാക്കണം.
22. കുടിവെള്ളം വൈദ്യുതി കക്കൂസ്, വീടുകളുടെ അറ്റകുറ്റപണി എന്നിവക്ക് സഹായധനം അനുവദിക്കണം.
23. കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.
24. ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കുക.
25. പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്നതിന് സഹായം നൽകുക.
26. പട്ടികജാതി - പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിന് പരമാവധി ശ്രദ്ധ ചെലുത്തുക.
27. വിദ്യാഭ്യാസത്തിന് സഹായധനം നൽകുക.
28. പട്ടികജാതി വിഭാഗം കൂടുതലും കാർഷിക മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. ആയതുകൊണ്ട് കാർഷിക മേഖല വികസിപ്പിക്കുക.
29. ഹരിജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ കളിസ്ഥലം, ഗ്രാമീണ വായനശാല, കമ്മ്യൂണിറ്റി ഹാൾ, ടി. വി. സൗകര്യം എന്നിവ നല്കണം.
30. നന്തിയിലെ ഹരിജൻ കോളനിയിൽ പട്ടയം കിട്ടാത്തവർക്ക് പട്ടയം നൽകുക.
31. കൃഷി, മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക.
32. ജാതിപരമായ ഉച്ചനീചത്വം ഇല്ലാതാക്കുക.
33. ഹരിജൻ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്.
34. കാറളം ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് ഹരിജൻ സംവരണവാർഡാണ്.
35. വികസനം സാദ്ധ്യമായിട്ടില്ല.
36. ഹരിജൻ സഹകരണ സംഘം കൂട്ടായ്മയുടെ പ്രതീകമാണ്.
37. കല്ലുവെട്ട് സഹകരണ സംഘം നിലനിർത്തുന്നതിന് 5 ഏക്കറെങ്കിലും ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നീ പഞ്ചായത്തുകൾ സാമ്പത്തീക സഹായം നൽകണം.
38. കല്ലുവെട്ടി കഴിഞ്ഞ സ്ഥലത്ത് പച്ചകറിതോട്ടം ഉണ്ടാക്കുന്നതിന് സാങ്കേതികമായും, സാമ്പത്തികമായും, സഹായം നൽകണം.
39. ഈ പ്രദേശത്ത് വേറെ വ്യവസായം ഇല്ല. വ്യവസായ സ്ഥപനങ്ങൾ ആരംഭിക്കണം.
40. ഹരിജൻ കോളനികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുക.

41. ഹരിജനങ്ങാം കൂട്ടമായി താമസിക്കുന്ന മുഴുവൻ കുടുംബങ്ങാംക്കും, കോളനികളുടെ ആനുകൂല്യം നൽകണം. കൂടുതൽ കോളനികാം അംഗീകരിക്കുകയും വേണം.

42. പട്ടികജാതി വിഭാഗം കൂടുതലും കാർഷിക മേഖലയിൽ ആണ് തൊഴിൽ ചെയ്യുന്നത്. ആയതുകൊണ്ട് കാർഷിക മേഖല വികസിപ്പിക്കണം.

43. വിധവ പെൻഷൻ, പെൺകുട്ടികളുടെ വിവാഹ ധനസഹായം, പുനരധിവാസം, ഓല മേഞ്ഞ കുടിലുകാം പുതുക്കി പണിയൽ, എന്നിവക്കുള്ള ആനുകൂല്യങ്ങാം ലഭ്യമാക്കുക.

44. ഹരിജനങ്ങാം കൂടുതൽ താമസിക്കുന്ന പ്രദേശങ്ങാം കോളനിയായി പ്രഖ്യാപിച്ച് വൈദ്യുതി, വീട്, കക്കൂസ് മുതലായ അടിസ്ഥാന സൗകര്യം ലഭ്യമാക്കുക.

45. വീടും, കക്കൂസ്സും ഇല്ലാത്ത മുഴുവൻ ഹരിജൻ കുടുംബങ്ങാംക്കും സൗകര്യം ഏർപ്പെടുത്തുക.

46. ഹരിജനവിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിന് നൽകുന്ന സഹായധനം കാലാനുസൃതമായി ഉയർത്തണം, കൂടാതെ വിധവകളുടെ പെൺമക്കളുടെ വിവവാഹധനം കലാനുസൃതമായി ഉയർത്തണം.

47. കർഷകതൊഴിലാളി, വാർദ്ധക്യ, വിധവ, വികലാംഗ, മന്ദബുദ്ധി തുടങ്ങിയവർക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുകയും സമയാസമയങ്ങളിൽ കൊടുക്കുന്ന കാര്യത്തിൽ ഉറപ്പുണ്ടാക്കുകയും വേണം.

## പദ്ധതി അവലോകനം

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികാം:-

കഴിഞ്ഞ 5 വർഷകാലത്തിനിടയ്ക്ക് നടന്ന നടപ്പ് പദ്ധതികാം

*1. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി*

1. ഭൂമിയും, വീടും നൽകുന്ന പദ്ധതി
2. സംയോജിത ഭവന നിർമ്മാണ പദ്ധതി
3. ഓലമേച്ചിൽ ഗ്രാൻറ്
4. കെട്ടിമേച്ചിൽ ഗ്രാൻറ്
5. വിവാഹ ധനസഹായഗ്രാൻറ്
6. യാത്രാപടി നൽകൽ
7. വിവാഹ ധനസഹായം

***പരാജയകാരണങ്ങാം***

1. സംയോജിത ഭവനനിർമ്മാണം ഭൂരഹിത ഭവനപുനരധിവാസ പദ്ധതികാം - വീട് അത്യാവശ്യമാണെന്ന് ബോദ്ധ്യപ്പെട്ട ഗുണഭോക്താക്കാം വിനിയോഗിക്കുന്നു. മറ്റു താമസസൗകര്യങ്ങാം ഉള്ളവർ ദുരുപയോഗപ്പെടുത്തുന്നു.

2. എല്ലാവർക്കും ഭവനം - മുൻഗണനാടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി ഫണ്ടിൻെറ ലഭ്യതയനുസരിച്ച് അനുവദിക്കുക. സ്വന്തമായി ഒരു വിഹിതം ഗുണഭോക്താക്കാം സ്വരൂപിക്കുക.

   മറ്റുപദ്ധതികാംക്ക് ഫണ്ടിൻെറ ലഭ്യതയനുസരിച്ച് മാത്രം നടപ്പിലാക്കുക.

3. സ്ഥാപനങ്ങാം ഇല്ല.

4. ശരിയായവണ്ണം വിനിയോഗിക്കുന്നവരെ കണ്ടെത്തി സഹായം നല്കുക. അല്ലാത്തവ മറ്റു ഏജൻസികളെ കൊണ്ട് പ്രവർത്തനം നടത്തുക. ഫണ്ട് ഏജൻസികാംക്ക് നല്കുക.

5. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഭവനം, തൊഴിൽ സംരംഭങ്ങാം, പ്രാഥമിക സൗകര്യങ്ങാം മെച്ചപ്പെടുത്തൽ എന്നിവ ഒഴിവാക്കാൻ പറ്റാത്ത ഒന്നാണ്. ഗുണഭോക്താക്കളുടെ വിവരം ഉറപ്പാക്കണം.

കോളനികൾ കേന്ദ്രീകരിച്ച് പദ്ധതികൾ നടപ്പിലാക്കണം. മാതൃക കോളനികളായി ഉയർത്തുമ്പോൾ വീട്, റോഡ്, കുടിവെള്ളം, വൈദ്യുതി എന്നീ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താതൻ കഴിയുന്നതാണ്.

*സാദ്ധ്യതകൾ*

1. വൈദ്യുതി

വെള്ളാനിയിൽ പാസ്സായിട്ടുള്ള ട്രാൻസഫോർമർ ഉടനെ സ്ഥാപിക്കുകയാണെങ്കിൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനും, മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി നൽകാനും സാദ്ധ്യത ഏറെയാണ്.

2. കുടിവെള്ളം

പട്ടികജാതി കോളനികളിൽ കുടിവെള്ളമെത്താത്ത സ്ഥലങ്ങൾ ഏറെയുണ്ട്. പൈപ്പുകൾ കൂടുതലായി അനുവദിക്കുകയാണെങ്കിൽ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് സാദ്ധ്യതയുണ്ട്.

3. വ്യവസായം

I. കാർഷിക അനുബന്ധ മേഖലയിൽ ഊന്നികൊണ്ടുള്ള വ്യവസായങ്ങൾ തുടങ്ങുവാൻ പഞ്ചായത്തിൽ ധാരാളം സാദ്ധ്യതയുണ്ട്. ഇതുമൂലം തൊഴിൽ സംരംഭങ്ങവ് വികസിപ്പിക്കാൻ സാധിക്കും.

II. പട്ടികജാതിക്കാർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുവാൻ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് സാദ്ധ്യത ഏറെയാണ്. സർക്കാർ ധനസഹായം നല്കണം.

# വിഭവസമാഹരണം

1. കെട്ടിടനികുതികളുടെ പിരിവ് കൂടുതൽ കർശനമാക്കണം. സന്നദ്ധപ്രവർത്തനങ്ങളിലൂടെ വികസന പ്രവർത്തനങ്ങൾ നടത്തണം. പണത്തിൻെറ രൂപത്തിലല്ലാതെ മനുഷ്യഅദ്ധ്വാനരൂപത്തിൽ കൂടുതൽ വിഭവങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. പഞ്ചായത്ത് കുളങ്ങളിൽ മത്സ്യം വളർത്തി നേട്ടമുണ്ടാക്കാം. നാലാം വാർഡിൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി പിടിച്ചെടുത്ത് പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാവുന്ന പദ്ധതികൾ നടപ്പിൽ വരുത്തുക. വസ്തു കൈമാറ്റ നികുതിയനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 25% സംഖ്യ ഉടനെ അനുവദിക്കണം. റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും മനുഷ്യഅദ്ധ്വാനം ഉപയോഗപ്പെടുത്തണം. വികസന പ്രവർത്തനം നടത്തിയതിൻെറ ഫലമായി ഗുണം ലഭിക്കുന്നവരിൽ നിന്ന് നിശ്ചിതകാലയളവിൽ ഏതെങ്കിലും വിധത്തിലുള്ള നികുതി ഏർപ്പെടുത്തണം, കെട്ടിടനികുതി ശാസ്ത്രീയമായി പുനഃപരിശോധിക്കണം, വിനോദനികുതി കുറ്റമറ്റരീതിയിൽ നടപ്പിൽ വരുത്തണം. കച്ചവടക്കാരിൽ നിന്നും മറ്റു തൊഴിൽ സ്ഥാപനങ്ങവളിൽ നിന്നും പണിയെടുക്കുന്നവരിൽ നിന്നും നികുതി ഈടാക്കണം. കൊപ്രവെട്ടു വ്യവസായത്തിന് ലൈസൻസ് നിർബന്ധമാക്കണം. പരസ്യങ്ങൾക്ക് നികുതി ഏർപ്പെടുത്തണം. വികസന പ്രവർത്തനങ്ങൾക്ക് ചെലവിൻെറ ഇരുപതു ശതമാനം പണമായും സാധനങ്ങളായും സംഭാവനയായി സംഭരിക്കണം. തൊഴിൽ സേന പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ രൂപീകരിക്കണം. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ കുടിൽ വ്യവസായംപോലെ നടത്തി വരുന്ന സ്വർണ്ണവ്യാപാരത്തിന് പഞ്ചായത്ത് തലത്തിൽ ലൈസൻസ് ഏർപ്പെടുത്തി നികുതി ഈടാക്കണം. ഇത്പോലെ ഫർണ്ണീച്ചർ വ്യവസായം നടത്തുന്നതും ലൈസൻസ് ഏർപ്പെടുത്തണം.

1. പഞ്ചായത്തിലെ കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങളും ഓരോ കൊല്ലവും പിരിഞ്ഞുകിട്ടിയ തുകയും.

| ആകെവീടുകളുടെ എണ്ണം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| 5227 | 4699 | 4839 | 4933 | 5007 | 5156 |

2. ലേല വരുമാനം സംബന്ധിച്ചവിവരങ്ങൾ

| ഫലവൃക്ഷങ്ങൾ | മത്സ്യം |
|---|---|
| 550 രൂപ | 13489 രൂപ |

3. ഗ്രാൻറ് വിവരങ്ങൾ

| VRM | M | അടിസ്ഥാന നികുതി | | 75% | SPI Grand | JRY | അൺടൈഡ് | ആകെ |
|---|---|---|---|---|---|---|---|---|
| | | VTC | 25% | | | | | |
| 31242 | 20050 | 127127 | 75000 | 95305 | ഇല്ല | 291347 | 274700 | 914771 |

4. പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | - | 1000 | 1000 |
| ആരോഗ്യം | 139562 | - | 139562 |
| കൃഷി | 648040 | - | 648040 |
| പി. ഡബ്ല്യു. ഡി. | - | - | - |
| ഹരിജന ക്ഷേമം | 525 | - | 525 |
| മറ്റുള്ളവ | ക്ഷീരവികസനം 20165 | - | 20165 |

5. ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ഫീസ് |
|---|---|---|---|---|---|
| 6 | 5 | 146 | - | 153 | 3410 രൂപ |

6. വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 2,60,000 | 2,21,339 | ഇല്ല |
| സർവ്വീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 80,000 | 76,000 | " |
| വാഹന നികുതി | - | - | - |
| വിനോദനികുതി | 20,000 | 7,752 | " |
| അഡീ: വിനോദനികുതി | 10,000 | 4,664 | " |
| പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്ജ് | - | 793 | - |
| ചന്തവരവ് | - | - | - |
| ലാൻറ് സെസ്സ് | - | - | - |
| ലൈസൻസ് ഫീസ് | 5,000 | 3,410 | - |
| കെട്ടിടനികുതി സർചാർജ്ജ് | | | |
| വസ്തുകൈമാറ്റ നികുതി 75% | 7,00,000 | 45,305 | - |
| വസ്തുകൈമാറ്റ നികുതി 25% | 1,00,000 | 75,000 | - |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 19,55,000 | 59,906 | - |
| സംഭാവന | - | - | - |
| ഡെപ്പോസിറ്റ് | 10,000 | 8,575 | |
| മറ്റുള്ളവ | 19,00,721 | 5,28,119 | |
| ആകെ | 50,44,721 | 10,09,285 | പിരിവ് 100 % |

7. ചിലവു സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | തുക |
|---|---|
| ഭരണം | 5,13,304 00 |
| പൊതുമരാമത്ത് | 41,320 00 |
| വിദ്യാഭ്യാസം | 2,260 00 |
| ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | - |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 54,278 00 |
| മറ്റുള്ളവ | 4,20,921 00 |
| ആകെ | 10,32,152 00 |

8. പൊതുസാമ്പത്തിക നില

| | പൊതുകണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 10,08,878 00 | | |
| ചെലവ് | 10,32,152 00 | | |

9. പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| | | | യഥാർത്ഥ ചിലവ് | |
|---|---|---|---|---|
| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | ഗ്രാൻറ് തുക | പഞ്ചയാത്തു ഫണ്ട് | ആകെ |
| റോഡ് | 5,000 രൂപയുടെ പണികൾ | 41,390-00 | ഇല്ല | 41,390-00 |

10. JRY പണി സംബനധിച്ചവിവരങ്ങൾ (ത്ത"ൺ ആക്ഷൻ പ്ലാൻ)

| പണിയുടെ പേര് | ജനറൽ സെക്ടറൽ തുക | SC/ST വിഭാഗം തുക | ആകെ തുക |
|---|---|---|---|
| വീടുകൾ 10 എണ്ണം | | 1,58,000-00 | 1,58,000-00 |
| SNDP റോഡ് പുനരുദ്ധാരണം | 75,000-00 | | |
| പത്തനാപുരം തെക്കേകാവപ്പുര വടക്കേ കാവപ്പുര റോഡ് പുനരുദ്ധാരണം | 1,49,999-00 | | |
| കക്കൂസ് നിർമ്മാണം 35 എണ്ണം | 70,000-00 | | |

11. ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ പേര് | ജനറൽ | | SC/ST | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| വീട് 10 എണ്ണം | - | - | 1,58,000-00 | 1,17,900-00 |
| SNDP റോഡ് പണി | 75,000-00 | 37,500-00 | | |
| പത്തനാപുരം, തെക്കേകാവപ്പുരയും, വടക്കേ കാവപ്പുരയും റോഡ് | 1,49,999-00 | 1,47,938-00 | | |
| കക്കൂസ് 35 എണ്ണം | 70,000-00 | 66,000-00 | - | - |



# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി

**കാറളം ഗ്രാമ പഞ്ചായത്ത്**

- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം

4281



Ebenezer, Thrissur - 12. Ph: 361892, 360